Rev. K. O. Philip.

Registered No. M. 5819 Licence No. 445. 12-7-45.

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX നവംബർ 1956 No. 11.

സുവിശേഷഭാഷിണിയും കുടുംബക്രിയവാദിനിയും

കൂടി ചേർന്ന

സംയുക്ത സഭാമാസിക

അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഗുപ്തമായിരിക്കുന്നു.

കൊലൊ. ൨. ൩.

വരിസംഖ്യ — ആണ്ടിൽ 1 രൂ. 12 ണ. മാത്രം

കാട്ടാമ്പാക്കൽ ഇടവക.

ആഗസ്റ്റ് 19നു നടത്തിയ ഒരു ജാഥായോടുകൂടി കാണവാരവേല ഉൽഘാടനം ചെയ്തു. ഞായറാഴ്ചയും തിങ്കളാഴ്ചയും പ്രത്യേക ക്ഷണമനുസരിച്ചു ഇടവകപ്പട്ടക്കാരനും, മെ. ഒ. സി. മത്തായി, വി. ഒ. മത്തായിസു എന്നിവരും കൂടി കുത്താട്ടുകുളം കേന്ദ്രമാക്കി വേല ചെയ്തു. ചൊവ്വാഴ്ച കടുത്തുരുത്തിയിൽ ഒരു പരസ്യയോഗം നടത്തുകയും തുടർന്നു ഒറിയാംകുന്നു കേന്ദ്രമാക്കി താമസിച്ചുകൊണ്ടു അവിടത്തെ പ്രവർത്തകരും ജനങ്ങളും കൂടിച്ചേർന്നു കടുത്തുരുത്തി, നീഴൂർ, പെരുവ എന്നിവിടങ്ങളിൽ പരസ്യയോഗങ്ങളും വൈകിട്ടതോറും ഒറിയാംകുന്നു പള്ളിയിൽ പ്രത്യേക യോഗങ്ങളും നടത്തുകയും ചെയ്തു. 26നു ഞായറാഴ്ച പള്ളിയാരാധനയ്ക്കുശേഷം ഏകദേശം 250 ആളുകൾ ചേർന്നു കുമ്പസാരക്കാരെ ഘോഷയാത്രയായി പോയി ഒരു പരസ്യയോഗം നടത്തി. വളരെയാളുകൾ ശാന്തമായി നിന്നു വചനം കേട്ടുകൊണ്ടിരുന്നു. പിറ്റേ ചൊവ്വാഴ്ച മോനിപ്പള്ളിയിലും, ഞായറാഴ്ച ഉഴവൂരും യോഗങ്ങൾ നടത്തുകയുണ്ടായി. വചനം കേൾക്കുന്നതിൽ ആളുകൾക്കു താല്പര്യം വർദ്ധിച്ചതായി കണ്ടതു വളരെ സന്തോഷകരമത്രെ.

ഒ. സി. മത്തായി.

അടുക്കം യൂത്തുലീഗ്.

ആഗസ്റ്റ് 20നു സഭാപ്രവർത്തകൻ മി. പി. സി. കുര്യനും മേലുകാവു ഡിസ്ട്രിക്ട് സുവിശേഷകൻ മി. പി. എം. മത്തായിയും ഉൾപ്പെട്ട ഒരു ചെറുസംഘം പുള്ളിക്കാനം വഴി തുണ്ടിപ്പാറ എത്തി താമസിച്ചു. പിറ്റേ ദിവസം തോണിത്തടിയിലും, റവ. പി. ഒ. വറുഗീസു അവർകളോടു ചേർന്നു ഉപ്പുതറയിലും പരസ്യയോഗങ്ങൾ നടത്തിയതിനുശേഷം അയ്യപ്പൻകോവിലിൽ എത്തി കൂട്ടായ്മയോഗവും നടത്തി. അവിടത്തെ പള്ളിക്കു ഒരു ചെറിയ സംഭാവന നല്കി. പിറ്റേ ദിവസം അയ്യപ്പൻകോവിലിലും, ചപ്പാത്തിലും, ഏലപ്പാറയും വേല ചെയ്തു. അടുത്ത ദിവസം മുണ്ടക്കയം വഴി കാഞ്ഞിരപ്പള്ളിയിൽ എത്തി വമ്പിച്ച ഒരു പൊതുയോഗം നടത്തി. പിന്നീടു റവീകോയി തോട്ടത്തിൽ വന്നു ഒരു കൂട്ടായ്മയോഗം നടത്തിയിട്ടു, രാത്രിയിൽ തന്നെ മടങ്ങിയെത്തി. യാത്രയിൽ ചില ഭവനങ്ങളും സന്ദർശിക്കയും വളരെ ലഘുലേഖകളും, പുസ്തകങ്ങളും വിതരണം ചെയ്കയും ചെയ്തു.

Collections for Patpara Mission

		ക.	ണ.	പ.		ക.	ണ.	പ.
ഏപ്രിൽ 1956					ശ്രീ എം. ജെ. തോമസ്, മുരുപ്പേൽ, നല്ലാനിക്കുന്നു	5	0	0
ശ്രീ എൻ. വി. ഐസക്കു, ഫെയർഫീൽഡ്	10	0	0	,, ജെ. വി. ജോജ്ജ്, ബീഹാർ	10	0	0
,, എം. പി. തോമസ് ആനിക്കാട	7	0	0	വൈ. എം. സി. എ. മേലുകാവു	50	0	0
,, വി. കെ. വറുഗീസ് പോസ്റ്റ് ഓഫീസ് കോട്ടയം	5	0	0	ഡിസ്ട്രിക്ട് യൂത്തുകോൺഫ്രൻസ് മേലുകാവു	4	11	6
ശ്രീമതി സാറാതോമസ്, കല്ലുപാലം, കോട്ടയം	5	0	0	**മെയ്**			
,, എൽ. എം. വറുഗീസ്, ബോംബെ	10	0	0	ശ്രീമതി എൽ. എം. വറുഗീസ്, ബോംബെ	10	0	0
,, സൂസമ്മ സി. ജോൺ, നല്ലാനിക്കുന്നു	5	0	0	ശ്രീ ജെ. വി. ജോജ്ജ്, ബീഹാർ	10	0	0
				ഗേൾസ് ഗിൽഡ്, മുണ്ടിയപ്പള്ളി	10	0	0
				കുത്താട്ടുകുളം	10	0	0
				നെടുങ്ങാടപ്പള്ളി	9	7	0

(തുടരും)

C. M. S. P.—373—2300—7-11-1956.

PRINTED AND PUBLISHED BY C. M. ITTY, AT THE C. M. S. PRESS KOTTAYAM

THE TREASURY OF KNOWLEDGE
ജ്ഞാനനിക്ഷേപം

Vol. LIX | NOVEMBER 1956 | No. 11

BISHOP'S LETTER
ബിഷോപ്പുതിരുമനസ്സിലെ കത്ത്

കർത്താവിൽ വാത്സല്യമുള്ളോരേ,

ഇൻഡൊനേഷ്യയിലെ യോഗങ്ങളിൽ സംബന്ധിച്ചശേഷം ഞാൻ ഒക്ടോബർ 4നു മദ്രാസിൽ എത്തുകയും 6നു ഇവിടെ വരികയും ചെയ്തു. ഇൻഡൊനേഷ്യ, കാലാവസ്ഥയിലും ഭക്ഷണപദാർത്ഥങ്ങളിലും മിക്കവാറും നമ്മുടെ രാജ്യത്തെപ്പോലെ തന്നെയാണ്. തെങ്ങു, വാഴ, മാവു, റബർ, തേയില, കാപ്പി മുതലായവ ആ നാട്ടിൽ വളരെ സുലഭമായിട്ടുണ്ട്. ഭൂരിപക്ഷം ആളുകളും മഹമ്മദീയരാണ്. ഡച്ചുകാരാണ് അവിടെ ക്രൈസ്തവസഭ ആദ്യം സ്ഥാപിച്ചതു്. സഭ സജീവമായി പുരോഗമിച്ചുവരുന്നു. ഇക്കിണേഷ്യ സഭയുടെ പാപ്പുവാ മിഷ്യനു പകരമായി ഒരു പുതിയ വയൽ ഇൻഡൊനേഷ്യയിൽ ആരംഭിക്കുന്നതിനുള്ള സാദ്ധ്യത അവിടത്തെ മിഷ്യനറി കൌൺസിലിന്റെ ആലോചനയ്ക്കു വിഷ്കരിച്ചിട്ടുണ്ട്. കഴിഞ്ഞ വാരത്തിൽ നടന്ന കൌൺസിൽ യോഗത്തിൽ പ്രസ്തുത വിഷയം ചർച്ചചെയ്തിരിക്കുണം. അതുസംബന്ധിച്ചു സെക്രട്ടറിയുടെ അനൌദ്യോഗികമായ ഒരു കത്തു ഞാൻ കൊണ്ടുവന്നു സിനഡു മിഷ്യൻ ബോർഡു ഭാരവാഹികളെ ഏല്പിച്ചിട്ടുണ്ട്.

ഒക്ടോബർ 10—13 വരെയുള്ള തിയ്യതികളിൽ പട്ടക്കാരുടെ ധ്യാനയോഗം ബൂക്കാനാൻ പാഠശാലക്കെട്ടിടങ്ങളിൽ വച്ചു നടത്തപ്പെട്ടു. വെല്ലൂർ ഇൻറർമീഡിയറു കോളജിലെ ഒരു പ്രൊഫസ്സർ റവ. ഡോക്ടർ ബ്ലയിസ്സ് ലീവായി ആയിരുന്നു പ്രധാന ലീഡർ. അദ്ദേഹത്തിന്റെ പ്രസംഗം വളരെ പ്രയോഗികമായിരുന്നതിനാൽ സംബന്ധിച്ചവർക്ക് എല്ലാവർക്കും അനുഗ്രഹകരമായിരുന്നു. പാഠശാലാധികൃതർ നല്കിയ എല്ലാ സൌകര്യങ്ങൾക്കും സഹകരണത്തിനും വേണ്ടി നന്ദിപറഞ്ഞുകൊള്ളുന്നു.

ജോലിയിൽനിന്നു വിരമിച്ചിരുന്ന റവ. ററി. പി. ഡേവിഡു അച്ചൻ ഒക്ടോബർ 13നു ശനിയാഴ്ച ഉച്ചയോടുകൂടെ ആലപ്പുഴയുള്ള തന്റെ മകളുടെ വിട്ടിൽവച്ചു പെട്ടെന്നു നിര്യാതനായി. അദ്ദേഹം കുറെ നാളുകളായി ഹൃദ്രോഗം പിടിപെട്ടിരിക്കയായിരുന്നു. എങ്കിലും ആലപ്പുഴ താമസിച്ചിരുന്ന രണ്ടാഴ്ചയോളം പള്ളിശുശ്രൂഷയിൽ സഹായിച്ചും വീട്ടുസന്ദർശനങ്ങൾ നടത്തിയും സുവിശേഷവേല ചെയ്തുപോന്നു എന്നുള്ളതു പ്രസ്താവ്യമത്രെ. ഡേവിഡു അച്ചൻ ആദ്യം അദ്ധ്യാപകനായും പിന്നീടു ബാലശുശ്രൂഷാസംഘത്തിലെ ഉത്സാഹമേറിയ ഒരു പ്രവർത്തകനായും ഇരുന്നശേഷമാണ് മുശ്രൂഷാസ്ഥാനത്തേക്കു വിളിക്കപ്പെട്ടതു്. 1923-ലാണ് മിയാക്കോൻ പദം സ്വീകരിച്ചതു. 1954-ൽ ജോലിയിൽനിന്നു വിരമിച്ചു. മരിക്കുമ്പോൾ തനിക്കു 71 വയസ്സു കഴിഞ്ഞിരുന്നു. താഴ്മയോടും തീക്ഷ്ണതയോടും ജീവിക്കയും പ്രവർത്തിക്കയും ചെയ്ത ഒരു ഇടവകപ്പട്ടക്കാരനും സുവിശേഷകനും ഒരു പ്രാർത്ഥനാമനുഷ്യനും ബൈബിൾ പഠിതാക്കാരനും ആയിരുന്ന അദ്ദേഹത്തിന്റെ വേർപാടിങ്കൽ ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളോടുള്ള നിർവ്യാജസഹതാപത്തെ രേഖപ്പെടുത്തിക്കൊള്ളുന്നു.

കേരളസംസ്ഥാനം ഉടലെടുക്കുന്നതു നവംബർ മാസം ഒന്നാം തിയ്യതി ആണല്ലൊ. അന്നേ ദിവസം ഉപയോഗിപ്പാനുള്ള പ്രത്യേക ശുശ്രൂഷകളും പ്രാർത്ഥനകളും എല്ലായിടവക കൾക്കും അയച്ചിട്ടുണ്ട്. പുതിയ ഗവണ്മെന്റിനു അധികാരം വഹിക്കുന്ന മറ്റു എല്ലാവർക്കും നിസ്വാർത്ഥ സേവനത്തിനു ആവശ്യമായിരിക്കുന്ന വിവേകവും കൃപയും ലഭിക്കുന്നതിനു നമുക്കു എന്നും പ്രാർത്ഥിക്കാം.

പേർഷ്യൻ ഗൾഫിനടുത്തുള്ള കുവൈറ്റ് എന്ന സ്ഥലത്തു നമ്മുടെ നാട്ടുകാരും സഭക്കാരുമായി ഒട്ടുവളരെ ആളുകളുണ്ട്. അവരുടെ ക്ഷണം പ്രമാണിച്ചാണ് രണ്ടുമൂന്നു വർഷങ്ങൾക്കു മുമ്പു എം. എം. ജോണച്ചൻ ആ പ്രദേശങ്ങൾ സന്ദർശിച്ചതു്. നവംബർ 16നു അവിടെ പുതുതായി പണികഴിപ്പിച്ചിട്ടുള്ള ഒരു പള്ളി പ്രതിഷ്ഠിക്കുന്നുണ്ട്. അതു സംബന്ധിച്ചു ഞാനും കൂടെ ചെല്ലുന്നതിനു എനിക്കു ക്ഷണം വന്നിട്ടുണ്ട്. കമ്പനിക്കാർ എന്റെ യാത്രയ്ക്കുള്ള ക്രമീകരണങ്ങൾ ചെയ്യുവാനും. മൈവം അനുവദിക്കുന്നപക്ഷം ഞാൻ പോയി അവിടെയുള്ള നമ്മുടെ ക്രിസ്തീയ ജനങ്ങളെ പ്രോത്സാഹിപ്പിക്കയും സാക്ഷ്യത്തിനായി ക്ഷണിക്കയും ചെയ്യുന്നതു നന്നായിരിക്കും എന്നു കരുതുന്നു. നവംബർ 12നു പോയി 26നു മടങ്ങി എത്തും എന്നാണു വിചാരിക്കുന്നതു. മടങ്ങുന്ന വേളയിൽ രണ്ടുമൂന്നു ദിവസം ബഹറീനിലും ചെലവിടാമെന്നാശയുണ്ട്. ഈ യാത്രയും മൈവമഹത്വത്തിനും സഭയുടെ കെട്ടുപണിക്കുമായേക്കുന്നതിനും ഏവരുടെയും പ്രാർത്ഥന അപേക്ഷിച്ചുകൊള്ളുന്നു.

നവംബർ മാസം 11—18നു വരെയാണു സാർവ്വലോകത്തിലുമുള്ള ക്രൈസ്തവ യുവജനങ്ങളുടെ പ്രാർത്ഥനാവാരം. ആയതിൽ നമ്മുടെ എല്ലായിടവകകളും സംബന്ധിക്കുന്നതു കൊള്ളാം.

എത്യോപ്യൻ ചക്രവർത്തി തിരുമനസ്സുകൊണ്ടു ഇന്ത്യ സന്ദർശിക്കുമ്പോൾ ഈ രാജ്യത്തെയും ക്രിസ്തീയ സഭയുടെ സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനു ഇവിടെയും വരുമല്ലൊ. നവംബർ ഒന്നാം തിയ്യതി തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ചിന്റെ ശതവർഷോത്സവ സ്മാരകമായി പണിവാനിരിക്കുന്ന ഇടവകശാലയുടെ ശിലാസ്ഥാപനകർമ്മം കൂടെ തിരുമനസ്സുകൊണ്ടു നിർവ്വഹിക്കുന്നതാണ്. ക്രൈസ്റ്റ് ചർച്ചു ഇടവക ചില പ്രത്യേക വ്യവസ്ഥകളോടുകൂടെ മക്ഷിണന്യാസഭയോടു ചേരുന്നതിനു അവിടത്തെ ചർച്ചുകമ്മറ്റിയും സിനഡു എക്സിക്യൂട്ടീവും, കല്ലൂട്ടാമെത്രാപ്പോലീത്താ തിരുമേനിയും സമ്മതിച്ചു സ്വീകരിച്ചിരിക്കയാണ്. ഈ പുതിയ പദ്ധതി മൈവമഹത്വത്തിനായിത്തീരേണ്ടതിനു നമുക്കു പ്രാർത്ഥിച്ചുകൊണ്ടിരിക്കാം.

കാട്ടാമ്പാക്കൽ പുതിയതായി പണികഴിപ്പിച്ചിട്ടുള്ള ആസ്പത്രിയുടെ ഉൽഘാടനം വിശുദ്ധ ലൂക്കോസിന്റെ നാളിൽ നിവൃത്തിച്ചു. പതിമൂവായിരത്തിൽ പരം രൂപാ ചെലവാക്കി പണികഴിപ്പിച്ചിട്ടുള്ള മനോഹരമായ ഈ കെട്ടിടം ഡോക്ടർ സി. ജെ. ചാണ്ടിയുടെ സ്തിരോത്സാഹവും വിശ്രമപരിശ്രമങ്ങളും ത്യാഗപരമായ സേവനവും കൊണ്ടു സാധിച്ചിട്ടുള്ളതാകുന്നു. അദ്ദേഹത്തോടുള്ള നന്ദി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. നമ്മുടെ എല്ലാ വേലകളിലും നിർവ്വ്യാജ ഉത്സാഹവും ഹൃദയപൂർവ്വമായ അഭ്യുദയവും ചെയ്യുവാൻ സന്നദ്ധതയുണ്ടാകയാൽ പണത്തിന്റെ പ്രയാസങ്ങൾ നീങ്ങിപ്പോകുമെന്നതിനു രണ്ടുപക്ഷമില്ല.

മൈവമായ കർത്താവിന്റെ അനുഗ്രഹസമൃദ്ധി നിങ്ങൾ ഏല്ലാവരോടുംകൂടെ ഇരിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു എഴുതുന്നു

Kottayam,
23-10-1956.

കർത്താവിൽ നിങ്ങളുടെ വാത്സല്യമുള്ള,
C. K. JACOB,
Bishop.

ബിഷോപ്പുതിരുമനസ്സിലെ പ്രോഗ്രാം

നവംബർ 1. തിരുവനന്തപുരം.
4. പൊൻകുന്നം—മുണ്ടക്കയം.
5. കുട്ടിക്കാനം.
6—7. മീയാക്കോനാരുടെ പരീക്ഷ.
8. വടവാതൂർ.
തിരുവല്ലാ.
10—11. അസോസ്യേയിറ്റ്സ് ധ്യാനയോഗം.
11. കോട്ടയം.
12—25. കപീചറർ സന്ദർശനം.
27. ബോർഡുയോഗങ്ങൾ.
പൈതങ്ങളുടേതു.
28. ധനകാര്യബോർഡു.
മെഡിക്കൽ ടി
29. മിഷ്യൻബോർഡു.
സഭാപ്രവർത്തന ബോർഡു.
30. സ്ത്രീജനങ്ങളുടെ ടി
സോഷ്യൽ ടി
സാഹിത്യ ടി
ഡിസം. 1. വിദ്യാഭ്യാസ ടി
2 തോലശ്ശേരി.
മൂലേടം.
3. തിരുവല്ലാ സി. എൽ. എസ്സ്.
ബില്ലിഗ്രഹാം തുടച്ചു കമ്മറി.
8. ചെറുപുഷ്പധ്യാനയോഗം.
9. എഴുമറ്റൂർ.

പത്രാധിപക്കുറിപ്പു്

കേരളം

ചിരകാലപ്രതീക്ഷിതമായ കേരളത്തിന്റെ ആവിർഭാവം കൈരളീയരെ പുളകം കൊള്ളിച്ച ഒരു സംഭവമായിരുന്നു. കേരളത്തെ സ്വതന്ത്രയാക്കുവാൻ മാത്താണ്ഡവർമ്മ മഹാരാജാവു, വേലുത്തമ്പി ദളവാ മുതലായ രാജ്യതന്ത്രനിപുണന്മാർ നടത്തിയിട്ടുള്ള ശ്രമങ്ങളൊക്കെയും വിഫലങ്ങളായിത്തീർന്നുപോയി. എന്നാൽ തങ്ങളുടെ ഈ സ്വപ്നം ഏതെങ്കിലുമൊരു കാലത്തു സഫലമായിത്തീരുമെന്നു അവർ ചിന്തിച്ചിരിക്കുമോ എന്തോ! എതായാലും ഛിന്നഭിന്നമാക്കപ്പെട്ടുകിടന്നിരുന്ന കേരളത്തെ ഒരു സംസ്ഥാനമാക്കി രൂപാന്തരപ്പെടുത്തുന്നതിനു കേന്ദ്രഗവണ്മെൻറു ചെയ്ത തീരുമാനം പ്രശംസാർഹമത്രെ. കേരളീയരിൽ ഇതിനെ സ്വാഗതം ചെയ്യാത്തവരായി ആരെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല.

എന്നാൽ ഇന്നു നടക്കുന്ന സംയോജനങ്ങളും ഏകീകരണങ്ങളുമൊക്കെ ഏതൊന്നിനെയാണ് സൂചിപ്പിക്കുന്നതെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. അതു പ്രത്യക്ഷത്തിൽ ഭൂപ്രകൃതിയെ നുസരിച്ചു അല്ലെങ്കിൽ ഭാഷയോ, സംസ്കാരമോ അടിസ്ഥാനമാക്കി ചെയ്തിട്ടുള്ള ഒരു സംയോജനമോ പുനഃസംഘടനയോ ആയിത്തോന്നും. എന്നാൽ അതിലും ഉപരിയായ ഒരു ചിന്താഗതി അതിന്റെ പിന്നിലുണ്ട്. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും ഭിന്നിച്ചും മത്സരിച്ചും കിടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്നു ഇതുപോലെയുള്ള സങ്കുചിതമനോഭാവം വെടിഞ്ഞു പരസ്പരബന്ധത്തിലും ഐക്യത്തിലും കഴിഞ്ഞുകൂടുവാനുള്ള ഒരു മനോഭാവം പ്രദർശിപ്പിക്കപ്പെട്ടുകാണുന്നുണ്ട്. ഇതു ഒരു രാജ്യത്തിനുള്ളിൽ മാത്രമല്ല, രാജ്യാന്തരരംഗത്തും ദൃശ്യമായിട്ടുണ്ട്. അടുത്ത കാലംവരെ ഇരുമ്പുമറകളാൽ ആവരണം ചെയ്യപ്പെട്ടിരുന്ന രാജ്യങ്ങളും ഇപ്പോൾ ഇതരരാഷ്ട്രങ്ങളുമായി സമ്പർക്കത്തിലേപ്പെടുകയും പരസ്പരസന്ദർശനങ്ങളാലും മറ്റും ഉറ്റബന്ധത്തിലേപ്പെടുന്നതിനു ശ്രമിക്കയും ചെയ്യുന്നുണ്ട്. ഇങ്ങനെ ഏവിടെയും ഇന്നു വിശാലമായ വീക്ഷണം, ഒരു സാർവ്വലൗകികവീക്ഷണം തന്നെ സ്വീകരിക്കപ്പെട്ടിരിക്കുന്നതായി കാണാം.

ക്രൈസ്തവസഭയിലും ഇതുപോലെയൊരു ചിന്താഗതി കടന്നുകൂടേണ്ടതാണെന്നുള്ളതിൽ രണ്ടു പക്ഷമില്ല. സമാധാനമായോ ഐക്യതയിലോ കഴിഞ്ഞുകൂടണമെന്നുള്ളതിൽ കവിഞ്ഞു രാഷ്ട്രങ്ങൾക്കു ഒരു പ്രേരക ശക്തിയില്ല. എന്നാൽ ദൈവപുത്രനായ യേശുക്രിസ്തുവാണ് സഭയെ ഐക്യത്തിനും സമാധാനത്തിനുമായി വെല്ലുവിളിക്കുന്നതു. സഭകളുടെ ഉള്ളിലും സഭകൾ തമ്മിലുമുള്ള കേസുകളും മത്സരങ്ങളും, ഈ ലക്ഷ്യത്തിൽനിന്നും നമ്മെ പിന്തിരിപ്പിക്കുന്നതാകുന്നു. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവാഹകനെന്നു മാത്രമല്ല മൂർത്തിയായിത്തന്നെ സ്വീകരിച്ചിരിക്കുന്ന ക്രിസ്തുവിന്റെ അനുഗാമികളെ രാഷ്ട്രീയ ഐക്യങ്ങളും സംയോജനങ്ങളും ചിന്തിപ്പിക്കുവാൻ പ്രേരകങ്ങളായിത്തീരുമെന്നു വിശ്വസിക്കുന്നു.

കേരളത്തിന്റെ ആവിർഭാവം ഇപ്രകാരം കേരളീയസഭയെ ഐക്യതയിലേക്കു മാത്രമല്ല വെല്ലുവിളിക്കുന്നതു. ക്രിസ്ത്യാനിയുടെ ലക്ഷ്യം ദൈവരാജ്യസ്ഥാപനമാണ്. യോജിച്ചു നിന്നുകൊണ്ട് ദൈവരാജ്യസ്ഥാപനത്തിനായി യത്നിപ്പാനും ഇതു നമ്മെ പ്രേരിപ്പിക്കേണ്ടതാണ്. കാണ വാർക്കാലത്തും മറ്റും സംയുക്തസുവിശേഷപരിപാടികൾ രൂപീകരിച്ചു പ്രവർത്തനങ്ങൾ നടത്താറുണ്ട്. എന്നാൽ അതുകൊണ്ടുമാത്രം സംതൃപ്തരാകാതെ കൂടുതൽ കൂടുതൽ പ്രവർത്തനസാദ്ധ്യതകൾ കണ്ടുപിടിച്ചു ഇതരസഭകളുമായി ചേർന്നുള്ള സുവിശേഷപ്രവർത്തനങ്ങൾ നമ്മുടെ സാക്ഷ്യത്തിനു ശക്തിയും മാറ്റും കൂട്ടുമെന്നു മാത്രമല്ല അതു സഭൈക്യത്തിനു തന്നെയും വഴിതെളിക്കുന്നതാണ്. സങ്കുചിതമനോഭാവങ്ങൾ വെടിഞ്ഞു ഇടവകകൾ തമ്മിലും, സഭകൾ തമ്മിലും ഇപ്രകാരം യോജിച്ചുനിന്നു, വിശാലവീക്ഷണത്തോടുകൂടെ പ്രവർത്തിക്കുന്നതിനും തമ്മിൽ തമ്മിൽ കരുതുന്നതിനും രാഷ്ട്രീയ സംഭവഗതികൾ സഹായകമായിത്തീരുമെന്നു വിശ്വസിക്കുന്നു.

എത്യോപ്യൻ ചക്രവർത്തിക്കു ഹാർദ്ദമായ സ്വാഗതം

ഇൻഡ്യയുമായി വളരെയധികം സുഹൃൽബന്ധം പുലർത്തിപ്പോരുന്ന എത്യോപ്യാ രാജ്യത്തിന്റെ ചക്രവർത്തി വിഖ്യാതനായ ഹെയിലിസെലാസി ഒന്നാമൻ തിരുമനസ്സുകൊണ്ടു കേരളം സന്ദർശിക്കുന്ന ഈ സന്ദർഭത്തിൽ "ജ്ഞാനനിക്ഷേപം" തിരുമനസ്സിലേക്കു വിനീതവും ഹൃദയപൂർവവുമായ സ്വാഗതം നൽകിക്കൊള്ളുന്നു.

പ്രാചീനവും ശ്രേഷ്ഠവുമായ ഒരു പാരമ്പര്യമാണു തിരുമനസ്സിലെ കുടുംബത്തിനുള്ളതു. ക്രിസ്തുവിനു 1000 വർഷങ്ങൾക്കു മുൻപു യെരുശലേമിൽ രാജ്യഭാരം നിർവഹിച്ച ജ്ഞാനിയായ ശലോമോന്റെയും ശേബയിലെ രാജ്ഞിയായ മെക്കഡാ (Mekada) യുടെയും വംശത്തോടു ബന്ധപ്പെട്ടതാണു തിരുമനസ്സിലെ കുടുംബം. 1930-ലാണു ഹെയിലിസെലാസി ഒന്നാമൻ

കിരീടാവകാശിയായി "യൂദാഗോത്രത്തിലെ വിജയിക്കുന്ന സിംഹം" (Conquering Lion of the tribe of Judah) എന്ന സ്ഥാനപ്പേരോടുകൂടെ കിരീടധാരണം ചെയ്യപ്പെട്ടതു്. ബാല്യത്തിൽ തന്നെ വിദ്യാഭ്യസം നിർവഹിച്ചതിനു ശേഷം 14-ാമത്തെ വയസ്സിൽ എത്യോപ്യയിലെ ഒരു പ്രവിശ്യയുടെ ഗവണ്മെന്റായും 16-ാമത്തെ വയസ്സിൽ സിഡാമോ എന്ന മറ്റൊരു പ്രവിശ്യയുടെ ഗവണ്മെന്റായും നിയമിക്കപ്പെട്ടു. എട്ടുവർഷം കഴിഞ്ഞതിനു ശേഷം അന്നത്തെ ചക്രവർത്തിനിക്കു പകരം റീജൻറായും അനന്തരം ചക്രവർത്തിയുമായിത്തീർന്ന ഹെയിലിസെലാസി തിരുമനസ്സുകൊണ്ടു് അന്യാദൃശ്യമായ ഭരണചാടവം പ്രദർശിപ്പിക്കുകയും നിരവധി പരിഷ്കാരങ്ങൾ രാജ്യത്തിൽ ഏർപ്പെടുത്തുകയും പൊതുജനക്ഷേമൈശ്വര്യങ്ങൾക്കാവശ്യമായ പല പദ്ധതികൾ നടപ്പിൽ വരുത്തുകയും ചെയ്തു. രാജ്യത്തു അടിമ വ്യാപാരം നിർത്തലാക്കുകയും, രാജ്യത്തിനു ഒരു ഭരണഘടന ഉണ്ടാക്കുകയും, മന്ത്രിസഭ ഏർപ്പെടുത്തി അധികാരം ജനങ്ങളിലേക്കു പകർന്നു കൊടുക്കുകയും, വിദ്യാഭ്യാസപരമായി നിരവധി സ്ഥാപനകൾ ഉണ്ടാക്കുകയും ചെയ്തതു ഇവയിൽ ചിലതു മാത്രമാണു്. ഇൻഡ്യാസന്ദർശനം തന്റെ ചിരാഭിലാക്ഷമായിരുന്നെന്നും, ഈ ഉപഭൂഖണ്ഡത്തെപ്പറ്റിയുള്ള വിവരങ്ങൾ നേരിട്ടു മനസ്സിലാക്കി ഇൻഡ്യൻ നേതാക്കന്മാരുമായി സമ്പർക്കത്തിലേർപ്പെടുകയെന്നതു വളരെ കാലമായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന വസ്തുതയാണെന്നും, ഇൻഡ്യാ സന്ദർശിക്കാനിടയായതിൽ ചാരിതാർത്ഥ്യം ഉണ്ടെന്നും, തിരുമനസ്സിലെ ഈ സന്ദർശനം ഇൻഡ്യയും എത്യോപ്യയും തമ്മിലുള്ള ധാരണയും സഹകരണവും പൂർവ്വാധികം ദൃഢതരമായിത്തീരുമെന്നു വിശ്വസിക്കുന്നുവെന്നും തിരുമനസ്സുകൊണ്ടു ബോംബയിൽ കാൽകുത്തിയ സമയത്തുതന്നെ പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു.

ദൈവഭക്തനായ ഈ ക്രിസ്തീയചക്രവർത്തിയുടെ സംഭവബഹുലമായ പരിപാടിയിൽ തിരുവിതാംകൂറിലെ ക്രൈസ്തവസഭയ്ക്കു അഭിമാനപൂർവ്വം സ്മരിക്കത്തക്ക ചില ചടങ്ങുകൾ അടേഹം നിർവ്വഹിക്കുന്നുണ്ടു്. കോതമംഗലം സന്ദർശിച്ചു മാർ അത്തനേഷ്യസ് കോളജ് ഉൽഘാടനം ചെയ്യുന്നതും, പഴയ സെമ്മനാരിയിൽവച്ചു ഓർത്തഡോക്സ് സഭയുടെ മംഗളപത്രം സ്വീകരിക്കുന്നതും, കോട്ടയം വലിയപള്ളി സന്ദർശിക്കുന്നതും, പേപ്പാട്ടു മാർ ദീവന്നാസ്യോസു തിരുമനസ്സിലെ ചരമശതവാർഷിക ജൂബിലി ഉൽഘാടനം ചെയ്യുന്നതും, തിരുവനന്തപുരത്തു ക്രൈസ്റ്റ് ചർച്ചു സെൻറിനറി ഫാളിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുന്നതും ഇവയിൽ പ്രധാനപ്പെട്ടവയാണു്. തിരുമനസ്സിലെ സന്ദർശനം കേരളത്തിലെ ക്രിസ്തീയസഭയ്ക്കു ഒരുമയ്ക്കും ഐക്യവും നല്കുന്നതിനു നിദാനമായിത്തീരട്ടെയെന്നു ആശംസിച്ചുകൊള്ളുന്നു.

ബിഷോപ്പുതിരുമനസ്സിലെ സേവനകാലാവധി നീട്ടിക്കൊടുത്തിരിക്കുന്നു

നമ്മുടെ ബിഷോപ്പുതിരുമനസ്സിലെ സേവനകാലാവധി നീട്ടി കൊടുത്തതു സംബന്ധിച്ചു ദക്ഷിണേന്ത്യാ സഭ സിനഡ് സെക്രട്ടറി നമ്മുടെ ഡയോസിസൻ കൌൺസിൽ സെക്രട്ടറി റവ. സി. ഐ. ഏബ്രഹാം അച്ചനു താഴെക്കൊടുത്തിരിക്കുന്ന കത്തു അയച്ചുകൊടുത്തിരിക്കുന്നു.

Sir,

Please inform the Executive Committee of your Diocesan Council and later the Diocesan Council, that under Rule 12 Chapter IV of the Constitution of the C. S. I., the Executive Committee of the Synod has extended the age of retirement of the Bishop of your Diocese by two years. The question of

further extension will be taken up by the Executive Committee of the Synod in 1958.

Yours sincerely,
RAJAIAH D. PAUL,
Hon. Gen. Secretary.

To

Rev. C. I. ABRAHAM,
Secretary,
Diocesan Council,
Central Travancore.

തജ്ജിമ

സർ,

സി. എസ്സ്. ഐ. ഭരണഘടന 4–ാം അദ്ധ്യായം 12–ാം നിയമമനുസരിച്ചു നിങ്ങളുടെ മഹായിടവകയുടെ ബിഷോപ്പിന്റെ വിരമപ്രായം രണ്ടു വർഷത്തേക്കു കൂടെ സിനഡ് എക്സിക്യൂട്ടീവു് കമ്മിറ്റി നീട്ടിക്കൊടുത്തിരിക്കുന്ന വിവരം നിങ്ങളുടെ ഡയോസിസൻ കൌൺസിലിന്റെ എക്സിക്യൂട്ടീവു് കമ്മിറ്റിയെയും പിന്നാലെ ഡയോസിസൻ കൌൺസിലിനെയും ദയവായി അറിയിക്കുക. പിന്നെയും സേവനകാലം നീട്ടിക്കൊടുക്കുന്ന കാര്യം 1958–ൽ സിനഡ് എക്സിക്യൂട്ടീവു കമ്മിറ്റി പര്യാലോചിക്കുന്നതാണ്.

എന്നു

രാജയ്യ ഡി. പോൾ,
സിനഡ് സെക്രട്ടറി.

To

റവ. സി. ഐ. ഏബ്രഹാം,
സെക്രട്ടറി,
ഡയോസിസൻ കൌൺസിൽ,
മദ്ധ്യതിരുവിതാംകൂർ.

ഭക്തിനേന്ത്യാസഭയുടെ ആരാധനാക്രമം

(Rev. V. T. KURIAN, *U. T. College, Bangalore*)

II

പുതിയ ആരാധനാക്രമം ആവശ്യമോ?

കഴിഞ്ഞ ലക്കത്തിൽ ഭക്തിനേന്ത്യാ സഭയുടെ ഒരു ആരാധനാക്രമം 1960—1961 നകം പ്രസിദ്ധപ്പെടുത്തുന്നതിനു സാധിച്ചേക്കുമെന്നു പ്രതീക്ഷിക്കുന്നതായി എഴുതിയിരുന്നല്ലോ. ഒരു

പുതിയ പ്രാർത്ഥനാക്രമത്തിനു എന്താണു ആവശ്യം? എന്നു പക്ഷെ മക്കിണേന്ത്യാസഭാംഗങ്ങളിൽ പലരും ചോദിച്ചെന്നുവരാം. അതുകൊണ്ടു ഈ ചോദ്യത്തിനു സമഗ്രമായി മറുപടി പറയണമെന്നാണു ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നതു്.

മക്കിണേന്ത്യാ സഭയിലുള്ള പല മഹായിടവകകൾക്കും ആരാധന നടത്തുന്നതിനു ഒരു പുതിയ ക്രമം ആവശ്യം തന്നെയാണു്. മക്കിണേന്ത്യാ സഭ ഉടലെടുത്തതു വിവിധ ആരാധനാപാരമ്പര്യങ്ങളിലുള്ളവർ ഐക്യചേതി അംഗീകരിച്ചു ഒരു സഭയായി ജീവിക്കുന്നതിനു നിശ്ചയിച്ചതുകൊണ്ടാകുന്നു. മലയാളതിരുവിതാംകൂർ, മക്കിണിതിരുവിതാംകൂർ മുതലായ ചില മഹായിടവകകളിൽ ഒരു പാരമ്പര്യത്തിൽപെട്ട അംഗങ്ങളും പട്ടക്കാരുമേയുള്ളു എന്നുവരാം. ഇതുപോലെയുള്ള മഹായിടവകകളിൽ പുതിയ പ്രാർത്ഥനാക്രമത്തിന്റെ ആവശ്യം ആകെ തന്നെ ബോദ്ധ്യപ്പെട്ടില്ലെന്നോ അല്ല, ചുരുക്കം ചിലർക്കുമാത്രമേ ബോദ്ധ്യപ്പെട്ടുള്ളുവെന്നോ വരാവുന്നതാണു. എന്നാൽ ഇതരമഹായിടവകകളുടെ സ്ഥിതി അതല്ല. ഉദാഹരണമായി മൈസൂർ മഹായിടവകയിൽ മുമ്പു ആഗ്ലിക്കൻ, മെത്തഡിസ്റ്റ്, കോൺഗ്രിഗേഷനൽ എന്നീ മൂന്നു സഭാവിഭാഗങ്ങളുടെ ക്രമം അനുസരിച്ചു ആരാധിച്ചവരുണ്ടു. മദ്രാസിൽ മുൻപറഞ്ഞ മൂന്നു പാരമ്പര്യങ്ങളിലുള്ളവരെക്കൂടാതെ പ്രെസ്ബിറ്റീരിയൻക്രമം ഉപയോഗിച്ചവരും ഉണ്ടു. ഇപ്രകാരമുള്ള മഹായിടവകകളിൽ പട്ടക്കാരും അത്മനിഷ്ഠതിനിധികളും അദ്ധ്യാത്മികവും ഭരണപരവും ആയ ആലോചനകൾക്കു കൂട്ടുമ്പോൾ ഒരുമിച്ചു വിശുദ്ധ സാസക്രം അനുഷ്ഠിക്കുന്നതിനും ആരാധിക്കുന്നതിനും പൊതു അംഗീകാരം ലഭിച്ചിട്ടുള്ള ഒരു പ്രാർത്ഥനാക്രമം ആവശ്യമാണെന്നു അവർക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടു. നിലവിലിരിക്കുന്ന ക്രമങ്ങൾ അശേഷം ഉപയോഗിക്കാൻ പാടില്ലെന്നു പറയുന്നില്ല. ഓരോ പ്രാവശ്യം ഓരോരുത്തരുടെ ക്രമം ഉപയോഗിച്ചു കൂടയൊ എന്നും ചോദിക്കാം. എന്നാൽ ഒരു പൊതുക്രമം ഉള്ള പക്ഷം അതു മക്കിണേന്ത്യയിൽ സാധിച്ചിട്ടുള്ള സഭൈക്യത്തിന്റെ ഒരു ബാഹ്യമായ അടയാളവും ആ ഐക്യത ദൃഢീകരിക്കുന്നതിനുള്ള ഒരു മുഖാന്തിരവുമായി ഭവിക്കും. പൊതു കൂട്ടങ്ങൾ ഉള്ള സ്ഥലങ്ങളിൽ എല്ലാവർക്കുംകൂടെ ഉപയോഗിക്കാവുന്ന ഒരു ക്രമത്തിനുള്ള അപേക്ഷ സാധാരണ അഭ്യർത്ഥനകളിൽ നിന്നാണു ഉണ്ടാകുന്നതു. അവരുടെ ഈ ആഗ്രഹം നിശ്ചയമായും ശരിയുമാണു്.

പൊതു ആരാധനാക്രമം അത്യാവശ്യമായി തോന്നുന്ന വേറൊരു സംഗതി ഉണ്ടു്. സി. എസ്സ്. ഐയിൽ അഞ്ചു ഭാഷക്കാർ ഉൾപ്പെട്ടിട്ടുണ്ടു. തെലുങ്കു, തമിഴ്, മലയാളം, കന്നഡം, ഇംഗ്ലീഷ്. ചില പട്ടണസഭകളിൽ ഈ ഭാഷക്കാരായ മക്കിണേന്ത്യാസഭാംഗങ്ങൾ ഒരുമിച്ചുവരുന്ന സന്ദർഭങ്ങൾ ഉണ്ടു. ചുരുക്കം ചില സഭകളിൽ രണ്ടോ അധികമോ ഭാഷ ഉപയോഗിക്കുന്ന അംഗങ്ങൾ ഉണ്ടു. അവർ ഒരുമിച്ചു ആരാധിക്കുന്നതിനു ഒരു ആരാധനാക്രമം ഉണ്ടെങ്കിൽ എത്രപ്പുമാണു. എന്റെ ചുമതലയിലുള്ള ഹിന്ദുസ്ഥാൻ എയർഫാക്ടറി ഇടവകയിൽ മലയാളം, തമിഴം, കന്നഡകവും സംസാരിക്കുന്നവർ ഉണ്ടു. ഓരോ ഭാഷക്കാർക്കും പ്രത്യേകം പ്രത്യേകം ആരാധന ക്രമീകരിക്കുന്നതുകൊണ്ടു അംഗങ്ങൾ അവിടെ ഇല്ല. അവിടെയുള്ള സി. എസ്സ്. ഐ. അംഗങ്ങൾ ഒരുമിച്ചു ആരാധിക്കുന്നതു പൊതുവിലുള്ള ഒരു ക്രമം ഉള്ളതുകൊണ്ടും, മൂന്നു ഭാഷകളിലും പൊതുവെയുള്ള പാട്ടുകൾ ഉള്ളതുകൊണ്ടുമാണു. ആരാധന തമിഴിലോ, മലയാളത്തിലോ, കന്നഡകത്തിലൊ നടത്തിയാലും അതിൽ സംബന്ധിക്കുന്നവരുടെ കൈവശം സ്വന്തം ഭാഷയിലുള്ള പ്രാർത്ഥനാക്രമങ്ങൾ ഉള്ളതുകൊണ്ടു വലിയ പ്രയാസംകൂടാതെ അവർ ആരാധിക്കുന്നു. പല മഹായിടവകകളിലും, പല പട്ടണ ഇടവകകളിലും ഒരു പുതിയ ആരാധനാക്രമം അവശ്യം ആവശ്യമാണെന്നുള്ള ബോധം ഉണ്ടു. മക്കിണേന്ത്യാസഭയുടെ സൂനഹദോസുകളിലും ഭരണസമിതികളിലും സംബന്ധിക്കുന്നവർ ഇതിന്റെ ആവശ്യം വളരെ മുമ്പു തന്നെ മനസ്സിലാകിയതിന്റെ ഫലമായിട്ടാണു "കർത്താവിന്റെ അത്താഴത്തിന്റെ ഒരു ക്രമം" തയ്യാർ ചെയ്യുവാൻ പ്രസിദ്ധീകരിച്ചതും.

രണ്ടാമതു, ലക്ഷിണ ഇന്ത്യയിൽ ഉണ്ടായിട്ടുള്ള സഭാഐക്യത ബലപ്പെടുത്തുന്നതിനും പുലർത്തിക്കൊണ്ടുപോകുന്നതിനും ഒരു പൊതു ആരാധനക്രമം സഹായിക്കും. മനുഷ്യരെ തമ്മിൽ ആത്മികമായ കൂട്ടായ്മയിൽ ബന്ധിക്കുന്നതിനും ആ കൂട്ടായ്മയിൽ തന്നെ സൂക്ഷിക്കുന്നതിനും ആരാധനക്രമങ്ങൾക്കുള്ള സ്വാധീനം ഒന്നുവേറെ തന്നെയാണു. ആംഗ്ലേയസഭയുടെ ഐക്യമായുള്ള നിലയ്ക്കു ഒരു പ്രധാന ഘടകമായിരിക്കുന്നതു അതിന്റെ പ്രാർത്ഥനക്രമമാണു. ഇതരസഭകളെ സംബന്ധിച്ചു അതു പരമാർത്ഥമാണു. ലക്ഷിണ ഇന്ത്യയിലെ സഭാംഗങ്ങൾ ധാരാളമായി സ്വന്ത സ്ഥലങ്ങൾ വിട്ടു മറ്റു സ്ഥലങ്ങളിലേക്കു പോകാറുണ്ടു. അങ്ങനെ സ്ഥലം മാറുന്നവർ പുതുതായി ചെന്നു ചേരുന്ന സ്ഥലത്തും സി. എസ്സ്. ഐ. സഭകൾ ഏതു എന്നു തിരക്കും. അവിടത്തെ ആരാധനാക്രമങ്ങളും സമ്പ്രദായങ്ങളും അവർ വരുന്നവന്ന സഭകളിൽ നിന്നു വളരെ ഭിന്നമായിട്ടുള്ളതാണെങ്കിൽ അവിടത്തെ ആരാധനയിൽ പ്രാരംഭത്തിൽതന്നെ ഒരു വെറുപ്പു തോന്നും. പഴയതിനോടുള്ള പ്രതിപത്തിമൂലമോ പുതിയതിനോടുള്ള വിരക്തിമൂലമോ ആയിട്ടുള്ള വിരക്തിയിൽനിന്നുമാണു ഈ വെറുപ്പുണ്ടാകുന്നതു. അതു ശരിയായിട്ടുള്ളതല്ല എന്നു വാദിക്കുന്നവർ ഉണ്ടാകാം. എന്നാൽ ഇതിൽ അന്തർവിലസിക്കുന്ന യാഥാർത്ഥ്യം മുഴുവൻ മനസ്സിലാക്കാത്തവർ ആലോചനാശീലർ മാത്രമാണു. അധികപങ്കു ആളുകൾക്കും അവർ ചെറുപ്പത്തിൽ പരിചയിച്ചിട്ടുള്ള ആരാധനയിൽ നിന്നു വ്യത്യാസപ്പെട്ട ഒരു ക്രമത്തിൽ സന്തോഷത്തോടെ സംബന്ധിക്കുന്നതിനു മിനിമം ഒരു തലമുറയുടെ സ്ഥിരപരിശ്രമം ആവശ്യമാണു. അങ്ങനെ പരിശ്രമിക്കുന്നതിനുള്ള പ്രേരകശക്തി പുതിയ സ്ഥലത്തു ചെല്ലുന്ന ഒരാളിൽ ഇല്ലാതെ പോയാൽ ലക്ഷിണേന്ത്യാസഭയിലെ അംഗമായിരിക്കുന്നതിൽ വലിയ ഉത്സാഹം കാണിച്ചില്ലെന്നുവരാം. അതുകൊണ്ടു ലക്ഷിണേന്ത്യാസഭയിൽ ഉണ്ടായിരിക്കുന്ന ഐക്യത പുലർത്തുന്നതിനും വളർത്തുന്നതിനും ഒരു ആരാധനാക്രമം സഹായിക്കുന്നതാണ്.

ഒരു പുതിയ ആരാധനാക്രമം ഉണ്ടാക്കുന്നതിനു മൂന്നാമതായി ഒരു കാരണംകൂടെ പറയാം. ഇപ്പോൾ നാം ലക്ഷിണേന്ത്യയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രാർത്ഥനാക്രമങ്ങൾ എല്ലാംതന്നെ പാശ്ചാത്യക്രമങ്ങളുടെ തർജ്ജിമകളാണ്. മദ്ധ്യതിരുവിതാംകൂർമഹായിടവകയിൽ ഉപയോഗിക്കുന്നക്രമം ആംഗ്ലേയസഭയുടെ പ്രാർത്ഥനാക്രമത്തിന്റെ പരിഭാഷയാണ്. അതുപോലെതന്നെ മെത്തഡിസ്റ്റ്, പ്രെസ്ബിറ്റീരിയൻ ബാസൽമിഷ്യൻ മുതലായ ക്രമങ്ങളും ഓരോരോ സ്ഥലങ്ങളിൽ തർജ്ജിമ ചെയ്തു ഉപയോഗിച്ചു വരുന്നു. പരിഭാഷപ്പെടുത്തിയ ക്രമങ്ങൾ പ്രാർത്ഥനയ്ക്കു ഉപയുക്തമല്ലെന്നോ അവയെക്കുറിച്ചു നാം ലജ്ജിക്കേണമെന്നോ അഭിപ്രായപ്പെടുന്നില്ല. ഭാരതത്തിലെ ഏറ്റവും പുരാതന സഭകൾക്കു തർജ്ജിമ ചെയ്ത ക്രമങ്ങളാണു ഉള്ളതു്. അവർ സുറിയാനിയിൽനിന്നു പ്രാർത്ഥനാക്രമം തർജ്ജിമ ചെയ്തു. സി. എസ്സ്. ഐയിൽ ഉപയോഗിക്കുന്നക്രമങ്ങൾ ഇംഗ്ലീഷിൽനിന്നു വിവർത്തനം ചെയ്യപ്പെട്ടവയാണ്. ലക്ഷിണേന്ത്യയിലുള്ള സഭകളെ സംബന്ധിച്ചിടത്തോളം സുറിയാനിക്രമവും ഇംഗ്ലിഷ്ക്രമവും പാശ്ചാത്യക്രമങ്ങൾതന്നെ വിദേശക്രമങ്ങൾതന്നെ. സുവിശേഷവുമായി മിഷ്യനറിമാർ ഇന്ത്യയിൽ പ്രവേശിച്ചു സഭകൾ സ്ഥാപിച്ചപ്പോൾ അവക്കു പരിചയമുണ്ടായിരുന്ന പ്രാർത്ഥനാക്രമങ്ങളും രീതികളും നടപ്പിൽ വരുത്തിയെങ്കിൽ അതിശയിപ്പാനോ പരിഭവിപ്പാനോ യാതൊരു ആവശ്യവുമില്ല. അന്നു അതു മാത്രമേ അവക്കു സാദ്ധ്യമായിരുന്നുള്ളൂ. (19-ാം നൂറ്റാണ്ടിലും അതിനുശേഷവും ലക്ഷിണേന്ത്യയിലെ എല്ലാഭാഷകളിലും സുവിശേഷം സ്വീകരിച്ചവർ അനേകം ഗീതങ്ങൾ രചിച്ചിട്ടുണ്ടെന്നും അവയ്ക്കു ലക്ഷിണേന്ത്യസഭയിലെ ആരാധനയിൽ നല്ലസ്ഥാനമുണ്ടെന്നുള്ളതും വിസ്മരിക്കാവുന്നതല്ല).

സഭ അതിന്റെ ശൈശവാവസ്ഥയിലായിരുന്നപ്പോൾ വിദേശർ രചിച്ചതായ പ്രാർത്ഥനക്രമങ്ങൾ പരിഭാഷപ്പെടുത്തി ഉപയോഗിച്ചു. എന്നാൽ ലക്ഷിണേന്ത്യയിൽ സഭ വേരുറച്ചതിന്റെശേഷവും പരിഭാഷപ്പെടുത്തിയ ഈ ക്രമങ്ങൾ മാത്രമേ ഉപയോഗിക്കാവു എന്നു വിചാരിക്കയോ നിർബന്ധിക്കയോ ചെയ്യുന്നെങ്കിൽ അപ്രകാരം ചെയ്യുന്നതു ആരാധനയെക്കു

റിച്ചുള്ള പരിജ്ഞാനക്കുറവുകൊണ്ടാണെന്നു വിചാരിച്ചാൽ മതിയാവും. മക്ഷിണേന്ത്യയിലെ സഭയ്ക്കു യേശുക്രിസ്തുവിൽകൂടെ ദൈവത്തെക്കുറിച്ചു ലഭിച്ചിട്ടുള്ള അനുഭവത്തിനും അറിവിനും അനുസരണമായി ദൈവത്തെ ആരാധിക്കുന്നതിനു ചുമതലയും പദവിയുമുണ്ട്. പുതിയ സ്തുതികളും സ്തോത്രങ്ങളും ഗാനങ്ങളും കീർത്തനങ്ങളും പ്രാർത്ഥനകളും യാചനകളും ആരാധനാസമ്പ്രദായങ്ങളും സഭയിൽ ഉണ്ടാകുന്നില്ലെങ്കിൽ സഭ നിർജ്ജീവാവസ്ഥയിലേക്കു പോകുന്നുവെന്നു വിചാരിച്ചാൽ മതി. അഥവാ സഭ അതിന്റെ ആത്മികവും മാനസികവുമായ പരാശ്രയത്തിൽനിന്നു വിമുക്തമാക്കപ്പെട്ടിട്ടില്ല എന്നു വിചാരിക്കാം. കുപ്പിയിൽനിന്നു പാൽ കുടിച്ചിട്ടുള്ള ശിശു കുട്ടിപ്രായമായതിന്റെശേഷവും കുപ്പി ഉപേക്ഷിക്കാതിരിക്കുന്നതുപോലെയോ ഉരുളു ഊട്ടിപരിചയിക്കപ്പെട്ട കുട്ടികൾ എട്ടുപത്തു വയസ്സായതിന്റെ ശേഷവുംതന്നെത്താൻ വാരി ഉണ്ണുന്നതിനു വിസമ്മതിക്കുന്നതുപോലെയോ ഉള്ള ഒരു അനുഭവമാണ്, പാശ്ചാത്യപരിഷ്കാരങ്ങളോടുള്ള അനേകരുടെ മനോഭാവം.

ലീഷ്മനാളുകൾ ഒരു പ്രാർത്ഥനാക്രമം ഉപയോഗിച്ചാൽ അതിനേടു ഒരു പ്രത്യേക താല്പര്യവും അതു വിട്ടുകളയുന്നതിനു പ്രയാസവും ഉണ്ടാകും—അതു സഹജമായിട്ടുള്ളതാണ്. എന്നാൽ ചെറുപ്പത്തിൽ പഠിച്ചിട്ടുള്ള പ്രാർത്ഥനകൾ അല്ലാതെ പുതുതായിട്ടുള്ളവ ഉപയോഗിക്കുന്നതിനോ പ്രാർത്ഥിക്കുന്നതിനോ പ്രാപ്തിയില്ലാതെപോയാൽ വ്യക്തികളായും സഭയായും നാം വളരുന്നില്ല എന്നുമനസ്സിലാക്കേണ്ടതാണ്.

അതുകൊണ്ടു മക്ഷിണേന്ത്യയിലെ സഭ അതിന്റെ പുതിയ സാഹചര്യത്തിനും അനുഭവത്തിനും അനുസരണമായി ദൈവത്തെ ആരാധിക്കുന്നതിനുള്ള രീതികളും വാക്കുകളും കണ്ടുപിടിക്കാൻ യത്നിക്കുന്നതു അവശ്യവും യുക്തവുമാണ്. സഭയിൽ ഈ ബോധം ശക്തിപ്പെട്ടതിയാൽ സഭയ്ക്കു അതിന്റെ സ്വന്തമായി അതിന്റെ സാഹചര്യത്തിനും സംസ്കാരപാരമ്പര്യത്തിനും അനുയോജ്യമായ ആരാധനാക്രമം ക്രമേണയെങ്കിലും രൂപീകരിക്കുവാൻ സാധിക്കുന്നതാകുന്നു. അതു മക്ഷിണേന്ത്യാ സഭയുടെ ആത്മീയ ജീവന്റെ ഒരു പ്രമാണവും അതിനെപുഷ്ടിപ്പെടുത്തുന്നതിനുള്ള ഒരു ഉപാധിയുമായിരിക്കും.

സണ്ടെസ്ക്കൂൾ കത്തു്

പ്രിയ സ്നേഹിതരെ,

സെപ്തംബർ മാസത്തിൽ ഓർഗനൈസിംഗ് സെക്രട്ടറി റാന്നി, കറിക്കാട്ടൂർ, നല്ലാനിക്കുന്നു, കോട്ടകുഴഞ്ഞി എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു അദ്ധ്യാപകയോഗങ്ങളും മാതാപിതാക്കൾക്കും കുട്ടികൾക്കുമായുള്ള യോഗങ്ങളും നടത്തി. ജനറൽ സെക്രട്ടറി കുന്നിഡ്റൽ ഇടവകയിലും, വെളുത്തുരുത്തി ഇടവകയിലും ഉള്ള സണ്ടെസ്ക്കൂൾ അദ്ധ്യാപകർക്കായി പ്രത്യേക യോഗങ്ങൾ നടത്തുകയും ചെയ്തു. ഒക്ടോബർ മാസത്തിൽ ഓർഗനൈസിംഗ് സെക്രട്ടറി പുന്നയ്ക്കാട്, കുഴിക്കാല, കണ്ണിക്കഴി, ഏനാത്തു എന്നീ ഇടവകകൾ സന്ദർശിച്ചു. ഒക്ടോബറിൽ ജനറൽ സെക്രട്ടറി കുഴിശ്ശേ, നെടുങ്ങാടപ്പള്ളി മുതലായ ഇടവകകളിൽ അദ്ധ്യാപകർക്കായി പ്രത്യേക സമ്മേളനങ്ങൾ നടത്തി. മേല്പറഞ്ഞ സ്ഥലങ്ങളിലെല്ലാം അദ്ധ്യാപകരുടെ ഹാജർ തൃപ്തികരമായിരുന്നു. കഴിഞ്ഞ വളരെ വർഷങ്ങളായി ഇപ്രകാരം സമ്മേളനങ്ങൾ നടത്താതെയിരിക്കുന്ന പല ഇടവകകൾ ഉണ്ടു്. അതിനുള്ള ചെലവു വഹിക്കുന്നതിനുള്ള പ്രയാസംകൊണ്ടായിരിക്കാം അവ നടത്താതിരിക്കുന്നതു്. സഭയുടെ ഒരു പ്രധാന ചുമതല നിർവ്വഹിക്കുന്നതിൽ സ്വാധ്യേയായി സേവനം അനുഷ്ഠിക്കുന്ന സണ്ടെസ്ക്കൂൾ അദ്ധ്യാപകർക്കുവേണ്ടി ആണ്ടിൽ ഒരിക്കൽ ഒരു ചെറിയ ചെലവു ചെയ്യുന്നതു ഒരിക്കലും നഷ്ടമല്ല എന്നു കരുതി ഇടവകക്കമ്മറ്റികൾ എല്ലാ സ്ഥലങ്ങളിലും അദ്ധ്യാപകർക്കായി പ്രത്യേക യോഗങ്ങൾ നടത്തണമെന്നു അഭ്യർത്ഥിക്കുന്നു.

കാർഗനൈസിംഗ് സെക്രട്ടറിയുടെ സന്ദർശനറിപ്പോർട്ടിൽനിന്നും ഈയാണ്ടത്തെ പാഠപുസ്തകങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ലാത്ത സ്ഥലങ്ങൾ ഉണ്ടെന്നും മനസ്സിലാകുന്നതിനാൽ അതു വീണ്ടും എഴുതുന്നു.

ശിശുവകുപ്പു—ശിശുവകുപ്പു പുസ്തകം
ബാലവകുപ്പു—ഒന്നാം വർഷം
കുമാരവകുപ്പു—മൂന്നാം വർഷം
മദ്ധ്യവകുപ്പു—മൂന്നാം വർഷം

ജേക്കുവകുപ്പു—'യേശുവിന്റെ ഉപമകൾ' എന്ന പുസ്തകം

ഇവയെല്ലാം ഡയോസിസൻ ഡിപ്പോയിൽനിന്നും വാങ്ങിക്കുവുന്നതാണ്.

സണ്ടെസ്ക്കൂൾ കുട്ടികളെ സുവിശേഷവേലയിൽ താല്പര്യമുള്ളവരാക്കിത്തീർക്കുന്നതിനും ഒരു ഇടവകക്കാർ സ്വീകരിച്ച ഒരു പദ്ധതി അനുകരണീയം ആണ്. അതു അനുമതിയോടുകൂടെ ഇടവകയുടനിൽനിന്നും താഴെ ഉദ്ധരിക്കുന്നു. "ഓരോവസാന ഞായറാഴ്ച (മാസവാരം) എല്ലാ സ്ക്കൂളിലെയും കുട്ടികൾ ചേർന്നു ഇടവകസ്ക്കൂൾ മുതൽ കല്ലുമട സ്ക്കൂൾ വരെ വെള്ളക്കൊടികളും വേലവാക്യങ്ങൾ എഴുതിയ ബോർഡുകളും പിടിച്ചു, പാട്ടുപാടിയും വാക്യങ്ങൾ വിളിച്ചുപറഞ്ഞും ലഘുലേഖകൾ വിതരണം ചെയ്തും ഒരു ക്രമയാത്രയായി പോയതു സന്തോഷപ്രദമായിരുന്നു." അയ്യനം ഭാഗത്തുള്ള സ്നേഹസമ്പന്നാഗങ്ങൾ ഈ കുട്ടികൾക്കു ലഘുഭക്ഷണം കൊടുക്കുന്നതിനു പ്രകാശിപ്പിച്ച സന്മനസ്സും അഭിനന്ദനാർഹമാണ്. ഇപ്രകാരം എല്ലാ സ്ഥലങ്ങളിലും സുവിശേഷഞായറാഴ്ചകളിൽ ചെയ്യുന്നതു വളരെ പ്രയോജനകരമായിരിക്കും.

അഖിലലോക സണ്ടെസ്ക്കൂൾ മിനാഷോക്കുകൾ ഈ കത്തു കിട്ടുന്നതിനകം എല്ലാ സ്ഥലങ്ങളിലും നടത്തുകാണുമെന്നു വിശ്വസിക്കുന്നു. അന്നത്തെ സ്നോത്രകാഴ്ചയും, പെരുന്നാൾ മിനപ്പിരിവ് ഇതുവരെ അടച്ചിട്ടില്ലാത്തവർ അതും കഴിയുന്നതും വേഗത്തിൽ ഡയോസിസൻ ആഫീസിൽ അയച്ചുകൊടുക്കുണമെന്നു അഭ്യർത്ഥിക്കുന്നു.

എന്നു

പള്ളം,
16-10-'56.

സി. റ്റി. മാത്യു,
ജനറൽ സെക്രട്ടറി.

C. T. D. Choristers' Association

ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ 1956 ഡിസംബർ മാസം 29നു ശനിയാഴ്ച 3 മണിക്കു തിരുവല്ലാ തോലശ്ശേരി പള്ളിയിൽവച്ചു, രണ്ടാമത്തെ സംഗീതമഹോത്സവം നടക്കുന്നതാണ്. സംഘടനയിൽ ചേരാത്തുള്ള ഗായകസംഘങ്ങൾക്കും പ്രസ്തുത മഹോത്സവത്തിൽ സംബന്ധിക്കുവുന്നതാണ്. സംഗീതപരിപാടിയിൽ പങ്കുകൊള്ളണമെന്നുള്ള ഗായകസംഘങ്ങൾ അവർ പാടുന്നതിനു ഉദ്ദേശിക്കുന്ന പാട്ടുകൾ ഇന്നതെന്നു 1956 ഡിസംബർ ഒന്നാം തീയതിക്കു മുൻപായി സെക്രട്ടറിയെ അറിയിച്ചിരിക്കേണ്ടതാണ്. അല്ലാത്തവക്കും ശ്രോതാക്കളായി സംബന്ധിക്കാവുന്നതാണ്.

നമ്മുടെ മഹായിടവകയിലുള്ള എല്ലാ ഗായകസംഘങ്ങളെയും പ്രസ്തുത മഹോത്സവത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

Kaniamkulam,
Chungom,
Kottayam.

MANI K. MANI,
General Secretary.

വാർത്തകളും കുറിപ്പുകളും

ബിഷപ്പുതിരുമേനി എഴുതുന്നു: "അടുത്ത അവസരത്തിൽ ഒരു മാന്യൻ പേരും സ്ഥലവും മറ്റും വെളിപ്പെടുത്താതെ അഞ്ഞൂറു രൂപാ നമ്മുടെ പാവറ പാവമിക്കുന്നിന്റെ ഉപയോഗത്തിലേക്കു മടയായി അയച്ചുതന്നതു നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. 'ശക്തനായവൻ എനിക്കു വൻകാര്യങ്ങളെ ചെയ്തിരിക്കുന്നു' എന്നുംകൂടെ മാതാവു പഴുതിയിരിക്കുന്നു."

പട്ടക്കാർക്കായുള്ള ധ്യാനയോഗം. ഈ വർഷത്തെ ധ്യാനയോഗം പള്ളം ബൈബിൾ ഇൻസ്റ്റിറ്റ്യൂഷനിൽവച്ചു ഒക്ടോ. 10 മുതൽ 13വരെയുള്ള തിയ്യതികളിൽ നടന്നിരിക്കുന്നു. ബിഷപ്പു തിരുമേനിയെ കൂടാതെ റവ. ഡോ. ബ്ലിസ്സ് ലെവായിയുടെ പ്രസംഗങ്ങളും ഉണ്ടായിരുന്നു.

പ്രത്യേക ദിവസങ്ങൾ. നവംബർ 18നു സുവിശേഷഞായറാഴ്ചയായും ഡിസംബർ 9നു ഞായറാഴ്ച വേദപുസ്തകസമൂഹദിനമായും കൊണ്ടാടുന്നതിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസങ്ങളാണ്.

റെയിൽവെ ഉൽഘാടനം

കൊല്ലം—എറണാകുളം റെയിൽവേയിൽ എറണാകുളം മുതൽ കോട്ടയം വരെ പണിതീർന്ന ലൈനിന്റെ ഉൽഘാടനം എറണാകുളം സൗത്തു റെയിൽവേസ്റ്റേഷന്റെ പുരോഭാഗത്തു കമനിയമായി കെട്ടി അലങ്കരിച്ച വിശാലമായ പന്തലിൽവച്ചു കേന്ദ്രറെയിൽവേമന്ത്രി ശ്രീ ലാൽ ബഹദൂർ ശാസ്ത്രി ഒക്ടോബർമാസം 17നു 3മണിക്കു നിർവ്വഹിച്ചിരിക്കുന്നു. ദക്ഷിണറെയിൽവേ മാനേജർ ശ്രീ. റ്റി. എ. ജോസഫ് സ്വാഗതപ്രസംഗം ചെയ്തു. ഉൽഘാടനപ്രസംഗത്തിനുശേഷം മന്ത്രി ഒരു ബട്ടൻ അമർത്തിയപ്പോൾ സ്റ്റേജ്നിൽനിന്നു തീവണ്ടി സാവധാനത്തിൽ വടക്കോട്ടു നീങ്ങിയ കാഴ്ച കാണികളെ കുതൂഹലരാക്കി. അനന്തരം മന്ത്രിയെയും പ്രശസ്താതിഥികളെയും വഹിച്ചുകൊണ്ടു കോട്ടയത്തേക്കു പുറപ്പെട്ട വണ്ടിക്കു എല്ലാ സ്റ്റേഷനുകളിലും വച്ചു ഗംഭീരമായ സ്വീകരണങ്ങൾ നല്കി പുതുതായി ലഭിച്ച യാത്രാസൌകര്യത്തിൽ ജനങ്ങൾക്കുള്ള സന്തോഷം പ്രകടമാക്കി. മുൻമുഖ്യമന്ത്രി ശ്രീ ഏ. ജെ. ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കോട്ടയം നിവാസികളുടെ അഭിനന്ദനങ്ങൾ അറിയിച്ചു. കോട്ടയം സ്റ്റേഷനുൾപ്പെടെ പരിസരങ്ങളിലുമായി ഒന്നരലക്ഷം ജനങ്ങൾകൂടിക്കാണുമെന്നാണു മതിപ്പ്.

ഈയവസരത്തിൽ കൊല്ലം എറണാകുളം റെയിൽവേയെപ്പറ്റിയുള്ള ചില സ്ഥിതിവിവരങ്ങൾ അറിയുന്നതു നന്നായിരിക്കുമല്ലോ. 100മൈൽ നീളമുള്ള ഒരു ലൈനാണിതു്. 1952 ഡിസംബർ മാസം 24നു ഇന്ത്യയുടെ പ്രധാനമന്ത്രി പണ്ഡിറ്റു ജവഹർലാൽ നെഹ്റുവാണു എറണാകുളത്തുവച്ചു പണികാരംഭം ഇട്ടതു്. ഇതിന്റെ പണിക്കു 6കോടി രൂപയാണു ചെലവുകെട്ടിശിക്കുന്നതു്. എറണാകുളത്തുനിന്നു കോട്ടയത്തേക്കുള്ള മുപ്പത്തിഏഴേകാൽ മൈലിന്റെ പണിയാണു തീർന്നിരിക്കുന്നതു്. ഇനിയും കോട്ടയം—മാവേലിക്കര, മാവേലിക്കര—കൊല്ലം എന്നീ രണ്ടു ഘട്ടങ്ങളുടെ പണിതീരാനുണ്ടു. ഈ പണി 1957 ജൂൺമാസത്തിൽ തീരണമെന്നാണുദ്ദേശിച്ചിരുന്നതെങ്കിലും 1957 ഒക്ടോബർമാസത്തിൽ തീരുമെന്നാണു് ഇപ്പോഴത്തെ ഉദ്ദേശ്യം. എറണാകുളം—കോട്ടയം ലൈനിന്റെ പണികളെല്ലാംതന്നെ വളരെ മുമ്പു തീർന്നതാണെങ്കിലും ഉരുക്കു സാധനങ്ങൾ കിട്ടുന്നതിനുണ്ടായ താമസംകൊണ്ടാണു ഉൽഘാടനം ഇതുവരെ താമസിച്ചതു്. എന്നാൽ കോട്ടയം മുതൽ കൊല്ലംവരെയുള്ള ലൈനിനു ആവശ്യമായ ഉരുക്കു സാധനങ്ങൾ ലഭിച്ചു കഴിഞ്ഞിട്ടുള്ളതിനാൽ പ്രതീക്ഷാനുസരണം പണി പൂർത്തിയാക്കാൻ സാധിക്കുമെന്നാണു ജനറൽ മാനേജർ പ്രസ്താവിച്ചതു്. ഇപ്പോൾ രാവിലെ

യും വൈകിട്ടും ഓരോ തീവണ്ടി മാത്രം ഏറണാകുളത്തുനിന്നു കോട്ടയത്തേക്കും കോട്ടയത്തുനിന്നു ഏറണാകുളത്തേക്കും ഓടുന്നതു യാത്രക്കാർക്കു അസൌകര്യപ്രദമാണെങ്കിലും ഒരു പുതിയ ലൈനിൽ വണ്ടി ഓടുമ്പോൾ സ്വാഭാവികമായി ഉണ്ടാകാവുന്ന അററകുറപ്പണികൾ ഉടനടൻ ചെയ്യു, നിർബാധം യാത്ര ചെയ്യുന്നതിനു അങ്ങനെ സമയനിഷ്കർഷ ചെയ്യേണ്ടതു ആവശ്യമാണ്. വിളംബംവിനാ—ഒരു ആറുമാസക്കാലത്തിനകം—മററു പ്രധാന തീവണ്ടികളുമായി സംയോജനം (Connection) കിട്ടത്തക്കവണ്ണം സമയം നിഷ്കർഷിക്കുന്നതാണ്. ഇതരലൈനുകളെ അപേക്ഷിച്ചു വിവിധങ്ങളായ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സ്റേഷനുകളാണു ഈ ലൈനിൽ പണിതിട്ടുള്ളതെന്ന കാര്യവും സന്തോഷാവഹമാണ്.

കേരളത്തിൽ പുതിയ റെയിൽവേ ലൈനുകളുടെ ആവശ്യമുണ്ടെന്നും തൃശൂർ—കൊല്ലങ്കോട്, തലശ്ശേരി—മൈസൂർ, ഏറണാകുളം—ബോഡിനായ്ക്കനൂർ, ആലപ്പുഴ മാവേലിക്കര വഴി ഏറണാകുളം—പുനലൂർ എന്നീ ലൈനുകൾ തങ്ങൾ ചിന്തയിൽ വരുന്നെന്നും റെയിൽവേ മന്ത്രി പ്രസ്താവിക്കയുണ്ടായി. ഇവയിൽ തൃശൂർ—കൊല്ലങ്കോട് ലൈൻ സർവ്വേ ചെയ്തു കഴിഞ്ഞു. തലശ്ശേരി—മൈസൂർ ലൈൻ ഈ സാമ്പത്തിക വർഷത്തിൽ സർവ്വേ ചെയ്യുന്നതിനു നിർദ്ദേശം നല്കുന്നതാണ്.

ഈ റെയിൽവേകളെല്ലാം നമ്മുടെ സംസ്ഥാനത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു സഹായിക്കുമെന്നുള്ളതിനു സംശയമില്ല. ലഭിക്കുന്ന അനുഗ്രഹങ്ങൾക്കുവേണ്ടി ജീവിപ്പാനുള്ള കൃപയും നമ്മുടെ രാജ്യവാസികൾക്കുണ്ടാകട്ടെ.

ഏകാങ്കിപുരം ഗ്രാമം

സി. എസ്സ്. ഐ. മലയാളി യൂത്തുലീഗിന്റെ ആഭിമുഖ്യത്തിൽ ഏകാങ്കിപുരം ഗ്രാമത്തിൽ നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങളേപ്പററി ഈ മാസികയിൽ കൂടി പലരും അറിഞ്ഞിരിക്കുമല്ലോ. ദൈവകൃപയാൽ അവിടത്തെ പ്രവർത്തനം ഇതുവരെയും മുടങ്ങാതിനു സാധിച്ചിട്ടുണ്ട്. മദ്രാസിൽ വച്ചു നടന്ന സിനഡ് മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി വന്ന റൈറ്റ് റവ. സി. കെ. ജെയിക്കബ് തിരുമേനി സെപ്തംബർ 16-ാം ഞായറാഴ്ച ഈ ഗ്രാമം സന്ദർശിക്കുകയും അവിടത്തെ ക്രിസ്തീയതരായ കുട്ടികളുടെ ഇടയിൽ നടക്കുന്ന സണ്ടേസ്കൂളിൽ പങ്കെടുക്കുകയും ചെയ്തു. ബിഷപ്പ് തിരുമേനിയും കൂടെ വന്നിരുന്ന റിട്ടയർഡ് ജഡ്ജി മി. ഏ. ചെറിയാനും കുട്ടികളോടു സംസാരിച്ചു. രണ്ടു വർഷം മുമ്പു ഈ ഗ്രാമം സന്ദർശിച്ച വേളയിൽ ബിഷപ്പ് പറഞ്ഞ കഥ 'മാധവൻ' എന്ന കുട്ടി ഓർമ്മിച്ചു പാഞ്ഞതു എല്ലാവരെയും അതിശയപ്പെടുത്തി. ഏററം ഉത്സാഹത്തോടുകൂടി 100-ൽ പരം കുട്ടികൾ സണ്ടേസ്കൂളിൽ ക്രമമായി ഹാജരാകുകയും വിവിധ മേഖലകളിൽ ക്രിസ്തീയ പാട്ടുകൾ ശരിയായി പാടുകയും വാക്യങ്ങൾ പഠിച്ചു ചൊല്ലുകയും വേദകഥകൾ ശ്രദ്ധയോടുകൂടി പഠിക്കുകയും ചെയ്യുന്നതിൽ അവരെ തിരുമേനി അനുമോദിച്ചു. ക്ലാസ്സിനു ശേഷം പാവപ്പെട്ടവർക്കായി തുണികൾ വിതരണം ചെയ്തു. 300-ൽ പരം ആളുകൾക്കു ചീസും, പാലും, കൊടുക്കുകയുണ്ടായി. ഇവിടെ നടത്തിവരുന്ന ഈ പ്രയോജനകരമായ പ്രവർത്തനത്തിൽ ബിഷപ്പ് തിരുമേനിയും, മി. ചെറിയാനും വളരെ സന്തോഷം പ്രകടിപ്പിക്കുകയും ദേവാഹികളെ അനുമോദിക്കയും ചെയ്തു. തിരുമേനിയുടെയും മറും സന്ദർശനം ഗ്രാമവാസികൾക്കു ഏററവും സന്തോഷകരവും യൂത്തുലീഗ് പ്രവർത്തകർക്കു പ്രോത്സാഹജനകവും ആയിരുന്നു.

K. J. ABRAHAM,
Secretary.

---

24 മണിക്കൂർ പ്രാർത്ഥനാ ദിനാചരണം

1956 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 24 മണിക്കൂർ വീതം ഓരോ സ്ഥലങ്ങളിൽ തുടർന്നു നടത്തിവരുന്ന അഖിലേന്ത്യാ പ്രാർത്ഥനാ പ്രസ്ഥാനത്തോടനുബന്ധിച്ചു ഒക്ടോബർ 7-ാം ഞായറാഴ്ച വൈകിട്ട 6 മണി മുതൽ 8-ാം തിങ്കളാഴ്ച വൈകിട്ട 6 മണി വരെ, സ്ഥലത്തെ ഐക്യ ക്രിസ്ത്യൻ കുട്ടായ്മയിൽ പെട്ടവരായ മാർത്തോമ്മാ, സി. എസ്. ഐ., രക്ഷാസൈന്യം എന്നീ സഭാ

ഗങ്ങൾ ചേർന്ന് മാവേലിക്കര ക്രൈസ്റ്റ്റ്റ് ചർച്ച് ദേവാലയത്തിൽ വച്ചു ഒരു പ്രാർത്ഥനാദിനം ആചരിക്കയുണ്ടായി. ശരാശരി 100 പേർ പങ്കെടുത്തതിൽ 15 പേരോളം ആദിയോടന്തം ഉപവാസപൂർവ്വം സംബന്ധിച്ചുവെന്നുള്ളതു പ്രസ്താവ്യമാണ്. ഇതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തതു സിസ്റ്റർ ഈഡിത്തു മേരമ്മ, മിസ്സസ്സ് സാറാമ്മ തോമസിനോടുകൂടെ കൃത്യസമയത്തു തന്നെ വരികയും അവർ രണ്ടു പേരും ഉപവസിച്ചു പ്രാർത്ഥനയിൽ സഹകരിക്കയും ചെയ്തു.

മണിക്കൂർ തോറും ഓരോരുത്തർ മാറി മാറി പ്രാർത്ഥന നയിച്ചതിനാൽ ആർക്കും ക്ഷീണം തോന്നിയില്ല. തങ്ങൾ നയിക്കുവാനുള്ള വിഷയങ്ങളെ ഉൾക്കൊള്ളിച്ചുള്ള പ്രബോധനങ്ങളോടെയാണ് മണിക്കൂർ തോറും പ്രാർത്ഥന ആരംഭിച്ചതു. ക്രൈസ്റ്റ്റ്റ് ചർച്ച് ഇടവക വികാരിയും കോട്ടൂകുഞ്ഞി ഇടവക വികാരി റവ. പി. ഇ. മത്തായി, തഴക്കര മാത്തൂമ്മാപ്പള്ളി അസി. വികാരി, സിസ്റ്റർ ഈഡിത്തു, മിസ്സസ്സ് എം. കെ. തോമസ്, സ്ഥലത്തെ രക്ഷാസൈന്യ ഉദ്യോഗസ്ഥൻ, ശ്രീമതി അച്ചാമ്മ കരിപ്പുഴ, മി. കെ. ജി. തോമസുപദേശി എന്നിവരും സ്ഥലത്തെ മറ്റു പല മന്ത്രിമാരും മഹതികളും ഈവിധത്തിൽ നേതൃത്വം വഹിച്ചു. സമാപന മണിക്കൂറിൽ ദൈവനടത്തിപ്പുകൾക്കായും പ്രാർത്ഥനകൾ ദൈവം കേട്ടുവന്നുള്ള വിശ്വാസത്തിലും സ്തോത്രം ചെയ്യുശേഷം ഇതു മൂലമുണ്ടായ പ്രബോധനങ്ങൾ മറ്റു കൃപകൾ എന്നിവയെക്കുറിച്ചു ചിലരുടെ അനുഭവസാക്ഷി പ്രസ്താവിക്കപ്പെട്ടു. മാസത്തിലൊരിക്കലെങ്കിലും ഈദൃശ പ്രാർത്ഥനാകൂട്ടങ്ങൾ ഒരു രാത്രിമാത്രമെങ്കിലും നടത്തേണ്ടതിനു നിശ്ചയിച്ചുകൊണ്ടു സ്തോത്രഗീതം പാടി കർത്തൃപ്രാർത്ഥനയും ആശീർവ്വാദവും കഴിഞ്ഞു പ്രസ്ഥാനത്തിൽനിന്നു വിരമിച്ചു.

Rev. T. I. I.

മിസ്സസ്സ് പി. പി. ജോണിന്റെ നിര്യാണം

ഒരു സുവിശേഷ പ്രാസംഗികനും മഹായിടവക സ്റ്റാന്റിങ്ങുകമ്മറ്റി അംഗവുമായ ശ്രീ മാങ്ങാനം പി. പി. ജോണിന്റെ ഭാര്യ ശ്രീമതി സി. ജെ. സാറാമ്മ സെപ്തംബർ 25-ാം തീയതി രാവിലെ മാങ്ങാനത്തുള്ള സ്വഭവനത്തിൽവച്ചു 27-ാമത്തെ വയസ്സിൽ നിത്യ സ്വസ്ഥതയിൽ പ്രവേശിച്ചു. ഏതാനും മാസങ്ങളായി രോഗശയ്യാവലംബയായി കഴിഞ്ഞുകൂടിയിരുന്ന സാറാമ്മ പുറത്തു നിന്നവർ ചേർന്നു പാടിക്കൊണ്ടിരിക്കുമ്പോൾ പ്രത്യാശയോടുകൂടിയാണ് നിദ്ര പ്രാപിച്ചതു്. സുവിശേഷവേലയിൽ പങ്കെടുത്തിട്ടുള്ളവരും ഒരദ്ധ്യാപികയും തന്റെ ഭർത്താവിനെ സുവിശേഷവേലയിൽ വിശ്വസ്തതയോടെ തന്നാലാവോളം സഹായിച്ചിട്ടുള്ളവരും ഉത്തമ വിശ്വാസിനിയും ആയിരുന്ന പരേതമാതൃകയ്ക്കു ഒരു മാതൃകായോഗ്യയായിരുന്നു. ശവസംസ്കാരകർമ്മം അന്നേദിവസം 5 മണിക്കു റവ. കെ. എം. ഡേവിഡിന്റെ പ്രധാന കർമ്മികത്വത്തിലും നാനാ ജാതിമതസ്ഥരായ ഒരു വലിയ ജനതതിയുടെ സാന്നിദ്ധ്യത്തിലും മാങ്ങാനം സി. എസ്സ്. ഐ. സെമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു. പരേതയ്ക്കു രണ്ടര വയസ്സു പ്രായമുള്ള ഒരു ആൺകുട്ടിയാണുള്ളതു്.

പി. കെ. പുന്നൻ.

ഔഷധങ്ങളും അവയുടെ ഉചിതമായ ഉപയോഗവും നമ്പർ 4.
ആൻറിസെപ്റ്റിക്സ്

(ഡോ. ക്ലെയർ തോംസൺ)

ഇന്ത്യൻക്രിസ്ത്യൻ മെഡിക്കൽ അസോസ്സിയേഷൻ പ്രിവൻറീവു മെഡിസിൻ കമ്മിറ്റി പ്രസിദ്ധപ്പെടുത്തുന്നതു്.

കഴിഞ്ഞ മൂന്നു ലേഖനങ്ങളിലും വിചിന്തനം ചെയ്തു രോഗാണുക്കൾ മൂലമുണ്ടാകുന്ന ചില രോഗങ്ങളെപ്പറ്റിയാണു. ഇപ്പോൾ ചിന്തിക്കുന്നതു അണുക്കൾ മുറിവിൽ പ്രവേശിക്കുന്നതുമൂലമുണ്ടാകുന്ന നാശത്തെപ്പറ്റിയും രോഗാണുക്കൾ മുറിവിൽ കയറാതെ തടയുന്നതിനെപ്പറ്റിയുമാണ്.

ഒരു ശതാബ്ദത്തിനു മുമ്പു ആസ്പത്രികൾ സുഖപ്രദമായ സ്ഥലങ്ങളല്ലായിരുന്നു. ആതു

പത്രിയിൽ ശസ്ത്രക്രിയയ്ക്കു പോകുന്നവരിൽ പകുതിയും മരിക്കുമായിരുന്നു. ഒരു ചതവോ ശസ്ത്രക്രിയയോ ആണെങ്കിൽ മുറിവു ഭേദം നോക്കുമ്പോൾ കുഴപ്പമുള്ളതല്ലായിരിക്കും. എന്നാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ പഴുപ്പു ഉണ്ടാകുന്നു. അങ്ങനെ സംഭവിക്കുമ്പോൾ ആ മുറിവുള്ള ഭാഗം സെപ്റ്റിക്കാണെന്നു പറയും. സെപ്റ്റിക്കായ മുറിവുകൾ സുഖപ്പെട്ടുന്നതിനു ദീർഘകാലം വേണ്ടി വരും. മുറിവു കാലിലോ കൈയിലോ ആണെങ്കിൽ മുറിവിന്റെ താഴെയുള്ള ഭാഗം നിർജ്ജീവമാകാൻ തുടങ്ങിയെന്നു വന്നേക്കാം. അപ്പോൾ ദേഹത്തിന്റെ ബാക്കി ഭാഗത്തേക്കു പഴുപ്പു കടന്നു ആ വ്യക്തിയുടെ ജീവൻ അപകടത്തിൽ ആകാതിരിപ്പാൻ ആ അവയവം മുറിക്കേണ്ടിവരും. എല്ലാ സെപ്റ്റിക്കു മുറിവുകളിലെയും രോഗാണുക്കൾ രക്തപ്രവാഹത്തിൽ പ്രവേശിച്ചു ശരീരത്തിന്റെ ഇതരഭാഗങ്ങളിലും വ്യാപിക്കാൻ സാധ്യതയുണ്ട്. (രക്തത്തിൽ വിഷം കലരുക) ഇങ്ങനെ സംഭവിക്കുന്നപക്ഷം രോഗി മിക്കവാറും മൃതിയടയുന്നതാണു പതിവു്.

മുറിവുകൾ പഴുക്കാതെ ഏതെങ്കിലും വിധത്തിൽ സുഖപ്പെടുത്തുക എന്നതായിരുന്നു അടിയന്തര പ്രശ്നം. ഇതു മൂന്നുപേരുടെ പരിശ്രമഫലമായി പരിഹരിക്കപ്പെട്ടു. മന്തിരിച്ചാരു വായുവിൽ തുറന്നവച്ചിരുന്നാൽ പതഞ്ഞു ചീത്തയാകുമെന്നു ഫ്രഞ്ചു രസതന്ത്രശാസ്ത്രജ്ഞനായ പാസ്ച്ചർ കണ്ടുപിടിച്ചു. വായുവഴി അണുക്കൾ മന്തിരിച്ചാരിൽ കടക്കുന്നുവെന്നുള്ളതാണിതിന്റെ കാരണം. പഴുപ്പുണ്ടാക്കുന്ന രോഗാണുക്കൾ, ഡോക്ടറന്മാർ, വിദ്യാർത്ഥികൾ എന്നിവർ മുഖേന ഒരു രോഗിയിൽനിന്നും മറെറാരു ആളിലേക്കു പകരുമെന്നു കാസ്ത്രിയക്കാരനായ ഡോ. സെമ്മൽ വീയിസ് കണ്ടുപിടിച്ചു. ആസ്പത്രി ജോലിക്കാർ അവരുടെ കൈകൾ അതിസൂക്ഷ്മം വൃത്തിയാക്കുകയും ശുചിത്വമുള്ള വസ്ത്രങ്ങൾ ധരിക്കുകയും ചെയ്താൽ ഇതു തടയാവുന്നതാണു. പഴുപ്പുണ്ടാക്കുന്ന രോഗാണുക്കൾ വായുമൂലം പകരുമെന്നു അനേകം പരീക്ഷണങ്ങൾക്കുശേഷം ഇംഗ്ലീഷുകാരനായ ഡോ. ലിസ്റ്റർ സംശയാതീതമായി തെളിയിച്ചു. അദ്ദേഹം ഉടൻതന്നെ ആസ്പത്രികളിൽ പഴുപ്പു തടയുന്നതിനുവേണ്ടി ഒരു പ്രസ്ഥാനമാരംഭിച്ചു. അക്കാലങ്ങളിൽ രോഗാണുക്കളെ അത്രം ഗണ്യമായി ചിന്തിച്ചു ക്ലേശിച്ചിരുന്നില്ല. ശസ്ത്രക്രിയ ചെയ്തു കഴിയുമ്പോൾ അവർ ധരിച്ചിരിക്കുന്ന വസ്ത്രങ്ങളിൽ ചോരയും ചലവും പറ്റിപ്പിടിക്കും. അതുകൊണ്ടവർ ഈ ജോലിക്കുവേണ്ടി ഒരു പ്രത്യേകം പുറംകുപ്പായം ഉപയോഗിച്ചുവന്നു. കുപ്പായം ഇരിക്കുംപോഴും കഴുകുകയില്ലായിരുന്നതിനാൽ അതിൽനിന്നും രോഗാണുക്കൾ ശസ്ത്രക്രിയയ്ക്കു വിധേയരാകുന്ന രോഗികളുടെ മുറിവിലേക്കു കടക്കുമായിരുന്നു. ലിസ്റ്റർ ഇതിനെല്ലാം മാറ്റം വരുത്തി. വാർഡുകളിലും ശസ്ത്രക്രിയയ്ക്കുള്ള മുറിയിലും പ്രത്യേകവിധത്തിൽ ശുചിത്വമുണ്ടായിരിക്കണമെന്നദ്ദേഹം നിഷ്കർഷിച്ചു. രോഗിയുടെ മുറിവിൽ സ്പർശിച്ചേക്കാനിടയുള്ളതെല്ലാം രോഗാണുവിമുക്തമായിരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രഥമലക്ഷ്യം. ഏതെങ്കിലും അണുക്കൾ മുറിവിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നുവെങ്കിൽ അതിനെ കൊല്ലാൻ വേണ്ടി മുറിവിൽ ഇടുന്നതിനു ഒരു ഔഷധം കണ്ടുപിടിക്കുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ രണ്ടാമത്തെ ലക്ഷ്യം. തിളയ്ക്കുന്ന ജലം രോഗാണുക്കളെ കൊല്ലുന്നു. ശസ്ത്രക്രിയോപകരണങ്ങളും നൂലിയും ജലത്തിൽ ഇട്ടു തിളപ്പിച്ച ശേഷം ഏറ്റവുമുപയോഗിക്കാമായിരുന്നു. ഡോക്ടറുടെ കൈകളോ രോഗിയുടെ തൊലോ തിളപ്പിച്ച ജലത്തിൽ മുക്കുക സാധ്യമല്ലല്ലോ. അനേക പരീക്ഷണങ്ങൾക്കുശേഷം രോഗിയുടെ മുറിവിലെ തന്തുക്കളെ നശിപ്പിക്കാതെ രോഗാണുക്കളെമാത്രം കൊല്ലുന്നതിനു ശക്തിയുള്ള ഔഷധം ലിസ്റ്റർ കണ്ടുപിടിച്ചു. ഇവയെ "ആന്റിസെപ്റ്റിക്സ്" എന്നു വിളിക്കുന്നു. ആന്റിസെപ്റ്റിക് ഔഷധങ്ങളുടെ ഉപയോഗം കൊണ്ടും ശുചിത്വനിഷ്കർഷകൊണ്ടുമാണു ആസ്പത്രികൾ പഴുപ്പിന്റെയും മരണത്തിന്റെയും രംഗമാകുന്നതിനുപകരം ആരോഗ്യത്തിന്റെയും സുഖപ്രാപ്തിയുടെയും മണ്ഡലങ്ങളായി മാറിയതു്.

ഇതിനെ തുടർന്നു പല ആന്റിസെപ്റ്റിക് ഔഷധങ്ങളും കണ്ടുപിടിച്ചുകൊണ്ടിരിക്കയാണു. ഏറ്റവും ചെറിയ മുറിവുപോലും രോഗാണുവിമുക്തമായിരിക്കുവാൻ നാം സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഓരോ ഗൃഹത്തിലും ഉപയോഗത്തിനു ഓരോ കുപ്പി ആന്റിസെപ്

റിക് ഔഷധം തയ്യാറായിട്ടുണ്ടായിരിക്കണം. നിങ്ങളുടെ വീട്ടിൽ ഇല്ലെങ്കിൽ ഏതാണ്ട വാങ്ങേണ്ടതെന്നും എങ്ങനെയാണ് പ്രയോഗിക്കേണ്ടതെന്നും നിങ്ങളുടെ ഡോക്ടറോടോ കെമിസ്റ്റിനോടോ ചോദിക്കുക. കുട്ടികൾ എട്ടുകാതിരിക്കത്തക്കവണ്ണം ഔഷധമെടുപ്പി ഭദ്രമായ ഒരു സ്ഥാനത്തു സൂക്ഷിക്കുക. പല ആർസെനിക് റിക് ഔഷധങ്ങളും വളരെ വിഷമയമാണ്. അവ കുടിച്ചാൽ മരണത്തിനിടയായേക്കാം.

തർജ്ജമ കെ. വി. മാമ്മൻ, ബി. എ.

നിര്യാതനായ റവ. ററി. പി. ഡേവിഡ് അച്ചൻ

നമ്മുടെ മഹായിടവകയിൽ വിവിധ നിലകളിൽ 44 വർഷക്കാലത്തെ പ്രശസ്തമായ സഭാസേവനത്തിനുശേഷം കഴിഞ്ഞ ആണ്ടിൽ വേലയിൽനിന്നു വിരമിച്ച റവ. ററി. പി. ഡേവിഡ് അച്ചൻ 72-ാമത്തെ വയസ്സിൽ 1956 ഒക്ടോബർ 13-നു ശനിയാഴ്ച പകൽ ഒരുമണിക്കു് ആലപ്പുഴവച്ചു ഹൃദയസ്തംഭനം മൂലം പെട്ടെന്നു നിര്യാതനായ വിവരം വ്യസനപൂർവ്വം രേഖപ്പെടുത്തുന്നു. ആലപ്പുഴ Y. W. C. A. സെക്രട്ടറിയായ സരോജിനിയുടെ വസതിയിൽ വെച്ചാണു് ഈ ദുരന്തമുണ്ടായതു്. വൈകുന്നേരം ഇടവക ഉപദേശിയായിരിക്കുന്ന മൂത്തമകനെ കാണുവാൻ ചെല്ലുന്നു എന്നു അച്ചൻ തന്നെ മുൻകൂട്ടി അറിയിക്കയും തന്നോടുകൂടെ പോകുന്നതിനായി ബസ്സിയാമ്മയെ ആലപ്പുഴയിലേക്കു വരുത്തുകയും ചെയ്തിരുന്നു. വൈകുന്നേരം പുറപ്പെടുന്നതിനു മുമ്പു ഉച്ചക്ഷണത്തിനിരിക്കവേ പെട്ടെന്നു ഒരു നെഞ്ചുവേദനയുണ്ടാകുകയും എഴുന്നേറ്റു കട്ടിലിൽ കിടക്കുകയും പാട്ടുപാടി പ്രാർത്ഥിക്കണമെന്നു പറയുകയും ചെയ്തു. പാട്ടുപാടിക്കൊണ്ടിരിക്കുമ്പോൾ "കാട്ടം തികച്ചു" എന്നു പറഞ്ഞശേഷം തൽക്ഷണം നിത്യസമാധിയിലേക്കു പ്രവേശിച്ചു.

മൃതദേഹം ആലപ്പുഴ ഇടവകാംഗങ്ങളുടെയും സഹോദരീസഭകളിലുള്ള അനേകം സ്നേഹിതരുടെയും അനുഭാവികളുടെയും സഹതാപപൂർവ്വമായ സഹകരണത്തോടുകൂടെ ശനിയാഴ്ച രാത്രി പത്തു മണിക്കു പുതുപ്പള്ളിൽ അച്ചന്റെ വസതിയിലേക്കു കൊണ്ടുപോയി. ശവസംസ്കാരകർമ്മം ഒക്ടോബർ 14-നു ഞായറാഴ്ച വൈകുന്നേരം 5½ മണിക്കു ഒരു വലിയ ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ അനേകം പട്ടക്കാരുടെ സഹകരണത്തോടുകൂടെ പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ ബിഷോപ്പുതിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ നിവൃഹിക്കപ്പെട്ടു. തദവസരത്തിൽ തിരുമേനി സങ്കീർത്തനം 78. 72-ൽ "അവൻ കൈമിടുക്കോടെ അവരെ നടത്തി" എന്ന വാക്കുകൾ ആസ്പദമാക്കി ചെയ്ത വികാരഭരിതമായ ചരമപ്രസംഗത്തിൽ അച്ചനിൽ വിളങ്ങിയിരുന്ന വിനയസ്വഭാവം വേളാധ്യയനതല്പരത വിശ്രമിക്കുന്നതിനായി കാംക്ഷിക്കാതെ പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധതയാദിയായ മഹനീയഗുണങ്ങളെ സംബന്ധിച്ചു പ്രത്യേകം പ്രസ്താവിക്കയുണ്ടായി.

ഇടുക്കി തെക്കൻ പുതുപ്പള്ളി ഇടവകയിൽ തറവിടോലിൽ പൌലൂസ് ആശാന്റെ പുത്രനായി 1885 ഫെബ്രുവരി 16-നു ജനിച്ചു. മിഡിൽ സ്കൂൾ വിദ്യാഭ്യാസം കായംകുളത്തും ഹൈസ്കൂൾ വിദ്യാഭ്യാസം കോട്ടയം സി. എം. എസ്സ്. കോളജ് ഹൈസ്കൂളിലും കഴിച്ചു. സി. എൻ. ഐ-ൽ അദ്ധ്യാപക പരിശീലനം ലഭിച്ചതിന്റെശേഷം 1911-ൽ അടൂർ മിഷ്യനിൽ ഒരു അദ്ധ്യാപകനായും സഭാപ്രവർത്തകനായും ജോലിയിൽ പ്രവേശിച്ചു. ഭാര്യയും ഒരു അദ്ധ്യാപികയായിരുന്നു. 1917-ൽ ബാചരശ്രൂശ്രൂഷാസംഘം മിഷ്യനറിയായി നിയമിതനായി. 1920-ൽ സി. എൻ. ഐ-ൽ വൈദികാഭ്യസനത്തിനായി തിരഞ്ഞെടുക്കപ്പെടുകയും 1923-ൽ ദീയാക്കോനായി പട്ടം കെട്ടപ്പെടുകയും ചെയ്തു. പട്ടമേററതിന്റെശേഷം രണ്ടു വർഷം കുന്നാട്ടുകരും കേന്ദ്രമാക്കി ആലുവാ ഐററിനറൻ സിയിൽ സഹായ മിഷ്യനറിയായും ഒരു വർഷം ആ ഡിസ്ട്രിക്ടിന്റെ പൂർണ്ണ ചുമതലയുള്ള മിഷ്യനറിയായും പ്രവർത്തിച്ചു. ആലുവാ ഡിസ്ട്രിക്ടിലെ സഭകൾ ഏറുമാനൂർ കൌൺസിൽ അനുഭവിയിലുൾപ്പെടുത്തിയപ്പോൾ അച്ചനെ കുന്നാട്ടുകരും ഇടവകപട്ടക്കാരനായും ഏറുമാനൂർ കൌൺസിൽ

അദ്ധ്യാപകരായും നിയമിച്ചു. നാലുവർഷങ്ങൾക്കുശേഷം കുത്താട്ടുകുളം ഇടവകയിലെ സഭകളുടെ എണ്ണം 11-ൽ നിന്നും 16 ആയി വർദ്ധിച്ചതിനാൽ പിറവം കേന്ദ്രമാക്കി വേറൊരു ഇടവകയും കൂടെ രൂപീകരിക്കപ്പെട്ടു. പുതുതായി രൂപീകരിക്കപ്പെട്ട ഇടവകയുടെ പട്ടകാരനായി 1930 മുതൽ 1936 വരെ വേല ചെയ്തു. അനന്തരം പീരുമേട്ട് ഇടവകയിൽ 4 വർഷവും ചേലക്കൊമ്പിൽ 3 വർഷവും കുന്നേറിൽ ഏഴു വർഷവും പ്രവർത്തിച്ചതിനുശേഷം 1950 മുതൽ 1955 ജൂൺ മാസത്തിൽ വേലയിൽനിന്നും വിരമിക്കുന്നതുവരെ സ്വന്തം ഇടവകയായ പുതുപ്പള്ളിയിൽ വേല ചെയ്തു.

നമ്മുടെ മഹാഇടവകയിലുള്ള അവശസമുദായാംഗങ്ങളോട് സഹതാപത്തോടും സമഭാവനയോടും പെരുമാറുന്നതിനും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നതിനും ഇദ്ദേഹം അതീവതല്പരനായിരുന്നു. ഇംഗ്ലണ്ടിലുള്ള ഒരു സ്നേഹിത അയച്ചുകൊടുത്ത 100 പവൻ ചെലവു ചെയ്ത കുത്താട്ടുകുളത്തു ഒരു പള്ളിയും പിറവത്തു ഒരു പാഴ്സനേജും പണികഴിപ്പിക്കുന്നതിനു അച്ചൻ ഉത്സാഹിച്ചിട്ടുണ്ട്.

അച്ചനു 3 ആൺമക്കളും 5 പെൺമക്കളുമുണ്ട്. ഒരു മകൾ ഒഴികെ എല്ലാവരും ഓരോ ജോലികളിൽ ഇരിക്കുന്നവരാണു. രണ്ടാമത്തെ മകൻ കൊല്ലത്തു Y. M. C. A. സെക്രട്ടറിയും ഇളയമകൻ മിലിറ്ററി സേവനത്തിലുമാണു. ഒരു മകൾ ചെല്ലൂർ ആസ്പത്രിയിൽ Sister-Tutor-ഉം ഒരാൾ ഒരു അദ്ധ്യാപികയും വേറൊരുമകൾ Laboratory Technecian-ഉം ആകുന്നു. ഇദ്ദേഹത്തിന്റെ ഉത്തമജീവിതത്തിനായും പ്രയോജനകരമായ സേവനത്തിനായും നമുക്കു ദൈവത്തിനു സ്തോത്രം ചെയ്യാം. ദുഃഖത്തിലിരിക്കുന്ന മിസ്സസ്സ് ഡേവിഡിനേയും മക്കളേയും മറ്റു പ്രിയപ്പെട്ടവരെയും ദുഃഖിതരെ ആശ്വസിപ്പിക്കുന്നവനായ ദൈവം ആശ്വസിപ്പിച്ചു കാത്തു പരിപാലിക്കട്ടെ.

(പണ്ടു പണ്ടു പണ്ടു് നിന്നെ കണ്ട നാളെയും.....എന്നമട്ടു്)

കണ്ടുകണ്ടു പോവതിനായി നില്പതാരയ്യോ
കൈവെടിഞ്ഞു കൊണ്ടുപോയ ക്രിസ്തുരക്ഷകനോ
ക്രിസ്തുരക്ഷകനോ കണ്ട കണ്ട.....

കാണാതെപോയിട്ടു തേടി താണിറങ്ങിവന്നവൻ
ശോണിതം ചൊരിഞ്ഞു വീണ്ടെടുത്ത കർത്തനോ
എടുത്ത കർത്തനോ കണ്ട കണ്ട.....


1. പാപക്രൂപം തന്നിൽ വീണ മർത്ത്യരേവർക്കും-ദൈവ-
കോപത്തീയിൽ ആണ്ടുപോയ ദുഷ്ടരേവർക്കും
ജീവനേകി സ്വർപ്പുരത്തിൽ വസിപ്പതിനായി
ക്രൂശിലേറി ജീവൻവെച്ച പ്രാണനാഥനോ
പ്രാണനാഥനോ കണ്ട കണ്ട.....

2. അരിനിരകൾമേന്മേറും കൂടിവരുമ്പോൾ
പരനേ നിൻ സ്നേഹമാർവ്വിൽ ചേർന്നിരിപ്പാനായി
തന്നിടേണം നിൻ വരം ഏഴുമെന്റെ നായകാ
വന്നീടുന്നു പൊന്നുനാഥാ സന്നിധിയിങ്കൽ
സന്നിധിയിങ്കൽ കണ്ട കണ്ട.....

3. കനകലോകത്തെന്നെയും ഇരുത്തീടുവാനായി
ജനകനിടത്തു പോയിരിക്കുന്നവനേ-
വിനകളെല്ലാം തീർന്നിടുന്ന നാളതെന്നു വന്നിടും
മനുവേലാ പൊന്മുഖം കണ്ടീടുവാനായി
കണ്ടീടുവാനായി കണ്ട കണ്ട.....

M. D. DANIEL

കാട്ടാമ്പാക്കൽ ആശുപത്രിക്കെട്ടിടത്തിന്റെ ഉൽഘാടനം



നമ്മുടെ ഒരു ക്രിസ്ത്യാനികുടുംബം 15000 രൂപയോളം ചെലവുചെയ്തു പണിതീർത്തിട്ടുള്ള ആശുപത്രിക്കെട്ടിടം നമ്മുടെ ബിഷപ്പുതിരുമനസിലെ സാന്നിദ്ധ്യത്തിൽ കോട്ടയം രൂപതയുടെ മെത്രാപ്പോലീത്താ ഡോ. തോമസ് മറയിൽ തിരുമേനി ഈ മാസം 18നു വി. ലൂക്കോസിന്റെ നാമത്തിൽ ഉൽഘാടനം ചെയ്തു. ആശുപത്രിയോടു അനുബന്ധിച്ചു പുതിയതായി പണി കഴിപ്പിച്ചുകൊണ്ടിരുന്ന ഒരു വാർഡുകെട്ടിടത്തിന്റെ ശിലാസ്ഥാപനം ശ്രീ എം. വി. ജോസ്സ് അവർകളും നിർവ്വഹിച്ചു. തുടർന്നുനടന്ന പൊതുയോഗത്തിൽ മറയിൽ തിരുമേനി അദ്ധ്യക്ഷം വഹിച്ചു.

വിവിധസമുദായങ്ങളെ പ്രതിനിധീകരിച്ചു റവ. ഫാ. മണക്കാട്ട്, റവ. എം. ജെ. ചാണ്ടിഅച്ചൻ, റവ. എം. സി. ശമുവേലച്ചൻ, ശ്രീ റവി. ഐ. മാധവൻ, ശ്രീ എം. സി. ചാക്കോ എന്നിവർ പ്രസംഗിച്ചു. എസ്സ്. എൻ. ഡി. പി. സംഘടനയെ പ്രതിനിധീകരിച്ചു പ്രസംഗിച്ച ശ്രീ മാധവൻ, ചക്കുമിക്ഷ്യനറിസമൂഹംമൂലം ഈ രാജ്യത്തു കഴിഞ്ഞ കാലങ്ങളിൽ നിവൃഹിക്കപ്പെട്ട മഹനീയശുശ്രൂഷയെ കൃതജ്ഞതയോടുകൂടി അനുസ്മരിപ്പിച്ചു. കാട്ടാമ്പാക്കലിൽ ഒരുകാലത്തു തള്ളപ്പെട്ടവരും അധമരുമായിരുന്നവരുമായ ഒരു ജനവിഭാഗത്തിന്റെ നല്ല ശമര്യക്കാരനായി ചക്കുമിക്ഷ്യനറിസമൂഹത്തെ തിരിച്ചറിയിച്ചു അദ്ദേഹം നല്കിയ സാക്ഷ്യം സമൂഹത്തിന്റെ വേലയെ നിക്ഷിപ്തബുദ്ധികളായ മറുള്ളവർ എങ്ങനെ മതിക്കുന്നു എന്നുള്ളതിനു ഉത്തമോദാഹരണമാണ്. ബാലികാബാലന്മാരുടെ കലാപ്രകടനങ്ങൾ സദസ്യരെ സന്തോഷിപ്പിച്ചു. ഈ ആശുപത്രിചികിത്സയിൽ സൌഖ്യംപ്രാപിച്ച ഒരു ഗണകസമുദായാംഗം തന്റെ അനുഭവത്തെ അധികരിച്ചു ഒരു ഓട്ടംതുള്ളൽ അഭിനയിച്ചു. യോഗം സമംഗളം 7 മണിക്കു അവസാനിച്ചു.

1948-ൽ റോമൻകത്തോലിക്കസമുദായത്തിൽപെട്ട ഒരു സ്നേഹിതന്റെ കെട്ടിടത്തിൽ ആരംഭിച്ച ആശുപത്രിക്കു ഇത്രത്തോളം പുരോഗതിയുണ്ടാകുന്നതിനു ഇടയായതു സ്ഥലവാസികളായ വിവിധ സമുദായാംഗങ്ങളുടെ സഹായസഹകരണത്താലും ഇപ്പോഴത്തെ മെഡിക്കൽഓഫീസർ ഡാക്ടർ സി. ജെ. ചാണ്ടിയുടെയും അദ്ദേഹത്തിന്റെ ഭാര്യയുടെയും അക്ഷീണപരിശ്രമത്താലും ശുശ്രൂഷാപാടവത്താലും ആണ്. ഉൽഘാടനചടങ്ങിൽ സംബന്ധിക്കുന്നതിനു നാനാജാതിമതസ്ഥരായ ഒരു വമ്പിച്ച ജനസമൂഹം വന്നുചേർന്നതു നമ്മുടെ സ്ഥാപനത്തോടു പൊതുജനങ്ങൾക്കുള്ള മമതയുടെ ഒരു സൂചനതന്നെയാണ്. ആശുപത്രികെട്ടിടത്തിനു 54 സെൻറു സ്ഥലം ദാനം ചെയ്തതു ഒരു റോമൻകത്തോലിക്കസ്നേഹിതനാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. പുതിയ വാർഡ് കെട്ടിടത്തിനു കല്ലിട്ട ശ്രീ എ. വി. ജോർജ്ജ് ആശുപത്രിയുടെ ഭാവി പ്രവർത്തനങ്ങൾക്കായി ഒരു ധനസഹായം ചെയ്യാമെന്നു വാഗ്ദാനം ചെയ്തു. സൌഖ്യമാക്കുന്ന കർത്താവിനെ കാണുന്നതിനുള്ള കേന്ദ്രങ്ങളായി നമ്മുടെ ചികിത്സാകേന്ദ്രങ്ങൾ രൂപാന്തരപ്പെട്ടെങ്കിൽ എത്ര നന്നായിരുന്നു.

ഉൽഘാടനത്തിന്റെ തലേദിവസം ബിഷപ്പുതിരുമനി ആശുപത്രികെട്ടിടം സന്ദർശിച്ചു പ്രതിഷ്ഠാശുശ്രൂഷ നടത്തി. ഈ സ്ഥാപനയുടെ ഭാവി നടത്തിപ്പിനു ഏവരുടെയും പ്രാർത്ഥന ക്ഷണിച്ചുകൊള്ളുന്നു.

ഇൻഡ്യാ, പാകിസ്ഥാൻ, ബർമ്മാ, സിലോൺ സഭയുടെ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ച് ഇടവക സി. എസ്. ഐയിൽ ചേരാൻ നിശ്ചയിച്ചതനുസരിച്ചു ആ ഇടവകയ്ക്കു അയച്ചുകൊടുത്ത മംഗളാശംസാസന്ദേശം

My dear People,

It is with deep sense of satisfaction and thanksgiving that I send you my greetings and blessing as you enter into a new phase of life and fellowship, in the history of your Church, over which I was privileged to have jurisdiction, since the inauguration of the Church of South India. It is a matter of thanksgiving to God for the way in which He has led you to a living fellowship with the Church of South India in the midst of which you are set. True fellowship is not always achieved through uniformity, but through mutual respect of conscience, and spiritual convictions and through a desire to sink all differences in our sense of mission and vocation to love, serve and worship Him who loves us and gave Himself for us. It is gratifying to know that some of the things that are dear to many of you, will be safe-guarded under the new arrangement and I have no doubt that in Bishop Jacob you will find a true Father-in-God who will have your spiritual welfare always in his mind. I want you give the same loyalty to him, as you have given me.

I am also pleased to hear about your development plans in connection with your Centenary Celebrations. May God prosper all that you undertake in His Name.

With affectionate Greetings,
Yours sincerely,
30th October 1956.
(Sd.) ARABINDO CALCUTTA,
Metropolitan.

തർജ്ജിമ

എന്റെ പ്രിയപ്പെട്ട ജനങ്ങളെ,

ലക്ഷ്മിണോന്യാ സഭയുടെ ഉൽഘാടനം മുതൽ എന്റെ 12ൽവിചാരണയിൽ ഇരുന്ന നിങ്ങളുടെ സഭയുടെ ചരിത്രത്തിൽ ഒരു പുതിയ ജീവിതവശത്തിലേക്കും കൂട്ടായ്മയിലേക്കും നിങ്ങൾ പ്രവേശിക്കുന്ന ഈ സന്ദർഭത്തിൽ സംതൃപ്തിയുടെയും സ്നേഹത്തിന്റെയും ആഴമായ ബോധത്തോടുകൂടെ ഞാൻ നിങ്ങൾക്ക് എന്റെ അഭിവാദനങ്ങളും അനുഗ്രഹങ്ങളും നൽകിക്കൊള്ളുന്നു. നിങ്ങൾ ഏതു സഭയുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നുവോ ആ ലക്ഷ്മിണോന്യാ സഭയുമായുള്ള സജീവ കൂട്ടായ്മയിലേക്ക് ദൈവം നിങ്ങളെ നടത്തിയ വഴി ഒരിക്കൽ ദൈവത്തിനു സ്തോത്രം ചെയ്വാനുള്ളതാണ്. യഥാർത്ഥ കൂട്ടായ്മ എല്ലായ്പ്പോഴും ക്രൈസ്തവരിൽ നിന്നല്ല ലഭ്യമാകുന്നത്, പ്രത്യുത മനസ്സാക്ഷിയെയും ആത്മികമായ ഉന്നത വിശ്വാസങ്ങളെയും അന്യോന്യം ബഹുമാനിക്കുന്നതുകൊണ്ടും നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്തവനെ സ്നേഹിച്ചു സേവിച്ചു ആരാധിക്കുന്നതിനായുള്ള നമ്മുടെ വിളിയെയും വേലയെയും കുറിച്ചുള്ള ബോധത്തിൽ എല്ലാ വ്യത്യാസങ്ങളെയും ഇല്ലാതെയാക്കുന്നതിനുള്ള താല്പര്യംകൊണ്ടുമാണ്. നിങ്ങളിൽ പലരും അത്യധികം സ്നേഹിക്കുന്ന പല കാര്യങ്ങളും ഈ പുതിയ ക്രമീകരണത്തിൽ സംരക്ഷിക്കപ്പെടുമെന്നു അറിയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. ബിഷോപ്പ് ജേക്കബു തിരുമനസ്സുകൊണ്ടു നിങ്ങൾക്കു ഉത്തമനായ ദൈവത്തിൽ വിശ്വാസിയായിരിക്കുമെന്നും നിങ്ങളുടെ ആത്മികക്ഷേമം എല്ലായ്പ്പോഴും അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരിക്കുമെന്നുമുള്ളതിനു എനിക്കു സംശയമില്ല. നിങ്ങൾ എനിക്കു തന്ന സ്വാമിഭക്തി അദ്ദേഹത്തിനും നൽകണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

നിങ്ങളുടെ ശതവത്സരാഘോഷങ്ങളോടനുബന്ധിച്ചുള്ള നിങ്ങളുടെ പുരോഗമനപദ്ധതികളെക്കുറിച്ചു കേട്ടതിൽ ഞാൻ സന്തുഷ്ടനായിരിക്കുന്നു. നിങ്ങൾ ദൈവനാമത്തിൽ ചെയ്യുന്ന സകല കാര്യങ്ങളെയും അവൻ വർദ്ധിപ്പിക്കട്ടെ. സ്നേഹപൂർവ്വമായുള്ള അഭിവാദനങ്ങളോടെ,

30-10-1956. അരവിന്ദ കൽക്കൂട്ടാമെത്രാപ്പോലീത്താ.

ഏത്യോപ്യൻ ചക്രവർത്തിയുടെ ക്രൈസ്റ്റ് ചർച്ചു സന്ദർശനവും, ശതവർഷോത്സവ സ്മാരകഹാളിന്റെ ശിലാസ്ഥാപനവും

തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ചു ശതവത്സരോത്സവസ്മാരകമായി പണിയുന്നതിനുദ്ദേശിക്കുന്ന പാരിഷ്ഹാളിന്റെ ശിലാസ്ഥാപനകർമ്മം നവംബർമാസം 1നു ഏത്യോപ്യൻ ചക്രവർത്തി നിവൃത്തിച്ചു.

പ്രസ്തുത ദേവാലയം പ്രതിഷ്ഠിച്ചിട്ടു 1959-ൽ 100 വർഷം തികയുന്നു. ശതവർഷോത്സവസ്മാരകമായി ഒരു പാരിഷ്ഹാൾ നിർമ്മിക്കുക, ഇപ്പോഴുള്ള ദൈവാലയം നിട്ടിപ്പുണിയുക, ഇടവകാഭരണത്തിയിലുള്ള ഉപസഭകളുടെ സൗകര്യത്തിനും പുരോഗതിക്കും ആവശ്യമായ പരിപാടി സ്വീകരിക്കുക എന്നീ പദ്ധതികളും ഉൾക്കൊള്ളുന്നു. ഒരു ശ്രീവത്സരപദ്ധതി ക്രൈസ്റ്റ് ചർച്ചുകമ്മറ്റി ആവിഷ്കരിച്ചതിനെ തുടർന്നു ഏത്തിയോപ്യൻ ചക്രവർത്തിതിരുമനിയുടെ സംസ്ഥാനസന്ദർശനവേളയിൽ പാരിഷ്ഹാളിന്റെ ശിലാസ്ഥാപനകർമ്മം നിവൃത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു. കേരളസംസ്ഥാനരൂപീകരണാനന്തരം നവ. 1നു വ്യാഴാഴ്ച പാരിഷ്ഹാൾ നിർമ്മിക്കുന്നതിനു ഉദ്ദേശിക്കുന്ന സ്ഥാനത്തുതന്നെ താൽകാലികമായി പണികഴിച്ചു മനോഹരമായി അലങ്കരിച്ചിരുന്ന കൊട്ടിലിന്റെ അങ്കണത്തിൽ ചക്രവർത്തിയും പരിവാരവും കൃത്യം 4. 45-നു ആഗതരായി. അഞ്ചുമിനിട്ടിനുമുമ്പു സ്ഥാനവസ്ത്രം ധരിച്ചു ക്രൈസ്റ്റ് ചർച്ചുഗായകസംഘവും പട്ടക്കാരും ഒരുമിച്ചു യോഗശാലയിൽ പ്രവേ

ശിച്ചു. ആസനസ്ഥനായ നമ്മുടെ ബിഷപ്പുതിരുമേനി പ്രശസ്തിപത്രത്തെ ഹാരമണിയിച്ചു സ്വീകരിച്ചു. തിരുമേനിമാരും മറ്റതിഥികളും ഹാളിലേക്കു പ്രവേശിച്ചപ്പോൾ ഗായകസംഘം ഇംഗ്ലീഷിൽ രചിക്കപ്പെട്ടിട്ടുള്ള ഏതാനും ഭാഗീയഗാനം ആലപിച്ചു. പ്രത്യേകം തയ്യാറാക്കിയ കമനീയമായി അലങ്കരിച്ചിരുന്ന പ്ലാറ്റ്ഫോമിൽ ചക്രവർത്തിയും കുടുംബാംഗങ്ങളും കൂടാതെ സംസ്ഥാനഗവണ്മെന്റ് മി. പി. എസ്സ്. രാമു, മാർത്തോമാസഭയിലെ വലിയ മെത്രാപ്പോലീത്തായും, തോമസ്സാ അത്താനാസ്യോസു തിരുമേനിയും ബിഷപ്പു ലഫ്റ്റ് തിരുമേനിയും നമ്മുടെ തിരുമേനിയും ആസനസ്ഥരായിരുന്നു.

പിന്നും ഗായകസംഘം നമ്മുടെ ദേശീയഗാനം ആലപിച്ചു. യോഗനടപടികൾ ആദ്യവസാനം നമ്മുടെ ബിഷപ്പുതിരുമേനി നിയന്ത്രിച്ചുകൊണ്ടിരുന്നു. "All hail the power of Jesus Name" എന്ന കീർത്തനത്തെ തുടർന്നു നമ്മുടെ ബിഷപ്പുതിരുമേനി പ്രാർത്ഥന നടത്തി. ജസ്റ്റീസ് മി. ടി. കെ. ജോസഫ് ചക്രവർത്തിയെ പ്രതിനിധീകരിച്ചു നടത്തിയ സ്വാഗതപ്രസംഗത്തിൽ സഭയുടെ ഒരു സംക്ഷിപ്തചരിത്രവും ശതവർഷോത്സവസ്മാരകമായി ആവിഷ്കരിക്കുന്ന പദ്ധതിയും സൂചിപ്പിച്ചിരുന്നു. പ്രസ്തുത സ്മാരകമായി പണിയുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കുന്നതിനു ചക്രവർത്തിതിരുമേനിയോടു അപേക്ഷിച്ചു. ഏതാനുവർഷങ്ങൾക്കു മുമ്പു ചക്രവർത്തിതിരുമേനി ചെയ്തപ്രസംഗത്തിന്റെ ഇംഗ്ലീഷ് പരിഭാഷ സെക്രട്ടറി നൽകി. തിരുമേനിയുടെ പ്രസംഗത്തിൽ അഖിലലോകസഭാകൌൺസിലിലെ അംഗത്വം തിരുമേനി ഉൾപ്പെട്ടു നിൽക്കുന്ന സഭയ്ക്കും ഉണ്ടെന്നും ഇവിടുത്തെ ക്രിസ്റ്റീയസഭയുടെ പുരോഗതമകമായ പരിപാടികളിൽ പങ്കെടുക്കുന്നതിൽ സന്തോഷമുണ്ടെന്നും കല്പിച്ചുകൊണ്ടു ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. ഗായകസംഘത്തിന്റെ സ്തുതികീർത്തനാലാപനത്തിനുശേഷം ബിഷപ്പുതിരുമേനിയുടെ ആശീർവ്വാദത്തോടു യോഗനടപടികൾ സമംഗളം പര്യവസാനിച്ചു.

ഹാൾ പണിയുടെ പൂർത്തീകരണത്തിനായി ചക്രവർത്തി തിരുമനസ്സുകൊണ്ടു 20,000 ക. സംഭാവന ചെയ്തുണ്ടായിയെന്നുള്ളതും പ്രസ്താവ്യമത്രെ.

പള്ളിപ്പുരയിടത്തിലേക്കും യോഗശാലയിലേക്കും പ്രവേശനം പ്രത്യേകം പാസ്സുകൾമുഖേനയായിരുന്നു. വിവിധസമുദായാംഗങ്ങളടങ്ങിയ ഒരു വലിയ ജനക്രൂട്ടം യോഗത്തിൽ സംബന്ധിച്ചു. യോഗചട്ടങ്ങൾക്കു ആദ്യവസാനം ചക്രവർത്തിയേയും കുടുംബാംഗങ്ങളേയും സന്തുഷ്ടരാക്കി എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. ക്രൈസ്റ്റ്ചർച്ചുസഭയുടെ ഭാവിപരിപാടികൾക്കു ആവശ്യമായ പിന്തുണയും അനുഗ്രഹവും ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഒരു സ്കൂളിന്റെ ഉൽഘാടനം

ഈ വാരിൽ ഡിപ്പാർട്ടുമെന്റൽ അനുവാദം സിദ്ധിച്ച എണ്ണൂരാം വയൽ സി. എം. എസ്സ്. ലോവർ പ്രൈമറിസ്കൂളിനുവേണ്ടി ഏഴായിരത്തിൽ പരം രൂപാ ചെലവാക്കി പണി ചെയ്തിട്ടുള്ള മനോഹരമായ കെട്ടിടത്തിന്റെ ഉൽഘാടനം കേരളപ്പിറവി ദിവസമായ നവംബർ മാസം 1-നു വെള്ളിയാഴ്ച നമ്മുടെ മഹായിടവക വൈദിക സെക്രട്ടറിയും ഭദ്രാസനപ്പള്ളി വികാരിയുമായ റവ. സി. ഐ. ഏബ്രഹാം ബി. എ., എൽ. ടി. അവർകൾ ഒരു വമ്പിച്ച സദസ്സിൽ വച്ചു സമംഗളം നിർവ്വഹിച്ചിരിക്കുന്നു. ചുറ്റുപാടുള്ള സ്കൂളുകളിൽ നിന്നു വിദ്യാർത്ഥികളും അദ്ധ്യാപകരും കൃത്യസമയത്തിനു മുൻപുതന്നെ ജാഥാകളായി വന്നു ചേർന്നിരുന്നു. കൂടാതെ രക്ഷകർത്താക്കളും പൗരമുഖരുമായ ഒരു വലിയ കൂട്ടം ജനങ്ങളും സന്നിഹിതരായിരുന്നു. ഉൽഘാടകൻ തന്റെ പ്രസംഗത്തിൽ ഇതര ഇൻഡ്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ചു കേരളം സാക്ഷരതയിൽ ഒന്നാമതു നിൽക്കുന്നതിനു കാരണം അതിനു വഴി തെളിയിച്ച മിഷ്യനറിമാരുടെയും ക്രൈസ്തവ സഭയുടെയും ത്യാഗപരമായ സേവനങ്ങളെ വിസ്മരിച്ചു കൂടായ്കയും കെട്ടിടം പണികായി അവിശ്രാന്തം പരിശ്രമിച്ച മി. കെ. എസ്സ്. കുഞ്ഞനെയും കൂട്ടുപ്രവർത്തകരെയും അഭിനന്ദിക്കുകയും, പുതിയ വിദ്യാലയം ദേശത്തിനു കൊള്ളാവുന്ന പൌരന്മാരെ സൃഷ്ടിക്കുന്ന പരിശീലനരംഗമായി നിന്നാൽ നിലനിന്നു പുരോഗമിക്കട്ടെയെന്നു ആശംസിക്കുകയും ചെയ്തു.

3-11-1956. എണ്ണൂരാം വയൽ, എം. പി. മാത്യു.

പ്രതിദിന വേദവായനക്കുറിപ്പുകൾ—നവംബർ—1956

11തു. (ഞാ.) ഇയ്യോ. 8. 1—10. ഇയ്യോബിന്റെ സ്നേഹിതനായ ബിൽദാദ് സംസാരം ആരംഭിക്കുന്നു. എലിഫാസ് തന്റെ സ്വന്ത അനുഭവത്തെ അടിസ്ഥാനമാക്കി ഇയ്യോബിനെ ആശ്വ

സിപ്പിപ്പാൻ ശ്രമിക്കയായിരുന്നു. എന്നാൽ ബിൽദാദ് മുൻതലമുറയുടെ അനുഭവങ്ങളെ വച്ചുകൊണ്ടു പറയുന്നു. വിശ്വാസമാരുടെ അനുഭവലക്ഷണമാകുന്നു ഗ്രഹിച്ചുകൊള്ളുക. (8 വാ.) ഇയ്യോബിന്റെ കഷ്ടതകൾ അവന്റെ പാപത്തിന്റെ ഫലമെന്നു ബിൽദാദ് വാദിക്കുന്നു (2—6 വാ). എന്നാൽ കഷ്ടതകൾ എപ്പോഴും പാപത്തിന്റെ ഫലമായിരിക്കുമെന്നില്ല. മത്താ. 9. 2, 3വാ. നോക്കുക. ദൈവമഹത്വത്തിനായി കഷ്ടതയെ ദൈവം രൂപാന്തരപ്പെടുത്തുന്നു. കഷ്ടത സഹിഷ്ണുതയേയും, സഹിഷ്ണുത സിദ്ധതയേയും, സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു എന്നറിഞ്ഞു നാം കഷ്ടതകളിലും പ്രശംസിക്കുന്നു (റോ. 5. 3.)

12 ൽ. (തി.) ഇയ്യോ. 8. 11—22. ദുഷ്ടന്മാർ കഷ്ടപ്പെടുകയും, അതിനുള്ള ശിക്ഷാവിധി അനുഭവിക്കയും ചെയ്യുന്നു എന്നുള്ളതിനു ബിൽദാദ് മൂന്നു ദൃഷ്ടാന്തങ്ങൾ എടുത്തു പറയുന്നു. ഞാങ്ങണ, പോട്ടപ്പുല്ല് ഇവ വെള്ളം ഇല്ലാതായാൽ ഉടൻ ഉണങ്ങിപ്പോകുന്നു (11, 12 വാ). ചിലന്തിവല പൊട്ടുന്നു നാശിച്ചുപോകുന്നു (14 വാ). മാത്രമല്ല ദൈവം നിഷ്കളങ്കനെ നിരസിക്കയില്ല ദുഷ്പ്രവൃത്തിക്കാരെ താങ്ങുകയുമില്ല (20 വാ). അതുകൊണ്ടു ബിൽദാദിനു പറയാനുള്ളതു ഇയ്യോബു മനസാന്തരപ്പെട്ടു ദൈവത്തെ നോക്കുക എന്നാണ്. നമ്മുടെ വൈക്ലബ്യപ്രശ്നങ്ങൾക്കു പരിഹാരം നാം കണ്ടുപിടിച്ചിരിക്കുമോ? ബിൽദാദിനെപ്പോലെ മുൻഅനുഭവങ്ങളുടെ വെളിച്ചത്തിൽ മാത്രമല്ല ദൈവസാന്നിദ്ധ്യത്തിന്റെ പ്രകാശത്തിൽ നമുക്കു കഷ്ടതകളെ കാണുകയും അവയെ അഭിമുഖീകരിക്കുകയും ചെയ്യും.

13ന. (ചൊ) ഇയ്യോ. 11. 1—12. ഇയ്യോബിന്റെ കഷ്ടതകളിൽ സഹതപിപ്പാൻ വന്ന മൂന്നുമിത്രങ്ങളായ സോഫർ സംസാരം ആരംഭിക്കുന്നു. ഇയ്യോബു തന്റെ നിസ്സഹകരാവസ്ഥയെക്കുറിച്ചു പ്രതിപാദിച്ചു എങ്കിലും സോഫർ അതു സമ്മതിക്കുന്നില്ല. ഇയ്യോബിനു ഉണ്ടായ കഷ്ടപ്പാടുകൾ അവന്റെ പാപത്തിന്റെ ശിക്ഷാവിധി എന്നു സോഫറും പറയുന്നു. സർവ്വവ്യാപിയും സർവ്വജ്ഞാനിയുമായ ദൈവം മനുഷ്യന്റെ അവസ്ഥ മുഴുവനായി ഗ്രഹിക്കുന്നു (7—11 വാ). ഇയ്യോബിനെ സഹായിപ്പാൻ സോഫർ ചെന്നു എങ്കിലും സഹതാപപൂർവ്വം സംസാരിപ്പാൻ കഴിയുന്നില്ല. നമ്മുടെ കർത്താവു പരീക്ഷിക്കപ്പെട്ടവരെ സഹായിപ്പാൻ കഴിവുള്ളവൻ എന്നതു എത്ര ആശ്വാസകരം (എബ്രാ. 2. 18)

14ന. (ബു.) ഇയ്യോ. 11. 13—20. സോഫർ സംസാരം തുടരുന്നു. ഇയ്യോബു ദോഷവും നീതികേടും നീക്കികളയുന്നതിനു ആവശ്യപ്പെടുന്നു (13, 14 വാ). അപ്പോൾ കളങ്കംകൂടാതെ മുഖം ഉയർത്തുന്നതിനും, ഭയപ്പെടാതെ ഉറച്ചു നില്ക്കുന്നതിനും, കഷ്ടത മറക്കുന്നതിനും, ആയുസ്സു പ്രകാശിക്കുന്നതിനും ഇടയാകും എന്നു പ്രസ്താവിക്കുന്നു (15—18 വാ.) ഇവ വിലയേറിയ പ്രസ്താവനകൾ എങ്കിലും ഇയ്യോബിന്റെ കഷ്ടത അവന്റെ പാപംനിമിത്തം എന്നതാണ് സോഫറിന്റെ സംഭാഷണത്തിന്റെ ചുരുക്കം. കഷ്ടതയുടെ രഹസ്യം നാം മനസിലാക്കുന്നതു എളുപ്പമല്ല. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു സകലവും നന്മയ്ക്കായിട്ടുകൂടി വ്യാപരിക്കുന്നു (റോമ. 8. 28.)

15ന. (വ്യാ.) ഇയ്യോ. 12. 1—16. തന്റെ പാപംനിമിത്തമാണു താൻ കഷ്ടത സഹിക്കുന്നു എന്നുള്ള സ്നേഹിതന്മാരുടെ വിമർശനത്തിനു ഇയ്യോബു മറുപടി പറയുന്നു. ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം തനിക്കും ഉണ്ടെന്നും, ദൈവത്തിന്റെ കൈകളുടെ പ്രവൃത്തി, മൃഗം, പക്ഷി, മത്സ്യം, മറ്റു പ്രകൃതിയിലെ എല്ലാ കാര്യങ്ങളിലും കാണാമെന്നു ഇയ്യോബു പറയുന്നു (7—9 വാ). ജീവന്റെ ഭദ്രകനും ദൈവംതന്നെ എന്നു (10 വാ.) സാക്ഷിക്കുന്നു. എല്ലാ കാര്യങ്ങളിലും ദൈവത്തിന്റെ കൈ കണ്ടു സമാധാനപ്പെടുന്നതു എത്ര ആശ്വാസകരമാണ്.

16ന. (പെ.) ഇയ്യോ. 14. 1—15. ഇയ്യോബിന്റെ മറുപടി അത്രെ. 12. 1. 14. 22 വരെ. ഈലോകജീവിതം ആയുസ്സ് അല്പവും, കഷ്ടതകൊണ്ടു നിറഞ്ഞതെന്നും, അതു പൂപോലെ വാടിപ്പോകുന്നതും, നിഴൽപോലെ ഓടിപ്പോകുന്നതുമെന്നും ഇയ്യോബു പറയുന്നു. ഈ കഷ്ടത എല്ലാം മരണത്തോടെ അവസാനിക്കുന്നതായി സമാധാനപ്പെടുന്നു. ഒരു വൃക്ഷം വെട്ടിയാൽ പൊട്ടിക്കിളുക്കുന്നതിനിടയാകുന്നതുപോലെ, ദൈവക്രോധം കഴിയുവോളം, പാതാളം തന്നെ മറയ്ക്കുകയും, ഒരു അവധി കഴിഞ്ഞു തന്നെ ഓർക്കയും ചെയ്യാൻ കൊള്ളായിരുന്നു എന്നാശിക്കുന്നു. മരണത്തേയും പാതാളത്തേയും ജയിച്ചു കർത്താവു തന്നിരിക്കുന്ന പ്രത്യാശയ്ക്കായി നമുക്കു സ്തോത്രം ചെയ്യാം.

17ന. (ശ.) ഇയ്യോ. 16. 1—10. ഇയ്യോബും സ്നേഹിതന്മാരുമായുള്ള സംഭാഷണത്തിന്റെ രണ്ടാംഘട്ടം 15-ാം അദ്ധ്യായത്തിൽ ആരംഭിക്കുന്നു. എലിഫാസ് വീണ്ടും ഒന്നാമതായി സംസാരിക്കുന്നു. അതിനു ഇയ്യോബു ഉത്തരം പറയുന്നു. അവരെ വ്യസനിപ്പിക്കുന്ന ആശ്വാസകന്മാരായി മാത്രമേ ഇയ്യോബിനു കാണുന്നതിനു കഴിയുന്നുള്ളൂ. ദൈവവും മനുഷ്യരും തനിക്കു വിരോധികളായി ഇയ്യോബു കാണുന്നു. എന്നാൽ 9-ാം വാക്യത്തിൽ ശത്രു തന്റെ നേരെ എഴുനേറ്റിരി

കയാണെ എന്നു പറയുന്നു. എന്നാൽ ശത്രുവിന്റെ തീയമ്പുകളെ ഇയ്യോബിന്റെ സ്നേഹിതന്മാർ മനസ്സിലാക്കുന്നില്ല. സാത്താന്റെ കൌശലങ്ങളെ മനസ്സിലാക്കി വിശ്വാസത്തിൽ ഉറച്ചുനില്ക്കും.

18നു. (ഞാ.) ഇയ്യോ. 16. 11—22. ഇയ്യോബിന്റെ കഷ്ടതകളെ മൂന്നു തരത്തിൽ ദൃഷ്ടാന്തീകരിക്കുന്നു. (1) എന്നെ ചതച്ചു. (2) അസ്ത്രൽ ചുറ്റും വീഴുന്നു. (3) ഇടിച്ചുതകർക്കുന്നു. (12—14 വാ.) 18—22 വരെയുള്ള വാക്യങ്ങളിൽ ഇയ്യോബിന്റെ വിശ്വാസത്തെ കാണുന്നു. തന്നിൽത്തന്നെയോ, തന്റെ സ്നേഹിതരിലോ ആശ്രയിക്കാതെ ദൈവത്തിങ്കലേക്കു കണ്ണു ഉയർത്തി നിലവിളിക്കുന്നു. (20 വാ.) സങ്കീ. 121. 1, 2 വാ. നോക്കുക.

19നു. (തി.) ഇയ്യോ. 19. 1—10, 23—29. ബിൽദാദ് സംസാരിക്കുന്നതു 18-ാം അദ്ധ്യായത്തിലും, ഇയ്യോബു ഉത്തരം പറയുന്നതു 19-ാം അദ്ധ്യായത്തിലും വിവരിക്കുന്നു. ദൈവം തനിക്കു എതിരായിരിക്കുന്നു എന്നും (6—12) തന്റെ സഹോദരന്മാരും, പരിചയക്കാരും, ചെറുജനങ്ങളും, സ്നേഹിതരും, ദാസിദാസന്മാരും, ഭാര്യയും, കുഞ്ഞുങ്ങളും തനിക്കു എതിരായിരിക്കുന്നു എന്നു ഇയ്യോബു പറയുന്നു. (13—20 വാ.) തന്റെ നിരപരാധിത്വം തെളിയിപ്പാൻ താൻ ആഗ്രഹിക്കുന്നു. (23' 24 വാ.) അവന്റെ നിരാശയുടെ അടിത്തട്ടിൽനിന്നു പ്രത്യാശയുടെ ഉയർന്ന നിലയിലേക്കു കയറുന്നു. മരണത്തിനു അപ്പുറമുള്ള ജീവനെ താൻ കാണുന്നു. പുതിയനിയമത്തിന്റെ നിലയിലേക്കു ഉയർത്തുന്ന ഭാഗമത്രെ ഇതു (25, 26 വാ). ഈ ഭാഗികമായ പ്രത്യാശ കഷ്ടതയിൽ നമ്മുടെ നിശ്ചയമത്രേ.

20നു. (ചൊ.) ഇയ്യോ. 23. 1—17. 23-ം, 24-ം അദ്ധ്യായങ്ങളിൽ എലിഫാസിന്റെ പ്രതിവാദങ്ങൾക്കു ഇയ്യോബു ഉത്തരം നൽകുന്നു. (1) ഇയ്യോബു തന്റെ നിശ്ചലകത്വം വിചരിക്കുന്നു. 'അവന്റെ മുമ്പിൽ എന്റെ ന്യായം വിവരിക്കുമായിരുന്നു' (4 വാ) (2) എന്നെ ശോധന കഴിച്ചാൽ വെള്ളിപോലെ പുറത്തു വരുമായിരുന്നു (10 വാ). (3) ദൈവഭയം (15 വാ). അവന്റെ സാന്നിദ്ധ്യത്തിൽ ഭ്രമിക്കുന്നു എന്നു പറയുന്നു, (4) ദൈവത്തിന്റെ പാത വിട്ടുമാറാതെ നടക്കുകയും (11 വാ). (5) കല്പനകൾ അനുസരിക്കുകയും ചെയ്തു (12 വാ). യഹോവയെ ഭയപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്നവൻ ഭാഗ്യവാൻ സങ്കീ. (128. 1.)

21നു. (ബു.) ഇയ്യോ. 28. 12—28. ജ്ഞാനത്തെക്കുറിച്ചുള്ള ഒരു വിവരണമത്രെ ഈ ഭാഗത്തു കാണുന്നതു. അതു സദൃശവാക്യത്തിലും സഭാപ്രസംഗിയിലും നാം കാണുന്നു. ജ്ഞാനത്തെ മനുഷ്യനു വിലമതിക്കുന്നതിനോ അതിന്റെ ഉത്ഭവസ്ഥാനം കണ്ടുപിടിക്കുന്നതിനോ കഴിയുകയില്ല. ലോകത്തിലെ എല്ലാ വിലയേറിയ സാധനംകൊണ്ടും അതു ലഭിക്കുന്നില്ല. (സദൃ. 3. 13—18 നോക്കുക.) ക്രിസ്തു അത്രെ സാക്ഷാൽ ജ്ഞാനം (കൊലൊ. 2. 3).

22നു. (വ്യാ.) ഇയ്യോ. 29. 1—17. ഈ അദ്ധ്യായത്തിൽ കഴിഞ്ഞ കാലങ്ങളെ ഇയ്യോബു ഓർക്കുന്നു. അവ ദൈവം കാത്തുപോന്ന കാലങ്ങളായി കാണുന്നു. (1) ദീപം തലയ്ക്കു മീതെ പ്രകാശിച്ചു (3 വാ). (2) വെളിച്ചത്താൽ ശ്രീരുട്ടിൽ നടന്നു (3 വാ). ദൈവത്തിന്റെ സഖ്യത ഉണ്ടായിരുന്ന ശുഭകാലമായി ഓർക്കുന്നു. താൻ മറ്റുള്ളവരാൽ ബഹുമാനിക്കപ്പെട്ടും ഇരുന്നു (7—10 വാ). ഇതിനുള്ള കാരണവും തുടർന്നുള്ള വാക്യങ്ങളിൽ കാണുന്നു. വിധവയ്ക്കും കുരുടനും മുടന്തനും ദരിദ്രനും താൻ സഹായിച്ചു. ദൈവത്തോടു ചേർന്നുള്ള ജീവിതം തനിക്കു ഭാഗ്യകരവും മറ്റുള്ളവർക്കു അനുഗ്രഹകരവും ആയിരിക്കും. (സങ്കീ. 73. 28).

23നു. (വെ.) ഇയ്യോ. 32. 1—15. ഇയ്യോബിന്റെ മൂന്നു സ്നേഹിതന്മാർ സംസാരിച്ചു തീർന്നപ്പോൾ എലീഹു സംഭാഷണം ആരംഭിച്ചു. ഇയ്യോബു തന്നെത്തന്നെ നീതീകരിച്ചതും തന്റെ സ്നേഹിതന്മാർ അവന്റെ കുറ്റം ബോധപ്പെടുത്താൻ സാധിക്കാതെപോയതും എലീഹുവിനു കോപത്തിനു കാരണമായി. എലീഹു പ്രായം കുറഞ്ഞവനാകയാൽ സംസാരിപ്പാൻ ധൈര്യപ്പെട്ടില്ല എങ്കിലും പ്രായം ചെന്നവർ മാത്രമാണു വിവേകികൾ എന്നു വിചാരിക്കേണ്ടതില്ലെന്നും, ചെറുപ്പക്കാരനായ തനിക്കും അഭിപ്രായം പറയാമെന്നും ധൈര്യപ്പെടുന്നു (6—10 വാ). വാഗ്വാദത്തിനുവേണ്ടിയുള്ള സംഭാഷണം ആഗ്രഹിക്കുന്നതല്ല. ദൈവമുമ്പാകെ തങ്ങളെ താഴ്ത്തുന്നതു സംസാരിക്കുന്നതിനു നമ്മെ പ്രാപ്തിപ്പെടുത്തും.

24നു. (ശ.) ഇയ്യോ. 33. 12—26. ഇയ്യോബിന്റെ കഷ്ടപ്പാടുകൾ തന്റെ പാപംകൊണ്ടാണ് എന്നുള്ള മൂന്നു സ്നേഹിതന്മാരുടെ വാദഗതി എലീഹു സ്വീകരിക്കുന്നില്ല. എന്നാൽ ദൈവം വിവിധ മുഖാന്തരങ്ങളിൽക്കൂടെ കാര്യങ്ങൾ പഠിപ്പിക്കുന്നു (14, 15 വാ). ഇതിന്റെ എല്ലാം ഉദ്ദേശം മനുഷ്യന്റെ നന്മയത്രെ (17, 18 വാ). അവൻ ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ അനുഗ്രഹങ്ങളെ പ്രാപിക്കും (25, 26 വാ). കഷ്ടപ്പാടുകൾ മനുഷ്യന്റെ നന്മയ്ക്കായി ദൈവം നല്കുന്നതാണ് എന്നത്രെ എലീഹുവിനു പറവാനുണ്ടായിരുന്നതു. (എബ്രാ. 12. 5—12 നോക്കുക.)

25ആം. (ഞാ.) ഇയ്യോ. 38. 1—21. ഈ ഭൗതിക സൃഷ്ടികർത്താവായ ദൈവം അരുളിച്ചെയ്യുന്നു. പ്രകൃതിയിലുള്ള ദൈവിക രേണുത്തെക്കുറിച്ചു ഭൂമിയും നക്ഷത്രങ്ങളും സമുദ്രവും ഇവയെല്ലാം അടക്കിഭരിക്കുന്ന ദൈവത്തിന്റെ ശക്തിയെക്കുറിച്ചു ഇയ്യോബിനോടു ദൈവം ചോദിക്കുന്നു. ദൈവത്തിന്റെ സർവ്വ ശക്തിയെയും സർവ്വ വല്ലഭത്വത്തെയുംകുറിച്ചുള്ള നമ്മുടെ അറിവിന്റെ ഒന്നുമില്ലായ്മയെ മനസ്സിലാക്കുന്നു. (യെശ. 6. 1—5 നോക്കുക.)

26ആം. (തി.) ഇയ്യോ. 38. 22—41. പ്രകൃതിയിലെ കാര്യങ്ങൾതന്നെ മനുഷ്യനു ഗ്രഹിപ്പാൻ കഴിവില്ലാതിരിക്കുമ്പോൾ സർവ്വത്തെയും അടക്കിഭരിക്കുന്ന ദൈവത്തിന്റെ പ്രവൃത്തിയെ മനുഷ്യനു എങ്ങനെ ഗ്രഹിപ്പാൻ കഴിയും? ദൈവത്തിന്റെ സർവ്വ ശക്തിയെയും മഹത്വത്തെയും കാണുമ്പോൾ നമ്മെത്തന്നെ വിനയപ്പെടുത്തുകയത്രെ ആവശ്യം. പ്രകൃതിയുടെ ദിവ്യ രഹസ്യങ്ങൾ മനുഷ്യനു മനസ്സിലാക്കാൻ കഴിയാത്തതുപോലെ, കഷ്ടതയുടെ രഹസ്യവും മനസ്സിലാക്കാൻ നിവൃത്തിയില്ലെങ്കിലും, ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിക്കുക അത്രെ ആവശ്യം.

27ആം. (ചൊ.) ഇയ്യോ. 40. 1—14. ഇയ്യോബു ദൈവത്തോടു ന്യായവാദത്തിനു ഇനിയുന്നില്ല. തന്റെ അജ്ഞതയെയും ഒന്നുമില്ലായ്മയേയും ഏറ്റുപറയുന്നു (3—5 വാ). ദൈവത്തിന്റെ വല്ലഭത്വത്തേയും ജ്ഞാനത്തേയും ചോദ്യം ചെയ്യാതെ ദൈവത്തിൽത്തന്നെ പൂർണ്ണ ശരണം വയ്ക്കുന്നു.

28ആം. (ബു.) ഇയ്യോ. 42. 1—17. മൂന്നാം അദ്ധ്യായത്തിൽ ആരംഭിച്ച കഥ 42-ാം അദ്ധ്യായത്തിൽ അവസാനിക്കുന്നു. 1—6 വരെയുള്ള വാക്യങ്ങളിൽ ഇയ്യോബിന്റെ പരിപൂർണ്ണ ഏറ്റുപറച്ചിലിന്റെയും സമ്പൂർണ്ണത്തിന്റെയും അനുഭവം കാണുന്നു. ദൈവത്തിന്റെ സർവ്വ ശക്തിയെ കണ്ടു് തന്റെ പാപം മുഴുവനായി ഏറ്റുപറഞ്ഞു കീഴ്പ്പെടുന്നു. അവന്റെ കഷ്ടത നിങ്ങുകയോ അതിന്റെ കാര്യം അവൻ ഗ്രഹിക്കയോ ചെയ്തിട്ടില്ല എങ്കിലും ദൈവസ്നേഹം അവൻ മനസ്സിലാക്കി. കഷ്ടത സഹിഷ്ണുതയേയും സഹിഷ്ണുത സിദ്ധതയേയും ഉളവാക്കുന്നു എന്നറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.

29ആം. (വ്യാ.) 1 തെസ്സ. 1. 1—10. അപ്പൊസ്തലനായ വിശുദ്ധ പൌലൊസ് തെസ്സലോനിക്യയിൽ ചെന്നു് സുവിശേഷം അറിയിക്കുന്നു (അപ്പൊ. പ്ര. 17-ാം അ). അവിടെ സഭയിലേക്കു വന്നവരെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും അവരുടെ സംശയ നിവാരണത്തിനുമായിട്ടത്രെ ഈ ലേഖനം എഴുതുന്നതു്. അപ്പൊസ്തലൻ കൊരിന്തിൽ താമസിക്കുമ്പോൾ ഈ ലേഖനം എഴുതുന്നു (അപ്പൊ. പ്ര. 18-ാം അ). അവരുടെ വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയെ ഓർത്തു ദൈവത്തിനു സ്തോത്രം ചെയ്യുന്നു. അവരുടെ അനുഭവങ്ങൾ വിവരിക്കുന്നു. (1) വചനം സന്തോഷത്തോടെ കൈക്കൊണ്ടു (6 വാ). (2) കർത്താവിനും അപ്പൊസ്തലന്മാർക്കും അനുകാരികളായിത്തീർന്നു (6 വാ). (3) വിശ്വസിക്കുന്നവർക്കു മാതൃകകളായി (8 വാ). (4) ദൈവവചനം മറ്റുള്ളവരിലേക്കു മുഴങ്ങിച്ചെന്നു (8 വാ). ഈ അനുഭവം എന്നിൽ ഉണ്ടോ?

30ആം. (വെ.) 1 തെസ്സ. 2. 1—20. അപ്പൊസ്തലന്റെ അനുഭവങ്ങൾ ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു. (1) ദൈവത്തിനു കൊള്ളരുതാത്തവരായി തെളിഞ്ഞു സുവിശേഷം ഭരമേല്പിക്കപ്പെട്ടു (4 വാ). (2) ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ടു സംസാരിക്കുന്നു (4 വാ). (3) മുഖസ്തുതിയോ ഉപായമോ പ്രയോഗിച്ചിട്ടില്ല (5 വാ). (4) സ്വന്ത കൈകൊണ്ടു വേല ചെയ്തു (9 വാ). (5) അമ്മയപ്പന്മാരെപ്പോലെ ആർദ്രതയോടും (7 വാ). (6) അപ്പനെപ്പോലെ ജ്ഞാനത്തോടും (12 വാ). (7) സഹോദരനെപ്പോലെ ഉത്തമ മാതൃകയായിട്ടും (10 വാ). സാക്ഷിക്കുന്ന സുവിശേഷത്തിനു അനുസരണമായ ജീവിതംകൊണ്ടു അതിനെ തെളിയിക്കുകയത്രെ ആവശ്യമായിരിക്കുന്നതു്.

ഡിസംബർ 1ആം. (ശ.) 1 തെസ്സ. 3. 1—13. തെസ്സലോനിക്യയിലെ ക്രിസ്ത്യാനികൾ കഷ്ടങ്ങളിൽ കുടുങ്ങിപ്പോകാതെ ഇരിക്കുന്നതിനു് അപ്പൊസ്തലൻ തിമഥിയോസിനെ അയക്കുന്നു (2 വാ). ക്രിസ്ത്യാനിക്കു ലോകത്തിൽ കഷ്ടത ഉണ്ടു് (3 വാ). എന്നാൽ എങ്ങനെ ജീവിക്കണമെന്നു ഇവിടെ പറയുന്നു. (1) കർത്താവിൽ നിലനിൽക്കണം (8 വാ). (2) സ്നേഹത്തിൽ വർദ്ധിച്ചു വരണം (12 വാ). (3) കർത്താവിന്റെ വരവിൽ അനിന്ദ്യരായി വെളിപ്പെടണം (13 വാ). ഈ അനുഭവങ്ങളിൽ നമുക്കു ഉറച്ചു നില്ക്കാം.

2ആം. (ഞാ.) 1 തെസ്സ. 4. 1—18. ഒരു ക്രിസ്ത്യാനിയുടെ നടപ്പിനെക്കുറിച്ചു 1—12 വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്നു. (1) വിശുദ്ധിയിൽ (3—7 വാ). (2) സ്നേഹത്തിൽ (9—10 വാ). (3) മര്യാദയിൽ (11 വാ). (4) സ്വന്ത കൈകൊണ്ടു വേല ചെയ്തു (12 വാ). 13—18വരെ ക്രിസ്തീയ പ്രത്യാശയെക്കുറിച്ചു വിവരിക്കുന്നു. മരിച്ചുപോയ വിശ്വാസികൾ ക്രിസ്തുവിൽ നിദ്രപ്രാപിച്ചിരിക്കയാണെന്നും, കർത്താവിന്റെ വരവിൽ ഉയർത്തെഴുന്നേല്ക്കുമെന്നും, ജീവനോടിരിക്കുന്ന വിശ്വാസികളും മറുരൂപപ്പെട്ടു് അവർ എല്ലാവരും കർത്താവിനോടുകൂടെ വസിക്കുമെന്നും ഉള്ള പ്രത്യാശ

യിൽ ആശ്വാസം പ്രാപിപ്പാൻ അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. കർത്താവിന്റെ വരവിന്റെ പ്രത്യാശ നമുക്കുണ്ടോ? (യോഹ. 14. 3).

3നു. (തി.) 1 തെസ്സ. 5. 1—11. കർത്താവിന്റെ വരവിന്റെ രണ്ടാം ഘട്ടത്തെക്കുറിച്ചു "കർത്താവിന്റെ നാൾ" പറയുന്നതായി വിചാരിപ്പെടുന്നു. കർത്താവിന്റെ നാൾ ഒക്കുമാറു ഇരുളിന്റെ മക്കൾക്കു നാശവും, വെളിച്ചത്തിന്റെ മക്കൾക്കു അനുഗ്രഹകരവും ആത്രേ. അതുകയാൽ നാം വെളിച്ചത്തിലുള്ളവരായി, ദൈവത്തിന്റെ സ്വായുധവർഗ്ഗം ധരിച്ചു (8 വാ). ഏഫേ. 6. 10—17 നോക്കുക. പോരാടുന്നതത്രെ ആവശ്യം.

4നു. (ചൊ). 1 തെസ്സ. 5. 12—18. പ്രായോഗികമായ നിർദ്ദേശങ്ങൾ നല്കുന്നു. (1) ക്രമം കെട്ടവരെ ബുദ്ധിയുപദേശിക്ക (14 വാ). (2) ഉത്സാഹമുള്ളവനെ ധൈര്യപ്പെടുത്തുക (14 വാ). (3) ബലഹീനരെ താങ്ങുക. (4) ദീർഘക്ഷമ കാണിക്കുക. (5) തിന്മ ചെയ്യാതിരിക്കുക. (6) നന്മ ചെയ്യുക. (7) ഏപ്പോഴും സന്തോഷിക്ക. (8) ഇടവിടാതെ പ്രാർത്ഥിക്ക. (9) എല്ലാറ്റിനും സ്തോത്രം ചെയ്യുക. (10) ആത്മാവിനെ കെടുക്കാതെ. (11) പ്രവചനം ഇകഴ്ചയാക്കാതെ (12) സകലവും ശോധന ചെയ്യുക. (13) നല്ലതു മുറുകെ പിടിച്ചു ജീവിക്ക. (14) സകലവിധ ദോഷവും വിട്ടകലുക. ഇപ്രകാരമുള്ള ഒരു ജീവിതത്തിനായി ദൈവകൃപയിൽ ഭരമേല്പിക്കപ്പെടുന്നു.

5നു. (ബു.) സഭാപ്ര. 1. 1—13. ശലോമോൻ മഹാജ്ഞാനി ആയിരുന്നു. വലിയ രാജാവായിരുന്നു. ഇവിടെ ശലോമോനെ ഒരു പ്രസംഗകനായി കാണുന്നു. ഒരു പ്രസംഗകൻ സത്യത്തെ ജീവിതവുമായി ബന്ധപ്പെടുത്തി പാഠയോഗ്യനായ ആളത്രേ. 1—11-വരെയുള്ള വാക്യങ്ങളിൽ ജീവിതത്തെ വെറും മായയായി വർണ്ണിക്കുന്നു. അതു ശൂന്യതയിൽ അവസാനിക്കുന്നു (11 വാ.) ജ്ഞാന സമ്പാദനം തന്നെയും വൃഥാ പ്രയത്നവും ദുഃഖകരവുമെന്നു വർണ്ണിക്കുന്നു. ജീവിതത്തെ നാം എങ്ങനെ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നു. ഈ ലോകത്തിന്റെ ജ്ഞാനവും, ധനവും മായ എങ്കിലും ഈ ജീവിതത്തിൽ നിത്യമായതിനെ മനസ്സിലാക്കുകയത്രെ ജീവിതംകൊണ്ടു സാധിക്കേണ്ടതു.

6നു. (വ്യാ.) സഭാപ്ര. 2. 1—13. ശലോമോൻ തന്റെ അനുഭവത്തിൽനിന്നു കാര്യങ്ങൾ എടുത്തു പറയുന്നു. സന്തോഷവും (1—3 വാ.) ധനവും (4—11 വാ.) മായതന്നെ. താൻ സംതൃപ്തികായി ആഗ്രഹിച്ചു, മഹാപ്രവൃത്തികളെ ചെയ്തു, സന്തോഷത്തിനു ആവശ്യമായതെല്ലാം ചെയ്തു, എന്നാൽ സകലവും, മായയും, വൃഥാ പ്രയത്നവും എന്നു മനസ്സിലാക്കി. സംതൃപ്തിക്കുവേണ്ടി മനുഷ്യൻ ശ്രമിക്കുന്നു. എന്നാൽ ദൈവത്തെ കൂടാതെയുള്ള മനുഷ്യന്റെ എല്ലാ പ്രയത്നങ്ങളും ശൂന്യതയിൽ അവസാനിക്കുന്നു. ദൈവത്തിൽ പ്രത്യാശ വെക്കുക (സങ്കീ. 42).

7നു. (വെ.) സഭാപ്ര. 3. 1—15. ദൈവത്തിനു മനുഷ്യജീവിതത്തെക്കുറിച്ചു ഒരു പ്രമാണം ഉണ്ട്. ഓരോന്നും ചെയ്യേണ്ട സമയത്തു ചെയ്യണം (1—8 വാ). മനുഷ്യഹൃദയത്തിൽ ദൈവം നിത്യതയെക്കുറിച്ചുള്ള അറിവു വച്ചിരിക്കുന്നതിനാൽ ജീവിതത്തിലെ ഓരോ സംഭവവും നിത്യതയുടെ വെളിച്ചത്തിൽ നാം കാണേണ്ടതത്രെ. തന്റെ സകല പ്രയത്നംകൊണ്ടും സുഖം അനുഭവിക്കുന്നതും ദൈവത്തിന്റെ ദാനമത്രെ (13 വാ). എല്ലാറ്റിലും ദൈവത്തിന്റെ കൈ കാണുക എന്നുള്ളതത്രെ ജീവിതത്തിന്റെ യഥാർത്ഥ സമാധാനവും സന്തോഷവും എന്നു നാം മനസ്സിലാക്കേണ്ടതാണ്.

8നു. (ശനി) സഭാപ്ര. 5. 1—12. "ദൈവിക ആരാധനയെക്കുറിച്ചു (1—7 വാ.) പറയുന്നു. (1) അനുസരണത്തോടും 1-ാം വാക്യം, (2) ഭക്തികരമായും (2—3 വാ). (3) പരമാർത്ഥതയോടും (4—7 വാ). ആയിരിക്കണം. ഇങ്ങനെയുള്ള ആരാധന അത്രേ ദൈവം സ്വീകരിക്കുന്നതു. കൂടാതെ പ്രീതിപ്പിക്കുന്നവനെ ശിക്ഷിക്കുന്നവനായി, ഉന്നതനു മീതെയുള്ള ഉന്നതനായി (8 വാ). ദൈവത്തെ വെളിപ്പെടുത്തുന്നു. ധനവാനേക്കാൾ വേല ചെയ്യുന്നവൻ സന്തോഷം അനുഭവിക്കുന്നു (12 വാ).

9നു. (ഞാ.) സഭാപ്ര. 7. 1—14. മനുഷ്യജീവിതത്തിലെ പാപത്തിന്റെയും, സങ്കടത്തിന്റെയും പ്രതിവിധി സഭാപ്രസംഗി കാണുന്നു. നല്ലപേർ സുഗന്ധതൈലത്തേക്കാൾ നല്ലതു (1 വാ). ദുഃഖത്തിൽ ഒരു നന്മയുണ്ടു (2 വാ.) ജ്ഞാനിയുടെ ശാസനം നല്ലതു (5 വാ.) കൈക്കൂലി വാങ്ങരുതു (9 വാ). ഇപ്പോഴുള്ള സമയത്തെ പ്രയോജനപ്പെടുത്തണം (10 വാ). ജ്ഞാനത്തേക്കാൾ ധനത്തെ വിലമതിക്കരുതു (11 വാ). ജ്ഞാനം ജീവനെ പരിപാലിക്കുന്നതാണ് (12 വാ.) ഇപ്രകാരമുള്ള ജീവിതം ധന്യമായിത്തീരുവാൻ സഹായിക്കുന്നു.

10നു. (തി.) സഭാപ്ര. 8. 1—13. ഈ ഭാഗത്തു 3 കാര്യങ്ങൾ പറയുന്നു (1) പ്രജകളുടെ പൂമതലംരാജാവിന്റെ കല്പന പ്രമാണിക്കണം (2 വാ). ദൈവത്താൽ നിയമിക്കപ്പെട്ട അധികാരിയെ ബഹുമാനിക്കയും, അനുസരിക്കയും ചെയ്യേണ്ടതത്രെ. (2) ദുഷ്ടനു ശിക്ഷാവിധിയുണ്ട് (13 വാ). (3) ദൈവത്തെ ഭയപ്പെടുന്നവർക്ക് നിശ്ചയമായി നന്മവരും (12 വാ). യഹോവയെ ഭയപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്ന മനുഷ്യൻ ഭാഗ്യവാൻ സങ്കീ. 128.

THE FAMILY FRIEND

കുടുംബപ്രിയവാദിനി

പുസ്തകം 48. ലക്കം 11 നവംബർ 1956

വാശത്തം ചെയ്യുതു നിവത്തിക്കുന്നതിൽ ഉത്തമ ദൃഷ്ടാന്തക്കാരായ അപ്പനും മകളും.

അപ്പനായ യിപ്പുഗിന്റെ കുടുംബത്തെക്കുറിച്ചു ആകെകിലും പഴിപറയുവാൻ വകയും കാണുമെന്നിരുന്നാലും അവൻ ശാരീരികമായും മാനസ്സികമായും അസാധാരണനായ ഒരു ധീരൻ തന്നെ ആയിരുന്നു എന്നു സമ്മതിക്കാതെ നിവത്തിയില്ല. അവൻ ചെയ്യു നേച്ച തന്റെ മകൾക്കു വേണ്ടിയോ മകളെ യുതൊരുവിധത്തിലും സ്പർശിക്കുന്ന വിധത്തിലൊ ആയിരുന്നില്ല. എങ്കിലും നിർഭാഗ്യവശാൽ അതു നിക്ഷിപ്തമായിത്തീർന്നതു തന്റെ മകളിൽ മാത്രം. അമ്മോന്യരുമായുള്ള യുദ്ധത്തിൽ ജയംപ്രാപിച്ചു സമാധാനത്തോടെ വീട്ടിലേക്കു മടങ്ങാൻ ഇടയായാൽ ആദ്യം കാണുന്നതു എന്തുതന്നെ ആയാലും അതു യഹോവയ്ക്കു ഒരു യാഗമായി അർപ്പിക്കും എന്നായിരുന്നു തന്റെ വാശത്തം. അങ്ങനെ താൻ യുദ്ധത്തിൽ ജയശാലി ആകയും വീട്ടിൽ എത്തിയ സമയം തപ്പിനോട്ടും നൃത്തത്തോടും കൂടെ തന്നെ എതിരേല്പാൻ ആഹ്ലാദപൂർവ്വം പുറപ്പെട്ടു വന്ന തന്റെ മകളെ ആദ്യം കാണുകയും ചെയ്തു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. അല്പംപോലും പ്രതീക്ഷിക്കാതിരുന്ന ഈ കാഴ്ച തന്നെ നിശ്ചലനാക്കിത്തീർത്തു. എങ്കിലും ദുഃഖപരവശനായ യിപ്താഹ് തന്റെ വസ്ത്രം കീറികൊണ്ടു പറഞ്ഞതു "അയ്യോ, എന്റെ മകളെ, നീ എന്റെ തല കുനിപ്പിച്ചു, നീ എന്നെ വ്യസനിപ്പിക്കുന്നവരുടെ കൂട്ടത്തിൽ ആയല്ലൊ! യഹോവയോടു ഞാൻ പറഞ്ഞുപോയി; എനിക്കു പിന്മാറിക്കൂടാ" എന്നാണ്. ന്യായാ. 11. 35. അപ്പന്റെ വാത്സല്യഭാജനമായ മകൾ തന്റെ യാഗവസ്തുവായി പരിണമിക്കുമെന്നു ആരു കണ്ടു.!! യുദ്ധകളത്തിലെ വീരയോദ്ധാവെന്നതുപോലെതന്നെ താൻ ചെയ്യു നേച്ച യെപ്പറ്റി ഹൃദയത്തിൽ നടന്ന കഠിന പോരാട്ടത്തിലും താൻ ജയശാലിയായിത്തീർന്നതുകൊണ്ടത്രെ "യഹോവയോടു പറഞ്ഞതിൽനിന്നു പിന്മാറിക്കൂടാ" എന്നു പറഞ്ഞതു്. ഹൃദയങ്ങൾക്കു വഹിക്കാവുന്നതിലുപരിയായ ഒരു രംഗം ആയിരുന്നു. എന്നാൽ മകളും അപ്പനു ചേരുന്ന ഒരു ധീരകന്യക തന്നെ. ഈ സമയം അവൾ അപ്പനോടു പറഞ്ഞ വാക്കുകൾ യുവഹൃദയത്തോടുള്ള ഒരു വെല്ലുവിളിയത്രേ. "അപ്പാ, നീ യഹോവയോടു പറഞ്ഞുപോയിട്ടുണ്ടെങ്കിൽ...നിന്റെ വായിൽനിന്നു പുറപ്പെട്ടതുപോലെ എന്നോടു ചെയ്തു" എന്നു പറയുവാൻ അവൾ ധൈര്യപ്പെട്ടു. ന്യായാ. 11. 36. അപ്പന്റെ വാശത്തനിവൃത്തിക്കായി അവളെത്തന്നെ മരണയാഗമായി അവൾ മുല്പിച്ചുകൊടുക്കുന്നു. നമ്മുടെ ജീവിതം പുറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ ദൈവത്തോടും മനുഷ്യരോടും നാം ചെയ്ത വാശത്തങ്ങൾ എത്ര വളരെയാണ്.

സുവിശേഷവേല, ആശ്രമജീവിതം എന്നിങ്ങനെ ഓരോന്നിലേക്കു തങ്ങളുടെ മകളെ വേർതിരിച്ചുകൊള്ളാം എന്നു വാശത്തം ചെയ്തിട്ടുള്ള എത്ര മാതാപിതാക്കൾ കുലപ്പഴക്കത്തിൽ മറ്റു ആകർഷണീയമായ വശങ്ങളിലേക്കു മകളെ തിരിച്ചുവിടുകയും ഓരോ ഒഴികഴിവുകളാൽ തങ്ങളെ നീതീകരിക്കുകയും ചെയ്യുപോകുന്നു. മാതാപിതാക്കൾ തങ്ങളെക്കുറിച്ചു വാശത്തം ചെയ്തതു് ഇന്നതെന്നറിഞ്ഞിട്ടും ലോകത്തിന്റെ ആകർഷണങ്ങളിലേക്കു വിരണ്ടു ഓടുന്ന മകളും എത്ര വളരെ!! എന്നാൽ അവസാനത്തിൽ "ദൈവമേ, നിന്നെ അറിയുന്നതു നിത്യജീവനും, നിന്നെ സേവിക്കുന്നതു പൂർണ്ണ സ്വാതന്ത്ര്യവും, നിങ്കലല്ലാതെ ഹൃദയങ്ങൾക്കു സ്വസ്ഥത കണ്ടെത്തുന്നുമില്ല" എന്നു സമ്മതിച്ചു ഏറ്റുപറയുന്ന കാലം വരാതിരിക്കയില്ല, "യഹോവയോടു പറഞ്ഞതിൽനിന്നു എനിക്കു പിന്മാറിക്കൂടാ" എന്നു പറയുന്നതിനു മാതാപിതാക്കളുടെയും "യഹോവയോടു പറഞ്ഞതുപോലെ എന്നോടു ചെയ്തു" എന്നു സമ്മതിക്കുന്നതിനു മകളുടെയും ഹൃദയങ്ങളെ ദൈവാത്മാവുതന്നെ പ്രകാശിപ്പിക്കേണ്ടതാണ്.

S. T.

സ്ത്രീജനസഖ്യവാർത്തകൾ

ഒക്ടോബർ മാസത്തിൽ നടന്ന സ്ത്രീജനസഖ്യകൃത്യങ്ങളെക്കുറിച്ചു പറയുന്നതു മറ്റു ശാഖകളെക്കുറിച്ചു അറിയുന്നതിനും തമ്മിൽ തമ്മിൽ പ്രോത്സാഹിക്കുന്നതിനും സഹായമാകുമെന്നു ആശിക്കുന്നു.

പുതുപ്പള്ളി. ഇടവക ഒന്നിച്ചുള്ള സ്ത്രീകളെ ഉദ്ദേശിച്ചു കുമ്പിടികരിച്ചിരുന്ന യോഗം 6, 7 എന്നീ തീയതികളിൽ പുതുപ്പള്ളിയിൽവച്ചു ഭംഗിയായി നടക്കുന്നതിനു ഇടയായി. ബഹുമനപ്പെട്ട കെ. വി. വിച്ചും അച്ചൻ അവർകൾ നടത്തിയ യോഗാധികാരമായ പ്രതിക്ഷാശുശ്രൂക്ഷയോടുകൂടെയാണു യോഗം അവസാനിച്ചതു്. സിസ്റ്റർ ഈഡിത്തു്, കല്ലട സ്കൂൾ ആശ്രമവാസികളിൽ ചിലർ, എന്നിവരുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. ഈ ദിവസങ്ങൾ കൂടുതൽ അനുഗ്രഹീതമാക്കുന്നതിനു സഹായിച്ച എന്നു പറയേണ്ടിയിരിക്കുന്നു. സ്ഥലം സ്ത്രീജനസഖ്യ സെക്രട്ടറി മിസ്സ് ഗ്രയിസ്സ് ഐസക്ക് പ്രസ്തുത സഖ്യത്തിലെ ഒരു സജീവ പ്രവർത്തക തന്നെ.

കുറിച്ചി. വെള്ളത്തുരുത്തി ഇടവകയിൽ പെട്ട കാടമുറി, കുമ്പാടി, മുരിക്കുംമൂല, വെള്ളത്തുരുത്തി എന്നീ സഭകളിൽനിന്നുള്ള സ്ത്രീകൾ കുറിച്ചിയിൽവച്ചു തങ്ങൾക്കായി നടത്തുമെന്നു അറിയിച്ചിരുന്ന യോഗത്തിലേയ്ക്കു കൂട്ടമായി വന്നുചേർന്നുകൊണ്ടിരുന്ന കാഴ്ച ധൈര്യപ്രദമായ ഒന്നായിരുന്നു എന്നതിനെ പറയാം. ഇടവകപ്പട്ടക്കാരൻ ബഹുമനപ്പെട്ട സി. റ്റി. ജോൺ അച്ചൻ അവർകൾ പ്രസ്തുത യോഗത്തിന്റെ ആവശ്യകത എത്ര അധികമെന്നു മനസ്സിലാക്കിക്കൊണ്ടു തന്നെയാണു ക്രീകരണം ചെയ്തതെന്നു തെളിയിക്കുമായിരുന്നു. ബഹുമനപ്പെട്ട എ. ജെ. കുഞ്ഞൻ അച്ചൻ അവർകളുടെ പ്രസംഗം കായ്പരിപാടിയിൽ കാര്യമായ പങ്കു വഹിച്ചു എന്നു മാത്രമല്ല കുടുംബജീവിതകാര്യത്തിൽ ഒരു പ്രത്യേക സ്വാധീനശക്തിയുണ്ടാക്കുന്നതും ആയിരുന്നു. അവസാനമായി നടന്ന പ്രതിക്ഷാശുശ്രൂക്ഷയിലും പലർ തങ്ങളെത്തന്നെ സ്ത്രീജന സഖ്യാംഗങ്ങളായി പ്രതിജ്ഞചെയ്തു. ഉച്ചക്ഷണ നിവൃത്തിക്കുള്ള സ്ഥലത്തെ പ്രവർത്തകരും കുടുംബവും ചെയ്ത സേവനം നന്ദിയോടുകൂടെത്തന്നെ ഓർക്കുന്നതാണ്.

മലങ്കര. ആണ്ടുതോറും മുടക്കം കൂടാതെ നടന്നുവരുന്ന മൂവാറ്റുപുഴ ഇടവക സ്ത്രീജനസഖ്യകൃത്യം ഈ ആണ്ടിലും ഒരു "കുടുംബ കൂട്ടായ്മ" എന്ന നിലയ്ക്കുതന്നെ നടന്നിരിക്കുന്നു. സിസ്റ്റർ ഈഡിത്തിന്റെ സാന്നിദ്ധ്യത്തിനായ ആത്മീയ ഉണർവുകൾ സ്ഥലം പ്രവർത്തകൻ പി. വി. തോമസ് അവർകളിൽ നടത്തപ്പെട്ട സക്ഷേത്രയോഗം ബഹുമനപ്പെട്ട കെ. എൻ. ജയിക്കബ് അച്ചൻ അവർകൾ സി. എസ്സ്. ഐ. ക്രമമനുസരിച്ചു നടത്തിയ വിശുദ്ധസംസ്കൃത ശുശ്രൂക്ഷ എന്നിങ്ങനെ വലുതും ചെറുതുമായ ഈ കൃത്യങ്ങളെയെല്ലാം കൂടുതൽ മാധുര്യമാക്കി. സ്ഥലം മാതൃസംഘ സെക്രട്ടറി മിസ്സസ്സ് എം. പി. പുന്നന്റെ കായ്ക്ഷമമായ സേവനം ഇതിനു ഒരു വലിയ പിന്തുണതന്നെ.

പ്രത്യേകശ്രദ്ധയ്ക്കു്. സ്ത്രീജനസഖ്യകേന്ദ്രാഫീസിലേക്കു ഓരോ ഇടവകയെയും ചുമതലപ്പെടുത്തിയിരിക്കുന്ന ജോലി എന്തെന്നു അറിഞ്ഞു അതു തക്കസമയത്തു അയയ്ക്കുന്നതിനു ഏതാം ഒരു മാന്യം കാണുന്നു. ഈ കായ്യത്തിൽ ഒരു ഉണർവു ആവശ്യമെന്നു ഓർപ്പിക്കുന്നു.

S. T.

ഒരു സുവർണ്ണമാസം

കേരളകരയുടെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തുന്ന ഒരു മാസത്തിലാണു നാം എത്തിയിരിക്കുന്നതു്. ചിരകാലപ്രതീക്ഷിതമായ ഒരു സംയോജനാവട്ടത്തിൽ കേരളകര വന്നുചേർന്നു എന്നതിന്റെ ലക്ഷ്യമായി തെക്കു തിരുവനന്തപുരം മുതൽ വടക്കു കോഴിക്കോടുവരെ ദീപശിഖ കൈമാറിക്കൊണ്ടുപോകുന്നതിനു ഏതു യുവവീരന്മാരെ സന്നദ്ധരായി നിന്നതു്. അതിനുള്ള സജ്ജീകരണങ്ങൾക്കും ആളുകൾ അതീവ സാമർത്ഥ്യപൂർവ്വമായി കാണപ്പെട്ടു. വിദൂരസ്ഥങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള യാത്രാസൌകര്യങ്ങളും അതിന്റെ ഭാരവാഹികൾ ശിഷ്ടാഗതിയിൽചെയ്തുവരുന്നു. മുമ്പുണ്ടായിട്ടുള്ളതുപോലെ വിധം മാറ്റു രാജാക്കന്മാർ, മന്ത്രിമാർ തുടങ്ങിയായ രാഷ്ട്രീയപ്രമുഖർ രാജ്യത്തെ സന്ദർശിക്കുന്നു. രാഷ്ട്രീയസംയോജനം—വിജ്ഞാനം—വികസനം തുടങ്ങിയായ പരിവർത്തനങ്ങൾ ത്വരിതമായി മുമ്പോട്ടു പോകുന്നു. ദൈവരാജ്യത്തിന്റെ കെട്ടുപണിക്കും ഇതുപോലെ ഒരു ശീഘ്രത നടന്നെങ്കിലെന്നു ഞാൻ ആഗ്രഹിച്ചുപോകുന്നു. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നു പറഞ്ഞ ലോകരക്ഷിതാവായ യേശുക്രിസ്തുവിൽ നിന്നും കത്തിച്ച ദീപശിഖയുമായി ഓടിയ അപ്പൊസ്തലന്മാരെയും അവരുടെ പിൻഗാമികളായ മറ്റു അനേക വിശുദ്ധന്മാരെയും ഓർപ്പിക്കുന്ന നാളേയ്ക്കുകൂടിയാണു

ഈ സുവർണ്ണമാസം ആരംഭിക്കുന്നു. സ്വന്തം സഹോദരനെയും ചെറുപ്പമായിരുന്നപ്പോൾ യവനരെയും യേശുവിന്റെ സമീപത്തു കൊണ്ടുവന്ന വി. അന്ത്രയോസ് സുവിശേഷകനെ ഓർക്കുന്ന നമ്മോടുകൂടി ഈ മാസം അവസാനിക്കുകയും ചെയ്യുന്നു. ആഗമനനാളുകൾ സമീപിച്ചിരിക്കുന്നു എന്നു മുന്നറിവു നല്കുന്നതും ഈ സുവർണ്ണമാസത്തിൽ തന്നെ.

ഭാരതം ഒട്ടുക്കു ദൈവരാജ്യത്തിലേക്കു വന്ന ഒരു "ദൈവരാജ്യപ്രാവി" കൊണ്ടോടുവാൻ വിശ്വസ്തസ്ത്രീകളുടെ സേവനം എത്ര ആവശ്യമാണു്? സുവിശേഷവെളിച്ചവുമായി ഭാരതത്തിന്റെ വലഭാഗങ്ങളിലേക്കു ഓടുന്നതിനു തങ്ങളുടെ മക്കളെ അയച്ചിരിക്കുന്ന പല അമ്മമാർ നമ്മുടെ ഇടയിൽ ഉണ്ടെന്നുള്ളതു സ്തുത്യർഹമായ ഒരു സംഗതിയാണു്. അവരുടെ ഓട്ടത്തിൽ തടസ്സം പറ്റാതിരിക്കുന്നതിനു സ്ത്രീജനസഖ്യാംഗങ്ങളുടെ പ്രാർത്ഥന ഒഴിച്ചുകൂടാത്തതാണു്. "ഇഹലോകത്തിന്റെ ചിന്തകളും ധനത്തിന്റെ വഞ്ചനയും മറ്റു വിഷയമോഹങ്ങളും" വന്നു നമ്മുടെ വിളക്കു കെട്ടുപോകാൻ അനുവദിക്കാതെ സൂക്ഷിക്കാം എന്നു മാത്രമല്ല ആ വിളക്കുമായി സൂക്ഷ്മതയോടെ നമ്മുടെ ഭവനങ്ങളിൽനിന്നു കാണാതെപോയതിനെ അന്വേഷിക്കുകയും ചെയ്യാം.

ബഥേൽ ദിനം

ഈ വർഷം ദൈവേച്ഛയായാൽ ബഥേൽ ദിനം ഡിസംബർ 15നു ശനിയാഴ്ച ആഘോഷിക്കപ്പെടണമെന്നു കർത്താവിൽ ശരണപ്പെടുന്നു. രാവിലെ 9 മണിക്കു സ്നേഹശുശ്രൂഷയോടെ ദിനം ആരംഭിച്ചു, 1മണിയോടെ യോഗം അവസാനിപ്പിക്കണമെന്നു ആഗ്രഹിക്കുന്നു. പ്രസംഗങ്ങളും പാട്ടുകളും കളികളും പതിവുപോലെ നടത്തണമെന്നു ആശിക്കുന്നു. ദക്ഷിണ ഇൻഡ്യൻ സഭാ ഡെപ്യൂട്ടിമോഡറേറ്ററെ അന്നത്തേക്കു ക്ഷണിച്ചിട്ടുണ്ടു്. ആ ദിവസത്തെ കുറിച്ചു കുറെ കാര്യങ്ങൾ ഓർപ്പിച്ചുകൊള്ളട്ടെ.

1. ഒരോ സഭയിലും സ്ത്രീ കൂട്ടങ്ങളിലും സ്ഥാപനങ്ങളിലും ഈ ദേശത്തിനും വേണ്ടി പ്രാർത്ഥിപ്പാനും പ്രയത്നിപ്പാനും ആരംഭിക്കണമെന്നു ഓർപ്പിക്കുന്നു.

2. സഭകളിൽ ധനസഹായങ്ങൾക്കുള്ള വിളി കൂട്ടത്തലായി ഉള്ളതുപോലെ തന്നെ ആശ്രമത്തിനുള്ള ചെലവുകളും വഹിക്കുന്നു. പാറപ്പുറയുടെ ചേക്കു 60 രൂപായും പറക്കാലിന്റെ ചേക്കു 40 രൂപായും പ്രതിമാസം ഉണ്ടാകണം. കല്ലടയ്ക്കു ഇപ്പോഴും സഹായിക്കേണ്ടതായിട്ടുണ്ടു ഇരിക്കുന്നു. ആശ്രമത്തിലെ ചെലവുകളും വർദ്ധിച്ചിട്ടുണ്ടു്. ഈ സംഗതികളെല്ലാം ഓർത്തു ഇതിനായി പ്രയത്നിക്കുമല്ലൊ.

3. പണം കൊണ്ടുവരുന്നവർ കൂട്ടിലിട്ട ലിസ്റ്റ് സഹിതം, ഇടവകയുടെയും സഭയുടെയും പേരു കാണിച്ചു സ്നേഹവഴിപാടു സമയത്തു അപ്പിച്ചാൽ കണക്കുകൾ എഴുതുന്നതിനും റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തുന്നതിനും സഹായകരം ആയിരിക്കും.

4. മണിമാർഡറായി പണം അയക്കുന്നവർ ദയവുചെയ്തു ബഥേൽ ദിനത്തിനു ഒന്നു രണ്ടു ദിവസം മുമ്പോ അല്ലെങ്കിൽ ദിനം കഴിയുന്ന ഒന്നു രണ്ടു ദിവസങ്ങൾക്കകമോ അയച്ചാൽ ഉപകാരം ആകും. അന്നത്തെ തിരക്കിൽ coupon നഷ്ടപ്പെടാനും പിന്നീടു പണം എവിടെനിന്നുവന്നു എന്നു മറക്കാനും ഇടയുണ്ടു്. പണം നഷ്ടപ്പെടുകയില്ലെങ്കിലും സ്നേഹവഴിപാടായി ചേർക്കുന്നതിനാൽ അയച്ചവരുടെ പേരും ലിസ്റ്റിലും റിപ്പോർട്ടിൽ കാണാതെ വന്നേക്കാം. കഴിഞ്ഞ വർഷം ഒന്നു രണ്ടു മാനങ്ങൾ അങ്ങിനെ ചേർക്കപ്പെട്ടു. അതിൽ ഖേദമുണ്ടു്. വയസ്സു കൂട്ടുന്നതിലും മറവിയും കൂടുന്നതു സഹജമാണല്ലൊ.

5. മാനങ്ങൾ കഴിയുന്നിടത്തോളം നേരെ ഞങ്ങളുടെ ചേക്കുതന്നെ അയച്ചുതരുന്നതു ആകുന്നു നല്ലതു. ആഫീസിൽ അടയ്ക്കുന്നതു കൊണ്ടു കുഴപ്പം ഒന്നും ഇല്ലെങ്കിലും അതിൻ മൂലം അവർക്കു ജോലി വർദ്ധിപ്പിക്കയും ഞങ്ങളുടെ കണക്കിൽ വരവു വൈകുന്നതിനു താമസം നേരിടുകയും ചിലപ്പോൾ അതുകൊണ്ടു തനതാണ്ടത്തെ കണക്കിൽ ചേർക്കാൻ ഇട ആകാതെയും വന്നിട്ടുണ്ടു്.

6. പതിവുപോലെ ഉച്ചഭക്ഷണവും, ഇടയ്ക്കു ലഘുഭക്ഷണവും ലഭിക്കുവാനുള്ളതാകുന്നു. ഉച്ചഭക്ഷണം 6 അണയ്ക്കും ലഘുഭക്ഷണം 4 അണയ്ക്കും ആയിരിക്കും കൊടുക്കപ്പെട്ടുന്നതു്.

7. ബഥേൽ കൈത്തൊഴിൽ സാമാനങ്ങൾ, നൂതൽ സാമാനങ്ങൾ മുതലായവയുടെ വില്പന ഉണ്ടായിരിക്കും.

8. ബഥേൽ മിനത്തിനു ദൂരെനിന്നു വന്നുചേരുന്നവരെ അല്പനേരത്തേക്കെങ്കിലും കാണുന്നതിനും വിവരങ്ങൾ അറിയുന്നതിനും ആഗ്രഹമുണ്ട്. അതുകൊണ്ടു ഞങ്ങളെ ബുദ്ധിമുട്ടിക്കേണ്ട എന്നു വിചാരിച്ചു ഒഴിഞ്ഞുമാറിക്കളകയില്ലല്ലോ.

സർവ്വശക്തന്റെ ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുമല്ലൊ. എന്നു്

SISTER EDITH

,, RACHEL JOSEPH

യുവതീസമാജം

ക്രിസ്തീയ യുവതികളും വസ്ത്രധാരണവും

കൊച്ചു സഹോദരിമാരെ! നിങ്ങളുടെ പൂർവ്വന്മാർ സ്വപ്നംപോലും കാണാത്ത എത്രമാത്രം ജീവിത സൌകര്യങ്ങളെയാണ് ഇക്കാലം നിങ്ങൾക്കായി കരുതുന്നതു്. വിദ്യാഭ്യാസം, തൊഴിലുകൾ, ഗതാഗതം, എന്നു വേണ്ട എല്ലാറ്റിലും എന്തൊരു പുരോഗതിയാണു്! അതേസമയം ''ഇതു ഉല്ലാലം തന്നെ'' എന്നു പറയാൻ തക്കവണ്ണം മുമ്പു കേട്ടുകേൾവിപോലുമില്ലാത്തവണ്ണം അകൃത്യവും പെരുകി കാണുന്നു എന്നു നിങ്ങളെ ഒപ്പിക്കട്ടെ. ''അകൃത്യത്തോടു ചേർക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ'' എന്നിങ്ങനെയുള്ള ശകാരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. യുവതീസമാജം, യൂത്ത് ലീഗ് മുതലായ ക്രിസ്തീയ യുവജന സംഘടനകൾ ഒന്നുചേർന്നു തങ്ങളുടെ ക്രിസ്തീയ പ്രമാണങ്ങൾ ഉയർത്തിപിടിച്ചു ലോകം വഷളതയിലേക്കു വഴുതിപ്പോകാതവണ്ണം വടം പിടിക്കുന്നതിൽ ശ്രദ്ധിക്കുണമെന്നു ഒപ്പിക്കട്ടെ. സഹവിദ്യാഭ്യാസം, സഹയാത്രകൾ, സഹയോഗങ്ങൾ എന്നിവയൊന്നും തന്നെ സാമ്പത്തിക തോതു നഷ്ടപ്പെടുത്താനുള്ള അവസരങ്ങളാകാതെ പ്രത്യേകം സൂക്ഷിക്കുണം. ഉചിതമായ രീതിയിലുള്ള വസ്ത്രധാരണം സാമ്പത്തിക തോതു നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനു ഏറ്റം സഹായമാണ്. 'മലങ്കര സഭോദരികൾ' എന്ന പേരിൽ മാർത്തോമ്മാ സഭയുടെ വകയായി പുറപ്പെടുന്ന ഒരു മാസികയിൽ മെത്രാപ്പോലീത്തായുടെ കത്തിൽ വസ്ത്രധാരണത്തെക്കുറിച്ചു എഴുതിയിരിക്കുന്നതു നമ്മുടെ യുവജനങ്ങളും വായിച്ചാൽ നല്ലതെന്നു നമ്മുടെ ഒരു മാന്യ സുഹൃത്തു ആഗ്രഹിച്ചതിന്റെ ഫലമായി ആ ഭാഗം അതേ രീതിയിൽ ഉദ്ധരിക്കട്ടെ.

''നമ്മുടെ യുവതീയുവാക്കന്മാരുടെ വേഷഭൂഷാദികൾ ഒരു അതിരു കവിഞ്ഞ പാന്ഥാവിലേക്കു അവരെ നടത്തുന്നതല്ലയോ? വളരെ ലോലമായ വസ്ത്രങ്ങൾ ധരിച്ചു തങ്ങളുടെ ശരീരത്തോടു പറ്റി കിടക്കുന്ന വേഷ അംശങ്ങളെ പുറത്തു കാണിക്കുന്നതു ഒരു പരിഷ്കാരമായി തീർന്നിരിക്കുന്നു. നാം വസ്ത്രങ്ങൾ ധരിക്കുന്നതു ചില ഭാഗങ്ങൾ പരമശ്രദ്ധയിൽ നിന്നു മറയ്ക്കുന്നതിനാണ്. ഇന്നത്തെ സാമൂഹ്യ വേഷധാരണം, ചില ഭാഗങ്ങളിലേക്കു ആളുകളുടെ ശ്രദ്ധയെ ആകർഷിക്കുന്നതായി തീർന്നിരിക്കുന്നു. വസ്ത്രം ധരിച്ചു മറയ്ക്കുണ്ട ഭാഗങ്ങൾ കുറഞ്ഞു കുറഞ്ഞാണ് ഇപ്പോൾ അനാവരണപ്പെട്ടുന്നതു്. നമ്മുടെ ചില സ്ത്രീകളുടെ വസ്ത്രരീതികളെപ്പറ്റി ഞാൻ സൂചിപ്പിക്കുന്നു എന്നു ആരെങ്കിലും ധരിക്കുന്നു എങ്കിൽ അതു ശരിതന്നെ. സ്ത്രീകളുടെ വേഷം സംബന്ധിച്ചു ആധുനിക സംസ്കാരം കിരാതത്വത്തിന്റെ തോതിലേക്കു ചാടിക്കുന്നതത്രേ. ഈ രീതിയിലുള്ള എഴുത്തു ചിലർക്കു അരുചികരമായിരിക്കും. വേഷധാരണരീതികൾ സാമൂഹ്യോപകാരങ്ങളിലേക്കു നടത്തിക്കുന്ന ഒരു സ്ഥാനത്തേക്കു എത്തിയിരിക്കുന്നു എന്നു മനസ്സിലാക്കി പെരുമാറേണ്ടിയിരിക്കുന്നു. സിനിമാനടികളുടെയും നർത്തകരുടെയും വേഷധാരണരീതിയല്ല ക്രിസ്തീയ സംസ്കാരത്തിൽ അടിയുറച്ച വരേണ്ട നമുക്കു ധർമ്മമായിരിക്കുന്നതു്. ഞാൻ സ്നേഹിക്കുന്ന യുവലോകം ഇതു ഗാഢമായ ചിന്തയ്ക്കു വിഷയമാകും എന്നു വിശ്വസിക്കട്ടെ. മാതാപിതാക്കന്മാർ മനസ്സിലാക്കട്ടെ. നമ്മുടെ കുട്ടുബങ്ങളിലെ മുത്തുകൾ ആണ് ദൈവം നമുക്കു തരുന്ന മക്കൾ.''

രാജ്ഞിസ്ഥാനത്തു പ്രവേശിച്ച എസ്ഥർ എന്ന യുവതിയെക്കുറിച്ചു ഇങ്ങനെ പറയുന്നു. ''എസ്ഥരിൽ എസ്ഥറിനെ കണ്ട എല്ലാവർക്കും അവളോടു പ്രീതി തോന്നി. രാജാവിനു സകല കന്യകമാരിലും അധികം കൃപയും പക്ഷവും അവളോടു തോന്നി'' എസ്ഥർ 2. 15, 17. അവളുടെ അച്ചടക്കമില്ലാത്ത വേഷഭ്രഷ്ടാദികളൊന്നും അതിനു മുഖാന്തരമായില്ല എന്നതു സത്യം തന്നെ. സൗമ്യതയും സാവധാനതയും എന്ന അക്ഷയഭൂഷണം അവളെ ആകർഷണീയയാക്കി എന്നു പറയാം. അപ്പൊസ്തലനായ പൌലോസും ഇതിനെക്കുറിച്ചു ഗ്രഹിപ്പിക്കുന്നതു ഇങ്ങനെയാണ്. ''സ്ത്രീകൾ യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടുംകൂടെ തങ്ങളെ അലങ്കരിക്കേണം.'' 1 തിമൊ. 2. 9.

S. T.

കുട്ടികളുടെ ബഥേൽ ദിനം

ദൈവേച്ഛയായാൽ ഈ വർഷവും കുട്ടികൾക്കായി ഒരു ബഥേൽ ദിനം നടത്തണമെന്നു ആഗ്രഹിക്കുന്നു. അതു ഡിസംബർ 8-ാം ശനിയാഴ്ച ഉച്ചതിരിഞ്ഞു 2. 30—4. 30 വരെയുള്ള സമയത്തു നടത്തണമെന്നു വിചാരിക്കുന്നു. അതേ സംബന്ധിച്ചു താഴെ പറയുന്ന കാര്യങ്ങൾ അറിയിച്ചുകൊള്ളട്ടെ.

1. 15-ാം നടക്കുന്ന ബഥേൽ ദിനത്തിൽ 12 വയസ്സിനു താഴെയുള്ള കുട്ടികൾക്കു പ്രവേശനമില്ല. അതുകൊണ്ടു, ആ പ്രായത്തിലുള്ള കുട്ടികൾ വരാതിരിക്കയും അവരെ കൊണ്ടു വരാതിരിക്കയും ചെയ്യണമേ.

2. J. M. A. സൺഡേസ്കൂൾ മുതലായ ബാലസമാജങ്ങളിൽ പെട്ട കുട്ടികൾക്കു എല്ലാം 8-ാം ശനിയാഴ്ച വന്നു ചേരാം.

3. അന്നു വാക്യമത്സര പരീക്ഷയും ഒന്നാമതും, രണ്ടാമതും, മൂന്നാമതും ആകുന്നവർക്കു സമ്മാനവും കൊടുക്കപ്പെടുന്നതാകുന്നു. 3 മിനിട്ടിൽ ഏറ്റവും കൂടുതൽ വാക്യങ്ങൾ മനഃപാഠം ചെല്ലുന്നവർക്കു ആകുന്നു സമ്മാനം.

4. 1 നും 4 നും ലഘുലേഖാവിതരണം കുട്ടികൾക്കു കൊടുക്കപ്പെടുന്നതാകുന്നു.

5. കഴിഞ്ഞ വർഷത്തെപ്പോലെ ഒരു സ്തോത്രവഴിപാടു കൊടുക്കുന്നതിനുള്ള അവസരവും ഉണ്ടായിരിക്കും. ഓരോ കുട്ടിയും അതിലേക്കു കരുതിപോരണമെന്നു ഏൽപ്പിക്കുന്നു.

6. യോഗനടപടികളിൽ പാട്ടു, പ്രസംഗം കളികൾ കഥകൾ മുതലായവയും കാണും.

7. തിരുവല്ലാ ഡിസ്ട്രിക്ടിലും, മല്ലപ്പള്ളി ഡിസ്ട്രിക്ടിലും ഉള്ള കുട്ടികൾക്കു ഇതിൽ വന്നു സംബന്ധിക്കാവുന്നതാകുന്നു. അതിനായി ശ്രമിക്കുമെന്നാശിക്കുന്നു. എന്നു

Sister EDITH, Sister RACHEL

The Home of Peace

സമാധാനമന്ദിരം

ബഥേൽ ആശ്രമത്തിനു 35 വർഷത്തെ പഴക്കമുണ്ട്. ആരംഭംമുതൽ പ്രവർത്തിച്ചവർക്കും, കുറേ പ്രായമായതിനുശേഷം ഇവിടെ വന്നുചേർന്നവർക്കും പ്രായത്തിന്റെ അവശതയും ക്ഷീണവും കാണാറായിട്ടുണ്ട്.

ആശ്രമപ്രവർത്തനം ഒരു വിശ്വാസമൂല്യം ആയിരുന്നതിനാൽ ദിനചര്യയ്ക്കുള്ള ആവശ്യനിവൃത്തിയായ ലാകാകിവെച്ചതു്. പ്രോവിഡന്റ്ഫണ്ടോ, പെൻഷനോ ഉള്ള സൌകര്യങ്ങൾ കൊടുത്തിട്ടില്ല എന്നു മാത്രമല്ല അവരവർതന്നെ ഭാവിയിലേക്കു കരുതത്തക്കവണ്ണം മാസശമ്പളം കൊടുത്തിട്ടുമില്ല. അതുകൊണ്ടു അവരുടെ ക്ഷീണകാലം അവരെ അനേക്ഷിക്കേണ്ട ചുമതല ആശ്രമത്തിനുണ്ടു്. ആശ്രമപ്രവർത്തകരെ മാത്രമല്ല സ്ത്രീപ്രവർത്തകരെ ഒമ്മത്തമായി ഓർക്കേണ്ട ചുമതല ഉണ്ടു്.

ഈ ഉദ്ദേശത്തോടുകൂടെ ഒരു Home of Peace ഉണ്ടാകേണ്ടതു ആവശ്യം നേരിട്ടിരിക്കുന്നു. ഇതിനു വേണ്ട സ്ഥലം, കെട്ടിടം, ശുശ്രൂഷക്കു വേണ്ട ആളുകൾ എല്ലാം ഉണ്ടാകേണം. നാം ചെയ്യേണ്ടതിനു ദൈവം മുന്നൊരുക്കിയിരിക്കുന്ന സൽപ്രവൃത്തികളിൽ ഇതു ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുള്ള വഴികളും താൻ കണ്ടിട്ടുണ്ടല്ലോ. പണമായി 30,000 ക. യുടെ ആവശ്യമുണ്ടു്. അതിൽ 10,000 ക. പല ഇനത്തിൽ കൂട്ടിച്ചേർത്തായിരിക്കും. ബാക്കി 20,000 ക. ഉടൻ ഉണ്ടാകേണം. 200 പേർ 100 ക. യുടെ ഓരോഹരിക്കു ചുമതലപ്പെട്ടെങ്കിൽ ഇതു നിഷ്പ്രയാസം ഉണ്ടാകുമല്ലോ.

'നിന്റെ വായ് വിസ്താരത്തിൽ തുറക്ക, ഞാൻ അതിനെ നിറക്കും' എന്നാണല്ലോ വാഗ്ദത്തം. എന്നാൽ ദൈവകൃപകൂടാതെയുള്ള സൽപ്രവർത്തികൾ എല്ലാം മോക്ഷമായി പരിണമിക്കുന്നതാകയാൽ ഈ ഉദ്യമങ്ങളിന്മേൽ ദൈവകൃപ ധാരാളം ഉണ്ടാകുന്നതിനും, എല്ലാം ദൈവനാമത്തിനാകുന്നതിനും പ്രാർത്ഥിക്കാം.

ദൈവം മനസ്സുനൽകുന്നവർ ഇതിനായി ദാനങ്ങൾ അയക്കുമല്ലോ. കൂടാതെ ബഥേൽദിനത്തിന്റെ ദാനങ്ങൾ കൊണ്ടുവരുമ്പോൾ ഇതിനായി ദാനങ്ങൾ അർപ്പിക്കുന്നവർ അതു പ്രത്യേകം കാണിച്ചു അയയ്ക്കുമല്ലോ.

'കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും.'

Sister EDITH NEVE, Sister RACHEL JOSEPH

സുവിശേഷഭാഷിണി

പുസ്തകം 48. ലക്കം 11 നവംബർ 1956

പറക്കാൽ മിഷ്യൻ ബോർഡിങ്ങ് സ്കൂൾ

കുറെ സംവത്സരങ്ങളായിട്ടു നാം ഒരു ബോർഡിങ്ങുസ്കൂൾ പറക്കാലിൽ നടത്തിപ്പോരുന്നുണ്ടല്ലോ. ഈ സംവത്സരം ഇരുപതു ആൺകുട്ടികളും പന്ത്രണ്ടു പെൺകുട്ടികളും ആകെ മുപ്പത്തിരണ്ടു കുട്ടികൾ ഇവിടെ താമസമുണ്ട്. ഈ പറക്കാൽ ഗ്രാമത്തിലെ ചില കുട്ടികൾ ക്രമത്തെ നടിക്കുട, ധർമ്മപുരം, ചെവിട്ടിപ്പത്തി, മലുവക്കോട്ട, മെട്ടപ്പള്ളി, വെങ്കിട്ടാപുരം, ഏന്നീ പല ഗ്രാമങ്ങളിൽ നിന്നു വന്നിട്ടുള്ള കുട്ടികളാകുന്നു. ആറു വയസ്സു മുതൽ പതിനഞ്ചു വയസ്സു വരെയുള്ളവരും ബാല ശിക്ഷ മുതൽ അഞ്ചാംക്ലാസ്സുവരെ പഠിക്കുന്നവരുമാണ്. അവർ എന്നും രാവിലെ 5 മണിക്കു എഴുന്നേറ്റു മുഖം കഴുകി എല്ലാവരും ചേർന്നു ഒരു സ്തോത്രഗീതം പാടി പ്രാർത്ഥന കഴിച്ചതിന്റെ ശേഷം ഓരോരുത്തർക്കും ഓരോ ജോലിയ്ക്കായിട്ടു ഏല്പിക്കപ്പെട്ടിരിക്കുന്ന ജോലികൾ ചെയ്യുന്നു. പള്ളിക്രമവും മുറവും തുത്തുവാരുക, പാത്രങ്ങൾ കഴുകുക, വെള്ളം കോരുക, വിറകു ചെറുതായിക്കീറുക മുതലായവയാണു ജോലികൾ. രാവിലെ ആറരമുക്കാൽ മണി മുതൽ ഏഴര വരെ വേദാദ്ധ്യയനവും പ്രാർത്ഥനയും നടത്തപ്പെടുന്നു. അതുകഴിഞ്ഞു എട്ടരമണി വരെ തങ്ങളുടെ പാഠങ്ങൾ പഠിച്ചതിന്റെ ശേഷം രാവിലത്തെ ആഹാരം കഴിക്കുന്നു. സാധാരണയായി ചോള പൊടികൊണ്ടുള്ള കഞ്ഞിയാണു രാവിലത്തെ ക്ഷേണം.



രാവിലെ ഒമ്പതുമണിമുതൽ പന്ത്രണ്ടരമണിവരെ സ്കൂളിൽ പാഠങ്ങൾ പഠിക്കുന്നു. സിസ്റ്റർ മേരി തോമസ്, മിസ്സ് ആനി തോമസ് എന്നിവരെ കൂടാതെ ക്ലാസ്സുകൾ നടത്തുന്നതിനു രണ്ടു തെലുങ്കു അദ്ധ്യാപകരുണ്ട്. ഉച്ചയ്ക്കു ഒരുമണിക്കുള്ള ആഹാരം ചോളപ്പൊടി കൂറേക്കൂടെ കിട്ടിയായിട്ടു വെന്തു ഏട്ടത്തമ്മ അടിന്റെകൂടെ ഒരു കൂട്ടാനുമാണ്. ക്ഷേണം കഴിഞ്ഞതിന്റെ ശേഷം കൂറേപ്പേർ ഓരോ ദിവസത്തേക്കുള്ള ചോളം തിരികല്ലിൽ പൊടിക്കുകയും മറ്റു ചിലർ പീഞ്ഞ നെയ്യുന്നതിനു സഹായിക്കുകയും നൂൽ ചുറ്റി ഏടുക്കയും വസ്ത്രങ്ങൾ അലക്കുകയുംമറ്റും ചെയ്യുന്നു. ഉച്ചതിരിഞ്ഞു മൂന്നുമണി മുതൽ അഞ്ചുമണി വരെ പിന്നും ക്ലാസ്സുകൾ നടത്തപ്പെടുന്നു. വൈകുന്നേരം കളികൾക്കു ശേഷം ആറുമണിക്കു ചോളപ്പൊടികൊണ്ടുള്ള കഞ്ഞി കുടിക്കുന്നു. ആറരമുക്കാൽ മണിക്കു വൈകുന്നേരത്തെ പ്രാർത്ഥനയും അരമണിക്കുറിന്റെ ശേഷം രാത്രി 9 മണിവരെ പാഠങ്ങൾ പഠിക്കുകയും ചെയ്യുന്നു.

ബോർഡിങ്ങു എന്നു പറയുമ്പോൾ വള്ളത്തു ബൈബിൾ സ്കൂളിലെപ്പോലെയോ കോട്ടയത്തു ബേക്കർ സ്മാരക സ്കൂളിലെപ്പോലെയോ പ്രത്യേക കെട്ടിടങ്ങളിൽ കുട്ടികൾ താമസിക്കുന്നു എന്നു കരുതരുതു്. ക്ലാസ്സുകൾ നടക്കുന്നതും ആൺകുട്ടികൾ കിടക്കുന്നതും പനയോലകൊണ്ടു മേഞ്ഞതും മണ്ണുകൊണ്ടു അരഭിത്തികൾ കെട്ടിയുമായ ഒരു കൊട്ടിൽ മാത്രമാണ്. തറ മാത്രം "ക്വാബാത്തു" കല്ലുകൾ പാകിയതാണ്. ഈ "കെട്ടിടം" തന്നെയാണു പള്ളിആരാധനയ്ക്കായിട്ടു ഞായറാഴ്ചകളിൽ ഉപയോഗിക്കുന്നതു. പെൺകുട്ടികൾ രാത്രിയിൽ കിടക്കുന്നതു ഞങ്ങൾ ക്ഷേണം കഴിക്കുന്നതിനും സാമാനങ്ങൾ വെക്കുന്നതിനും ഉപയോഗിക്കുന്ന മുറിയിലാണ്. ആൺകുട്ടികളിൽ ചിലർ ഞങ്ങളുടെ വീടിന്റെ മുൻവശത്തുള്ള വരാന്തയിലുമാണു കിടക്കുന്നതു.

കുട്ടികൾ ക്ഷേണം കഴിക്കുന്നതു മഴയില്ലാത്തപ്പോൾ മുറ്റത്തു ഇരുന്നാണു്. അവരുടെ ക്ഷേണം പാകം ചെയ്യുന്നതിനുള്ള അടുക്കള ഞങ്ങളുടെ അടുക്കളയോടു ചേർന്നു മുറിയിലാണു്.



അവരുടെ ക്ഷേണത്തിനു ഒരു ദിവസം പന്ത്രണ്ടു ഇടങ്ങഴി ചോളം ആവശ്യമാണു്. പന്ത്രണ്ടു ഇടങ്ങഴി ചോളത്തിനു ഇപ്പോൾ അഞ്ചു രൂപാ വിലയുണ്ടു്. ഞായറാഴ്ച ഉച്ചയ്ക്കു ഒരു നേരം മാത്രമേ നെല്ലരിച്ചോറും കൂട്ടാനും കൊടുക്കുവാൻ സാദ്ധ്യമാകുന്നുള്ളു. എന്നാൽ ചില വ്യക്തികൾ കുട്ടികൾക്കു ഒരു നേരത്തെ നല്ല ക്ഷേണത്തിനായിട്ടു ഓരോ തുകൾ സംഭാവനകളായി അയച്ചുതരുമ്പോൾ മെച്ചമായ ആഹാരം ചില അവസരങ്ങളിൽ കൊടുപ്പാൻ സാധിക്കുന്നുണ്ടു്. കഴിഞ്ഞ മാസത്തിൽ കുട്ടികൾക്കു ഒരു നല്ല സദ്യ കൊടുക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു മിസ്സസ്സ് മറിയാമ്മ ഇടിക്കുള, തൊടുപുഴ ഇരുപത്തഞ്ചു രൂപാ അയച്ചുതന്നു. സദ്യയോടുകൂടെ കുട്ടികൾക്കു അതു ഒരു രസമുള്ള ദിവസങ്ങളുടെ ആകണമെന്നു കരുതി ഇവിടെനിന്നു അധികം ദൂരെയല്ലാത്ത ആറിനരികെയുള്ള ഒരു മാവിൻതോട്ടത്തിൽ ഒരു പിക്നിക്കിനായി പോയി. സ്ഥലത്തെ പോലീസു സർക്കിൾ ഇൻസ്പെക്ടരും അദ്ദേഹത്തിന്റെ കുടുംബവും അവരുടെ ക്ഷേണവുമായി ഞങ്ങളോടുകൂടെ വന്നു. ചോറും കറികളും പായസവും മറ്റും അന്നു കുട്ടികൾക്കു കൊടുത്തു. ഇവിടെ ഞങ്ങൾക്കുസാമാനങ്ങൾ തന്നുകൊണ്ടിരിക്കുന്ന കച്ചവടക്കാരൻ "കോമട്ടി" കുട്ടികളുടെ ഒരു നേരത്തെ നല്ലഭക്ഷണത്തിനായിട്ടു അരിയും സാമാനങ്ങളും ദാനം ചെയ്തുയച്ചുതന്നു. റവ. എം. ഏ. ജോൺ അച്ചൻ ഈ മാസാരംഭത്തിൽ സ്ഥലത്തു വന്നപ്പോൾ ഒരു നേരത്തെ ക്ഷേണം അദ്ദേഹത്തിന്റെ വകയായിട്ടു കൊടുത്തു. ഇവിടെ പോലീസ് സ്റ്റേഷ്യനോടു ചേർന്നുള്ളവയർലെസ്സ് സ്റ്റേഷ്യനിൽ ജോലി ചെയ്യുകൊണ്ടിരിക്കുന്ന മിസ്റ്റർ ജോസ്സു് കുട്ടികൾക്കു ഒരു നേരത്തെ നല്ല ക്ഷേണത്തിനായിട്ടു ഒരു തുക ഇവിടെ ഏല്പിച്ചിട്ടുണ്ടു്.

ഈ കുട്ടികളെ ഓരോരുത്തരെയും സന്ധിക്കുന്നതു നമ്മുടെ മഹായിടവകയിൽ ഉൾപ്പെട്ട പല വ്യക്തികളും സംഘടനകളുമാകുന്നു. ഒരു കുട്ടിക്കു ഒരു മാസം 12 രൂപാ വീതം ചെലവാകുന്നുണ്ടു്. ചില അവസരങ്ങളിൽ തങ്ങൾ മാസംതോറും കൊടുത്തുകൊണ്ടിരിക്കുന്ന തുക മുടങ്ങാതെ അവർ സന്ധിക്കുന്ന കുട്ടികളുടെ പ്രത്യേക ആവശ്യത്തിലേക്കായി ചില തുകകൾ അയച്ചുതരുന്നതു ആ കുട്ടികൾക്കു സഹായകരമാണു്. ഒരു ശ്രീയിലെ മതുസംഘ അംഗങ്ങൾ സന്ധിക്കുന്ന ഒരു പട്ടി ജോൺ എന്ന കുട്ടിക്കു പായും പുതപ്പും മറ്റും വാങ്ങിച്ചുകൊടുക്കുന്നതിനായി അവർ 15 രൂപാ അയച്ചുതന്നിരുന്നു. നെടുങ്ങാടപ്പള്ളി മതുസംഘ അംഗങ്ങൾ സന്ധിച്ചുകൊണ്ടിരിക്കുന്ന ബൊമ്മക്കുഴി ജക്കറിയാ എന്ന വിദ്യാർത്ഥിക്കു ഒരു ക്വർട്ടും മുണ്ടും വാങ്ങിച്ചുകൊടുക്കുന്നതിനായി മേഡയിൽ കുഞ്ഞമ്മ മത്തായി അഞ്ചു രൂപാ അയച്ചുതന്നു. വരുന്ന ക്രിസ്തുമസ്സിനു പുതിയ ഉടുപ്പും മറ്റും കിട്ടുമെന്നുള്ള ആശയോടുകൂടെ ഈ കുട്ടികൾ എല്ലാവരും നോക്കിയിരിക്കയാണു്.

ഇപ്പോൾ വണിതുകൊണ്ടിരിക്കുന്ന സ്കൂൾകെട്ടിടത്തിന്റെ വണി പൂർത്തിയായാൽ ക്ലാസ്സുകൾ നടത്തുന്നതിനു ശരിയായ സ്ഥലവും ആൺകുട്ടികൾക്കു രാത്രിയിൽ കിടക്കുന്നതിനു സൌകര്യവും ഉ

ണ്ടാകുന്നതു കൂടാതെ ഞായറാഴ്ചകളിൽ ആരാധന നടത്തുന്നതിനായിട്ടും തല്ക്കാലം ഉപയോഗിക്കുവാനുതകുമാകുന്നു. ആ കെട്ടിടത്തിന്റെ മതിലുകൾ വെള്ള തേക്കുവാനും തറ വാർക്കുവാനും ഉള്ള പണികൾ ഇനിയും ശേഷിച്ചിരിക്കുന്നു. എന്നാൽ ഇപ്പോൾ വെള്ള തേക്കുവാനുള്ള പണം മാത്രമെ തരുന്നതിനു സാധിക്കയുള്ളു എന്നു ഇവിടെ അറിയിച്ചിരിക്കുന്നു. കുട്ടികൾക്കു രാത്രിയിൽ കിടക്കുന്നതിനു ബെഞ്ചുകൾ ഇല്ലാത്ത സ്ഥിതിക്കു നിലത്തിരുന്നു പഠിക്കുന്നതിനും തറ വാർക്കേണ്ടിയതു അത്യാവശ്യമാണ്. അതിനു ഏകദേശം അഞ്ഞൂറു രൂപായോളം വേണ്ടിവരും. ഈ സ്കൂൾകെട്ടിടം ഇത്രത്തോളം പണിവാൻ സാധിച്ചതു ഇവിടത്തെ മിക്ക്യൻവേല ആരംഭിച്ചു ഇരുപത്തഞ്ചു വർഷം തികഞ്ഞ ജൂബിലിസ്മാരകമായി പല വ്യക്തികളും നല്കിയ ഉദാരമായ സംഭാവനകൾ മുഖാന്തരമാണ്. അതിൽ പങ്കു കൊള്ളുവാൻ സാധിക്കാതെപോയ അനേകരും നമ്മുടെ മഹായിടവകയിൽ ഇനിയുമുണ്ട്. അവർ ഈ സമയത്തു ഈ കെട്ടിടം പൂർത്തിയാക്കുവാൻ സംഭാവനകൾ നല്കിയാൽ അതു വളരെ പ്രയോജനകരമായിരിക്കും.

നാലാംക്ലാസ്സു വരെയുള്ള ഒരു സ്കൂൾ ശരിയായ രീതിയിൽ നടത്തിക്കൊണ്ടു പോകണമെന്നാണു ആഗ്രഹിക്കുന്നതു്. പഠിക്കുവാൻ സമർത്ഥരായിട്ടുള്ളവരെ പിന്നീടു ഇവിടെയുള്ള ഹൈസ്കൂളിൽ ചേർത്തു പഠിപ്പിക്കാവുന്നതുമാണ്. ഈ സംവത്സരം മുതിന്ന കുട്ടികളിൽ മൂന്നു പേരെ സ്ഥലത്തുള്ള സർക്കാർ പള്ളിക്കൂടത്തിൽ അയച്ചു പഠിപ്പിക്കുന്നുണ്ടു്. അഞ്ചാംക്ലാസ്സിൽ പഠിക്കുന്ന ബൊമ്മക്കണ്ടി ജകറിയാ എന്ന വിദ്യാർത്ഥി ആ ക്ലാസ്സിൽ എല്ലാ വിഷയത്തിനും ഒന്നാമനായിട്ടു നില്ക്കുന്നു.

നമ്മുടെ സ്കൂളിൽ ശരിയായി കുട്ടികളെ പഠിപ്പിക്കുന്നുണ്ടു് എന്നറിഞ്ഞു ചില ഹിന്തുക്കൾ അവരുടെ കുട്ടികളെ ഈ സ്കൂളിൽ ചേർക്കുവാനായി ആഗ്രഹിക്കുന്നുണ്ടു്. ഇപ്പോൾ ചില കുട്ടികൾ വന്നു പഠിക്കുന്നുമുണ്ടു്. അവരിൽ ഒരു കുട്ടി കഴിഞ്ഞ ആഴ്ചയിൽ മഹാനവമി ദിവസം അവരുടെ വീട്ടിൽ പൂജ നടത്തിക്കൊണ്ടിരുന്നപ്പോൾ ആ വീട്ടിലുള്ള എല്ലാവരും അവിടെ ഉണ്ടാക്കിവെച്ചിരുന്ന ദേവനെ കുമ്പിട്ടു നമസ്കരിച്ചു എങ്കിലും ഇവൻ മാത്രം ''ഞാൻ ഈ ദേവനെ കുമ്പിടുകയില്ല'' എന്നു പറഞ്ഞു മാറികളഞ്ഞു എന്നു ആ കുട്ടിയുടെ അപ്പൻ എന്നോടു പറകയുണ്ടായി. ഏഴുത്തും വായനയും മറ്റും പഠിപ്പിക്കുന്നതിനോടുകൂടെ സത്യദൈവത്തെ അറിവാനും പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇവിടെ ബോർഡിങ്ങിൽ താമസിച്ചു പഠിക്കുവാനായി ഈ പാവപ്പെട്ട ആളുകളുടെ കുട്ടികൾക്കു ഒരവസരം ഉണ്ടാക്കികൊടുക്കുന്നതിൽ പല വ്യക്തികളും സംഘടനകളും സഹായിച്ചുകൊണ്ടിരിക്കുന്നതിനാൽ ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. ഉയന്നജാതിയിൽപ്പെട്ട ഹിന്തുക്കളിൽ ചിലർ ഇവിടെവന്നു ഈ കുട്ടികളെ കാണുകയും, അവരെ തിരുവിതാംകോട്ടുള്ള പല വ്യക്തികളുമാണു സഹായിച്ചുകൊണ്ടിരിക്കുന്നതു എന്നറികയും ചെയ്യുമ്പോൾ അവർക്കു വളരെ അതിശയമാണ്. നമ്മുടെ കർത്താവിനോടുള്ള സ്നേഹത്തിൽ നാം ചെയ്യുന്ന പ്രവൃത്തികൾ അവർക്കു മനസ്സിലാകുവാൻ പ്രയാസമാണ്.

രാജാവു അവരോടു, ''എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തതോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു'' എന്നു അരുളിച്ചെയ്യും.

Parkal
(Via) Kazipet C. Ry,
18-10-'56.

റവ. ററി. എം. തോമസ്
മിക്ക്യനറി.

ഈ മാസം ഇവിടെ ലഭിച്ച സംഭാവനകൾക്കുവേണ്ടി ഞങ്ങൾ കൃതജ്ഞതയുള്ളവരായിരിക്കുന്നു.

മിസ്സസ്സ് മറിയാമ്മ ഇടിക്കുള, തൊട്ടപുഴ, കുട്ടികൾക്കു ഒരു സദ്യ നല്കുന്നതിനുവേണ്ടി 25 ക., ഡോ. മിസ്സ് ഇ. മുമ്മൻ ഗ്രണ്ടർ, ബോർഡിങ്ങുകുട്ടികൾക്കുവേണ്ടി 24 ക., മാതുസംഘം ഒമ്മല, ഉപ്പേട്ടി ജോൺ എന്ന കുട്ടിക്കു പുതപ്പും മറ്റും വാങ്ങുന്നതിനു 15 ക., മിസ്സസ്സ് കുഞ്ഞമ്മ ചാക്കോ, കറിക്കാട്ടർ, ബോർഡിങ്ങുകുട്ടികൾക്കു 10 ക, മിസ്സസ്സ് കുഞ്ഞമ്മ മത്തായി നെടുങ്ങാടപ്പള്ളി, ബി. ജകറിയായ്ക്കു ഉടുപ്പിനു് 5 ക., റവ. എം. എം. ജോൺ, കുട്ടികൾക്കു ഭക്ഷണത്തിനു 6 ക., മിസ്റ്റർ ഇ. വി. ജോജ്ജ്, ബീഹാർ, പറകാൽമിക്ക്യനറി 5 ക., മിസ്സസ്സ് മറിയാമ്മ ചാക്കോ, നെടുങ്ങാടപ്പള്ളി, 5 ക., മിസ്സസ്സ് തങ്കമ്മ അബ്രഹാം, നല്ലാനിക്കുന്നു 5 ക., മിസ്റ്റർ എം. സി. ചാക്കോ East Africa പറകാൽ ചിപ്പിഫണ്ടു് 75 ക.

Rev. T. M. THOMAS

പറ്റ്പാറാ മിഷ്യൻ

പ്രിയ സ്നേഹിതരേ,

വിവിധ അനുഭവങ്ങളിൽക്കൂടി കടന്നു വന്ദ്യൻ പ്രാപിച്ച മോശെയ്ക്കു തന്റെ ജീവിതത്തിന്റെ അന്ത്യദശയിൽ യിസ്രായേൽ മക്കളോടുള്ള ഉപദേശങ്ങളിൽ ഒന്ന് 'പൂർവ്വദിവസങ്ങളെ ഓർക്കുക' എന്നുള്ളതായിരുന്നു. വ്യക്തിപരമായും കൂട്ടമായും ഞങ്ങളെ പ്രത്യേകസ്ഥാനത്തേക്കും ശുശ്രൂഷയ്ക്കും വിളിച്ചാക്കിയ ദിവസങ്ങളെ ഓർക്കുന്നതിനുള്ള അവസരങ്ങൾ ഞങ്ങൾക്കു ഓരോരുത്തർക്കും ഈ അടുത്ത ദിവസങ്ങളിൽ ലഭിച്ചു. പറ്റ് പാറയിലെ പ്രവർത്തനം ആരംഭിച്ചിട്ട് രണ്ടു വർഷം തികയുകയാണല്ലോ. ഈ സന്ദർഭത്തിൽ നമ്മെ വ്യക്തിപരമായും സംഘടനകളായും മഹാ ഇടവകയായും ദൈവരാജ്യപ്രവർത്തനത്തിനായി പുതുതായി സമർപ്പിക്കാം. പറ്റ് പാറയിലെ വേലയെയും, അതിന്റെ വളർച്ചയെയും, അതിന്റെ ആവശ്യങ്ങളെയും മനസ്സിലാക്കി വേണ്ട സഹായങ്ങൾ നല്കുന്നതിനു നമുക്കു ഓരോരുത്തർക്കും തീരുമാനിക്കാം. വളരെ ഫലം പുറപ്പെടുവിക്കത്തക്കവണ്ണം ശ്രദ്ധയോടുകൂടിയ പ്രാർത്ഥനകൾ ഉയരേണ്ടുന്ന സന്ദർഭമാകുന്നു ഇതു്. മിക്കുന വയലുകളിൽ വേണ്ടപോലെ ഫലം കാണാത്തതു അവിടത്തെ പ്രവർത്തകരുടെ കുറവുകൊണ്ടുമാത്രമാണെന്നു വിചാരിക്കാതെ എല്ലാവരും താല്പര്യപൂർവ്വം വേലയിൽ ദൈവാത്മാവിന്റെ വ്യാപാരം ശക്തിയോടെ പകരപ്പെടേണ്ടതിനായി പ്രാർത്ഥിക്കാം. വ്യക്തികളിലും വേനങ്ങളിലും ക്രിസ്ത്യാനികളിലും ക്രിസ്തേതരരിലും ക്രിസ്തുവിനു ഇടം കൊടുക്കാതവണ്ണം സാത്താൻ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണു എന്നുള്ളതു ആരും മറക്കരുതു്. കോളറ, മസൂരി മുതലായ പകച്ചുവ്യാധികളാലും സാത്താനിലും തന്റെ സൈന്യത്തിലുമുള്ള മൂഢവിശ്വാസത്താലും തങ്ങളുടെ മതത്തിലും ആചാരങ്ങളിലുമുള്ള സ്വയനീതിയാലും അടിയുറച്ചു ജനങ്ങൾ വലഞ്ഞുകൊണ്ടിരിക്കുന്നു. "രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം' എന്നുള്ള വിളി ഈ പ്രദേശത്തെ ജാതികളിൽനിന്നും ഒന്നു ഉയർന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ബന്ധിക്കപ്പെട്ടിരിക്കുന്ന വാതിലുകൾ തുറക്കുന്നതിനായി നമുക്കു പ്രാർത്ഥിക്കാം.

സുവിശേഷത്തിന്റെ ആവശ്യബോധം പൊതുവെ ജനങ്ങളിൽ കുറഞ്ഞുവരുന്നുവെങ്കിലും അധികം ശക്തിയോടെ പ്രസംഗിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. വ്യക്തികളോടും കൂട്ടങ്ങളോടും സുവിശേഷം പറയുവാൻ എത്രയും അവസരങ്ങൾ ഉപയോഗിക്കുന്നുണ്ട്. ചന്തസ്ഥലങ്ങളിൽ പോയി ക്രിസ്തുവിനെ സാക്ഷിക്കുന്നതിനും വേദഭാഗങ്ങൾ വിതരണം ചെയ്യുന്നതിനും ശ്രമിക്കുന്നു.

ദൈവരാജ്യത്തിന്റെ വേലയിൽ എത്ര അധികംപേർക്കു താല്പര്യം ഉണ്ടെന്നു മനസ്സിലാക്കുവാൻ പുതിയ പുതിയ അവസരങ്ങൾ ഞങ്ങൾക്കു ലഭിക്കുന്നുണ്ട്. ക്രൈസ്റ്റ്റ്റ ചർച്ചു സ്കൂൾ ജബൽപൂരിൽനിന്നു അവിടത്തെ അദ്ധ്യാപികമാരും, എസ്സ്. സി. എം. പ്രവർത്തനത്തിൽ ഇരിക്കുന്ന മിസ്സ്. ലൂസിബേർട്ടും എസ്സ്. സി. എം. സെക്രട്ടറിയും കഴിഞ്ഞ ആഴ്ച ഇവിടെവന്നു ഞങ്ങൾക്കു കൂട്ടായ്മ നല്കി തിരിച്ചുപോയി. അതുപോലെയുള്ള സന്ദർശനങ്ങൾ നിശ്ചയമായും മിഷ്യന്റെ നന്മയ്ക്കായി തീരുമെന്നുള്ളതിനു സംശയമില്ല.

മഴക്കാലം തീർന്നു തണുപ്പുകാലം ആരംഭിച്ചു. കടുക വിതച്ചുകൊണ്ടിരിക്കുന്നു. നെല്ലു താമസിയാതെ കൊയ്യും. എല്ലാവരിന്മേലും അനുഗ്രഹം ഉണ്ടാകുന്നതിനായി പ്രാർത്ഥിക്കണമെ.

എന്നു്

പറ്റ്പാറമിഷ്യനറിമാർ.

Mission House,
Patpara P. O.,
Mandla, M. P.
4th Oct., 1956.

ഓർഗൻ വില്പാനുണ്ട്

റോസ് കമ്പനിയാൽ നിർമ്മിതവും പൂണ്ണക്രമത്തിൽ ഉപയോഗത്തിലിരിക്കുന്നതും ഭംഗിയുള്ള ഒരു തടി കവറിനാൽ സുരക്ഷിതവുമായ ഒരു ബേബി ഓർഗൻ വില്പനയ്ക്കുണ്ട്. വില മുന്നൂറു രൂപാ ആശിക്കുന്നു. കൂടുതൽ വിവരങ്ങൾക്കു താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

വികാരി,
സെൻറ് മാർക്സ് സി. എസ്സ്. ഐ. പള്ളി,
ഒളശ്ശ P. O.
തെക്കെ കേരളം.

ഓണവാര സുവിശേഷപ്രവർത്തനങ്ങൾ

[കഴിഞ്ഞ ലക്കം മാസികയിൽ സ്ഥലപരിമിതിയാൽ പ്രസിദ്ധീകരിക്കുവാൻ സാധിച്ചില്ല. Ed.]

മൂലേടം യൂത്തുലിഗ

ആഗസ്റ്റ് 26നു ഞായറാഴ്ച രാവിലെ 114 പേരടങ്ങിയ ഒരു സംഘം ഒരു ബോട്ടിൽ യാത്രചെയ്തു കരുമാടിയിൽ എത്തി ആരാധനയിൽ സംബന്ധിച്ചു. അതിനുശേഷം അവിടത്തെ ജനങ്ങളുമൊന്നിച്ചു സ്ഥലം ചന്തസ്ഥലത്തെത്തി ഒരു പരസ്യയോഗം നടത്തി. ശ്രീമാന്മാരായ പി. വി. വറുഗീസു, പി. പി. ജോൺ, വിദ്വാൻ റവ. ഐ. ജോൺ എന്നിവർ ആത്മികോത്തേജനം നല്കുന്ന പ്രസംഗങ്ങൾ ചെയ്തു. ഏഴു മണിയോടുകൂടെ സന്തോഷകരവും ഫലപ്രദവുമായ ഒരു വേല നടത്തിയതിനുശേഷം മടങ്ങിയെത്തി. ബോട്ടിന്റെ ചെലവു മുഴുവനും മി. എൻ. സി. ശമുവേലും, മൈക്കിന്റെ ചെലവിൽ ഗണ്യമായ ഒരംശം മി. പി. എ. മത്തായിയും വഹിച്ചു എന്നതു പ്രത്യേകം പ്രസ്താവ്യമാണ്. ഈ വിധത്തിലുള്ള പ്രവർത്തനങ്ങൾ മേലിലും ചെയ്യുവാൻ ദൈവം സഹായിക്കട്ടെ.

N. C. PHILIP.

പൂവത്തൂർ ഇടവക.

ആഗസ്റ്റ് 2, 9 ഈ തിയ്യതികളിൽ പ്രത്യേക കരുക്കയോഗങ്ങൾ നടത്തിയതിനു ശേഷം 19നു ഞായറാഴ്ച ഉച്ചകഴിഞ്ഞു അയിരാകാവിൽ നടത്തിയ പരസ്യയോഗത്തോടുകൂടെ ഓണവാരവേലയാരംഭിച്ചു. മൻകൂട്ടി നിശ്ചയിച്ചതനുസരിച്ചു എല്ലാ ദിവസവും രാവിലെ ഒരു കേന്ദ്രത്തിൽ കൂടി പ്രാർത്ഥനയ്ക്കുശേഷം ഭവനസന്ദർശനം നടത്തി. ഉച്ചയ്ക്കു വീണ്ടും ഒരുമിച്ചു കൂടി പ്രാർത്ഥന, ഭക്ഷണം ഇവകഴിഞ്ഞു പരസ്യയോഗസ്ഥലത്തേക്കു ജാഥായായി പോയി യോഗം നടത്തുക പതിവായിരുന്നു. ഇങ്ങനെ അഞ്ചോ ആറോ കേന്ദ്രങ്ങളിലായി 215 ക്രൈസ്തവഭവനങ്ങളും 71 ക്രൈസ്തവഭവനങ്ങളും സന്ദർശിക്കുകയും ആയിരത്തോളം ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു.

ഈ രീതിയിലുള്ള ഒരു പ്രവർത്തനം ക്രിസ്തുമസ്സ് അവധിക്കാലത്തും, കാഞ്ഞിരംപാറ, ചേന്നൻകുഴി ഈ സ്ഥലങ്ങളിൽ ഒരു പ്രത്യേക വേല എല്ലാ മൂന്നാം ഞായറാഴ്ചയും നടത്തണമെന്നു തീരുമാനിച്ചു.

ഒ. സി. കോശി.

[ശേഷം കവർ 2-ാം പേജിൽ]